
# ALAPATT KAKKAPPAN MOOTHAR

*Family Fraternity*



**"WHO IS WHO"** (1789-1989) **KATTOOR**

# ALAPATT KAKKAPPAN MOOTHAR

*Family Fraternity*

# Bicentenary Celebrations

**at St. Xavier's Church Premises**

**Karanchira**

**on 11-11-1989**

**1789 - 1989**

228

## EDITORIAL BOARD

**CO-ORDINATOR**

Rev. Fr. PAUL ALAPATT

**MEMBERS**

Dr. A. K. GEORGE

Sri. JOSEPH ALAPATT

Shri. A. P. DEVASSIKUTTY

Prof. A. M. VARGHESE

Sri. A. F. SUNNY

**EDITOR**

Prof. A. I. THOMAS


11-11-1989

---


**PRINTED AT :**

ST. JOSEPH'S I. S. PRESS, TRICHUR

PROCESSING : SANKAR BLOCKS


---

(For Private Circulation Only)



**His Holiness Pope John Paul II**

## പാവനസ്മരണയ്ക്ക്




**Rt. Rev. Dr. George Alapatt Phd., D. D.**

LATE BISHOP OF TRICHUR

Details please see page No. 31 Code No. 1294

Grams : Cardinal
**CARDINAL ANTONY PADIYARA**
Archbishop of Ernakulam

Phone : 352629
Cardinal's House
Post Bag No. 2580
Ernakulam, Cochin - 682 031
Kerala, India
20-10-1989



Rev. Fr. Paul Alapatt,
Co-Ordinator,
Alapatt Kakkappan Moothar Bi-centenary
Celebration Committee, Trichur - 5

Dear Fr. Alapatt,

It is with gladness that I hear from you that you are planning to bring out a "WHO IS WHO" depicting the genealogical history of Alapatt family and giving the bio-data of its members. I am glad to wish the venture all success.

I hope that this venture will be helpful to highlight the prestige of Alapatt family and at the same time provide a model and source of inspiration for many other Syrian Christian families. It is most fitting that this publication is to be released on the auspicious occasion of the bicentenary of the advent of your Progenitor, Kakkappan Moothar. May the Lord bless your undertakings for the welfare of the family members.

I am happy to know of the Bi-centenary Celebrations and wish them every success.

With fraternal regards,

Yours sincerely in Our Lord,
Sd/-

Archbishop of Ernakulam

**Msgr. JOSEPH KUNDUKULAM**
Bishop of Trichur

Phone : 20055
Bishop's House
Trichur - 680 005
Kerala, India

22-10-'89



പ്രിയ

ആലപ്പാട്ടുകുടുംബത്തിന്റെ ഒരു കുടുംബചരിത്രം രചിക്കപ്പെടുന്നു എന്നറിയുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. സുറിയാനികത്തോലിക്കാസമുദായത്തിലെ പുരാതനവും കുലീനവുമായ ഒന്നാണല്ലോ ആലപ്പാട്ടുതറവാടു്. ഈ തറവാട്ടിലെ മൂത്ത കാരണവരായ ''കാക്കപ്പൻ മൂത്താർ'' 1789_ൽ കാട്ടൂരിൽ താമസമാക്കിയതിന്റെ രണ്ടാം ശതാബ്ദിയാഘോഷത്തോടനുബന്ധിച്ചാണു് ഈ കുടുംബചരിത്രം രചിക്കപ്പെടുന്നതു് എന്ന വസ്തുത ഈ സംരംഭത്തിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുന്നു.

കരാഞ്ചിറ, ഇടത്തുരുത്തി എന്നീ പ്രദേശങ്ങളിലേയ്ക്കും പില്ക്കാലത്തു വ്യാപിച്ച മൂത്താരുടെ സന്താനപരമ്പര ഇന്നു നാനാദേശങ്ങളിൽ വിവിധതുറകളിൽ പ്രവത്തിച്ചുവരുന്നു. അവർ സഭയ്ക്കും സമുദായത്തിനും മഹത്തായ സേവനങ്ങൾ കാലാകാലങ്ങളിൽ ചെയ്തിട്ടുള്ളവരാണ്. ഇടത്തുരുത്തി, കരാഞ്ചിറ, വാടച്ചിറ എന്നിവിടങ്ങളിലെ പള്ളികളുടെ നിർമ്മാണത്തിൽ സിംഹഭാഗവും ഇവരുടെ പരിശ്രമമാണ്. ഈ കുടുംബത്തിൽനിന്നുണ്ടായിട്ടുള്ള വൈദികരും സന്ന്യാസിനീസന്ന്യാസികളും പ്രശസ്തമായ സഭാസേവനം കാഴ്ചവെച്ചിട്ടുള്ളവരാണ്. കാട്ടൂരിലെ സർക്കാർ ആശുപത്രി, കാട്ടൂർ പോംപെ സെൻറ് മേരീസ് ഹൈസ്ക്കൂളും, കരാഞ്ചിറ സെൻറ് സേവിയേഴ്സ് ഹൈസ്ക്കൂളും എന്നിവ ഈ കുടുംബത്തിൻെറ സംഭാവനയാണ്. പഴയ തൃശ്ശൂർരൂപതയുടെ 1904മുതൽ 1920വരെയുണ്ടായിരുന്ന വികാരിജനറാൾ ഈ കുടുംബത്തിൽനിന്നായിരുന്നു. ഇന്നു സൗത്ത് ഇന്ത്യൻബാങ്ക്, കാത്തലിക്ക് സിറിയൻ ബാങ്ക് എന്നിവയുടെ ജനറൽമാനേജർമാർ, തൃശ്ശൂർ സെൻറ് തോമസ് കോളേജ്, ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജ് എന്നിവയുടെ പ്രിൻസിപ്പൽമാർ എന്നിവർ ഈ കുടുംബത്തിലെ അംഗങ്ങളാണ്.

ഈ രണ്ടാം ശതാബ്ദിയാഘോഷവും അതോടനുബന്ധിച്ചു പുറപ്പെടുവിക്കുന്ന കുടുംബചരിത്രവും ഇന്നുള്ളവക്കും അടുത്ത തലമുറകൾക്കും പ്രചോദനമാകട്ടെയെന്നു ഞാൻ ആശംസിക്കുകയും എല്ലാ കുടുംബാംഗങ്ങൾക്കും അനുഗ്രഹാശിസ്സുകൾ നേരുകയും ചെയ്യുന്നു.

എന്നു്

മിശിഹായിൽ സസ്നേഹം

Sd/-

Bishop of Trichur

To

Mr. A. F. Sunny
Secretary
Alapatt Kakkappan Moothar
Bicentenary Celebration Committee
IV/279 Youngshine Road
Chelakottukara, Trichur - 680 005

**BISHOP JAMES PAZHAYATTIL**
Diocese of Irinjalakuda

Phone : 2830
BISHOP'S HOUSE
Irinjalakuda - 680121
Kerala, India

9-10-'89




''ആലപ്പാട്ടു കാക്കപ്പൻമൂത്താർദ്വിതീയശതാബ്ദി''യോടനുബന്ധിച്ച് ഒരു വ്യക്തിചരിതം (WHO IS WHO) പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ സന്തോഷിക്കുന്നു. 1789-ൽ അന്നത്തെ പ്രത്യേകസാഹചര്യത്തിൽ, കാട്ടൂർപ്രദേശത്തു കാക്കപ്പൻമൂത്താർ താമസമാക്കിയതും തുടന്നു തന്റെ വംശാവലിയുമായി ബന്ധപ്പെട്ട് ഏറെ കുടുംബങ്ങൾ ആലപ്പാട്ടുതറവാട്ടുകാരായി വളരാനും വികസിക്കാനും കഴിഞ്ഞതും അനന്തരതലമുറയ്ക്ക് അനുസ്മരിക്കേണ്ട കാര്യമാണ്. തറവാടിന്റെ അടിത്തറ ഉറപ്പിക്കുക, കുടുംബങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുക, കുടുംബചരിത്രം വ്യക്തിചരിത്രത്തിലൂടെയെങ്കിലും വരുംതലമുറയ്ക്കു കൈമാറുക — ഈ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒന്നുചേരലും ആചരണവും സ്മരണികാപ്രകാശനവും തികച്ചും ഉചിതമാണ്. ഈ സംരംഭത്തിനു സർവ്വവിജയവും ആശംസിക്കുന്നു.

കഴിഞ്ഞ ഇരുനൂറു വഷ്ങ്ങൾക്കുള്ളിൽ സഭയ്ക്കും സമുദായത്തിനും നാടിനും മഹത്തായ സേവനങ്ങൾ കാഴ്ചവെയ്ക്കുവാൻ മൂത്താരുടെ കുടുംബപരമ്പരയ്ക്ക് — ബന്ധപ്പെട്ട ആലപ്പാട്ടു തറവാട്ടുകാർക്കു കഴിഞ്ഞുവെന്നതു് അഭിമാനകരമാണ്. ദേവാലയങ്ങൾ പടുത്തുയർത്തുവാനും, വിദ്യാലയങ്ങൾ നടത്തുവാനും വേറേയും സേവനതുറകൾ വിജയിപ്പിക്കുവാനും ഇവർക്കു കഴിഞ്ഞിട്ടുണ്ട്. വൈദികാന്തസ്സിലേയ്ക്കും സമർപ്പിതജീവിതത്തിലേയ്ക്കും ഈ തറവാട്ടിൽ പലരുമുണ്ടായെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. പഴയ തൃശ്ശൂർരൂപതയുടെ വികാരിജനറൽസ്ഥാനവും കലാലയങ്ങളുടെ പ്രിൻസിപ്പൽസ്ഥാനവും ബാങ്കുകളുടെ ജനറൽ മാനേജർസ്ഥാനവും ഈ കുടുംബങ്ങളിൽ നിന്നുള്ളവർ വഹിക്കുവാനിടയായിട്ടുണ്ട്. സമൂഹത്തിന്റെ വേറേയും സേവനരംഗങ്ങളിൽ പ്രാഗത്ഭ്യം പ്രകടമാക്കുവാൻ മററു ചിലർക്കു സാധിച്ചിട്ടുള്ളതും ശ്ലാഘനീയംതന്നെ.

അഭിമാനകരമായ നേട്ടങ്ങളിൽ ആഹ്ളാദിക്കാം; കോട്ടങ്ങൾ ഏതെങ്കിലും രംഗത്തുണ്ടായിട്ടുണ്ടെങ്കിൽ തിരുത്താം; കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെ സഭയ്ക്കും സമൂഹത്തിനും നന്മ കൈവരുത്താം. സനാതനമൂല്യങ്ങൾ പരിരക്ഷിച്ചും വിശ്വാസം ജീവിച്ചും സ്നേഹം പ്രാവർത്തികമാക്കിയും പ്രത്യാശ പകർന്നും ജീവിതം ദൈവത്തിന്റേയും മനുഷ്യന്റേയും മുമ്പിൽ ധന്യമാക്കാൻ ഈ ആലപ്പാട്ടുതറവാട്ടിലെ ഓരോ അംഗത്തിനും സാധിക്കട്ടെ.

ഏവർക്കും പ്രാർത്ഥനാപൂർവ്വം അനുഗ്രഹാശിസ്സുകളും മംഗളാശംസകളും നേരുന്നു.

ഒപ്പ്

മാർ ജെയിംസ് പഴയാററിൽ

ഇരിങ്ങാലക്കുടമെത്രാൻ

# കുടുംബത്തിലെ ഏററവും പ്രായംചെന്ന കാരണവരിൽനിന്ന് ഒരു വാക്ക്



പ്രിയ മക്കളേ,

''നമ്മുടെ കുടുംബത്തിന്റെ മുഖമുദ്രയായ ദൈവവിശ്വാസം, സത്യസന്ധത, ആത്മാർത്ഥത, പരസ്നേഹം, കുലീനത്വം, കഠിനാദ്ധ്വാനം എന്നിവയെ മുറുകെപ്പിടിച്ച് ജീവിതത്തിൽ സുധീരം മുന്നേറുക.''

എ. സി. പൗലോസ്
ഇല്ലിക്കാട്ട്, കാട്ടൂർ

---

# ഇളംതലമുറയ്ക്കൊരു സന്ദേശം



A. P. Mathew, B. A.

സ്നേഹമുള്ള മക്കളേ, കൊച്ചുമക്കളേ,

നമ്മുടെ കുടുംബത്തിൽ നടക്കുന്ന ചരിത്രസംഭവമെന്നുതന്നെ പറയാവുന്ന ഈ ഒത്തുചേരലിന്റെ നിമിഷത്തിൽ, നിങ്ങൾക്കു തരാനുള്ള എന്റെ സന്ദേശം ഒന്നുമാത്രം. നമ്മുടെ പൂർവ്വികന്മാർ ഞങ്ങളിലൂടെ നിങ്ങൾക്കു കൈമാറിത്തന്നിട്ടുള്ള അഭിമാനകരമായ പൈതൃകം കെടാതെ കാത്തുസൂക്ഷിക്കുക. സമൃദ്ധമായ ദൈവാനുഗ്രഹംകൊണ്ടു ഞങ്ങളുടെ മുൻതലമുറക്കാർ കാണിച്ചുതന്ന പാന്ഥാവിലൂടെ ചലിച്ച്, ആത്മീയത കൈവിടാതെ, ഭൗതികതയെ അതിനോടു സമന്വയിപ്പിച്ച്, നല്ല ജീവിതത്തിന്നാസ്പദമായ കെട്ടുറപ്പുള്ള കുടുംബബന്ധങ്ങൾക്ക് അടിത്തറ പാകാൻ എന്റെ തലമുറക്കാർക്കു കഴിഞ്ഞതായി ഞങ്ങൾ അഭിമാനിക്കുന്നു. ഞങ്ങളുടെ തൊട്ടുതാഴെയുള്ള തലമുറ – ഇന്ന് ഒരു മുപ്പത്തഞ്ചിനും അമ്പത്തഞ്ചിനും ഇടയ്ക്കു പ്രായമുള്ള ഞങ്ങളുടെ മക്കൾ — ആ അടിത്തറകളിന്മേൽ സൗധങ്ങൾ തീർത്തുകാണുന്നതിൽ ഞങ്ങൾ ചാരിതാർത്ഥ്യം കൊള്ളുന്നു. ഇനി പന്തു ഞങ്ങളുടെ കൊച്ചുമക്കളായ ഇന്നത്തെ ഇളംതലമുറയുടെ കളത്തിലാണ്. കുടുംബത്തിന്റെ പാരമ്പര്യം കൈവിടാതെ, പുതിയ മേഖലകളിലേയ്ക്കു് അതു പടുത്തുയർത്തുവാൻ വേണ്ട കരുത്തു നിങ്ങൾക്കു സർവ്വേശ്വരൻ നല്കട്ടെ. അതിനുള്ള പ്രചോദനം നിങ്ങൾക്ക് ഈ ഒത്തുചേരലിൽനിന്നും നമ്മുടെ ദ്വിശദാബ്ദിസ്മരണികയിൽനിന്നും ലഭിക്കുമാറാകട്ടെ. നമ്മുടെ ഈ കുടുംബസാഹോദര്യം (Alapatt Family Fraternity) അക്ഷരാർത്ഥത്തിൽ തന്നെ എല്ലാ കാലത്തും നിലനില്ക്കാനിടവരട്ടെ. നിങ്ങൾക്കെല്ലാവർക്കും, കടന്നുപോകുന്ന തലമുറയിൽപ്പെട്ട എല്ലാവരുടേയുംപേരിൽ, സർവ്വമംഗളാശംസകളും.

എ. പി. മാത്യു

# Alapatt Kakkappan Moothar Family Names of Rev: Fathers and Rev: Sisters

| | Code No. | | Code No. |
|---|---|---|---|
| Sr. Anasthasia | 1113111 | Sr. Mary Ugin | 121161241 |
| Sr. Lourd | 1113112 | Sr. Phosthena | 121811 |
| Sr.Kunjilakutty | 1113113 | Sr. Mary | 1218133 |
| Fr. Francis | 1115 | Sr. Sabastina | 121814 |
| Sr. Thiyodara | 11161 | Sr. Grasia | 121815 |
| Sr. Thiyodhara | 151611 | Sr. Rosa | 121841 |
| Sr. Rubina | 1116123 | Fr. Francis | 1218461 |
| Sr. Shanthal | 1116125 | Sr. Mary | 121856 |
| Fr. Kunjippalu | 11163 | Sr. Fulkkaria | 12188 |
| Sr. Anasthasia | 121111 | Sr. Ruby | 121876 |
| Fr. Davassy | 121115 | Sr. Mariyam Thressia | 1295 |
| Sr. Sosa | 1211129 C | Sr. Clothilda | 1297 |
| Sr. Clothilda | 1211131 | Fr. Casmir | 124432 |
| Sr. Thressia | 1211133 | Fr. Reginol | 124433 |
| Sr. Michal | 1211138 | Sr. Lidhiya | 124437 |
| Sr. Corona | 12111262 | Sr. Liyonsia | 124438 |
| Sr. Viyani | 12111262 | Sr. Acasia | 124439 |
| Sr. Thressia | 12111263 | Sr. Eustica | 1244142 |
| Sr. AniBasand | 12111264 | Sr. Angila | 1244144 |
| Sr. Dora | 12111266 | Sr. Alex | 1244145 |
| Sr. Regi | 12111267 | Sr. Godfree | 1244153 |
| Sr. Mary | 12111414 | Fr. Paul Alapatt | 1244154 |
| Fr. Sthok | 12113 | Sr. Claret | 1244155 |
| Sr. Angile | 1211416 | Sr. Bertilia | 1244156 |
| Sr. Mariyani | 1211613 | Fr. Vincent | 1244175 |

# വിഷയസൂചിക


| | | പേജ് |
|---|---|---|
| 1 | ആലപ്പാട്ട കാക്കപ്പൻമൂത്താർ കുടുംബചരിത്രം | 1 |
| 2 | Alapatt Kakkappan Moothar family history | 5 |
| 3 | ആലപ്പാട്ട കാക്കപ്പൻമൂത്താരുടെ കുടുംബഇടവകകൾ | 7 |
| 4 | ആലപ്പാട്ടുകുടുംബത്തിലെ നിയമസാമാജികർ | 12 |
| 5 | വ്യക്തിചരിതം – പ്രസാധകക്കുറിപ്പ് | 13 |
| 6 | ആലപ്പാട്ടുകുടുംബം അഞ്ചാം തലമുറവരെ | 15 |
| 7 | ആലപ്പാട്ടുകുടുംബം ആറുമുതൽ ഒമ്പതുവരെയുള്ള തലമുറ | 33 |
| 8 | Kattoor Village Decades of Growth | 8—1 |
| 9 | ആലപ്പാട്ട കാക്കപ്പൻമൂത്താരുടെ ഇരുപത്തുപതിററാണ്ടു ആഘോഷകമ്മററി സെക്രട്ടറി റിപ്പോർട്ട് | 9—1 |
| 10 | മുനയത്തു് ആലപ്പാട്ടുകുടുംബം | 10—1 |
| 11 | കാട്ടൂർ (കൈതത്തറ) ആലപ്പാട്ടുകുടുംബം | 11—1 |
| 12 | ALAPATT FAMILY CONNECTIONS | 12—1 |

# ആലപ്പാട്ടു കാക്കപ്പൻമൂത്താർ കുടുംബചരിത്രം


കേരളകത്തോലിക്കാസുറിയാനിസമുദായത്തിൽ ആളിലും അർത്ഥത്തിലും സാമൂഹ്യവും അധ്യാത്മീയവുമായ സേവനത്തിലും ചിരകാലമായി മുന്നണിയിൽ നിന്നുപോരുന്ന ഒരു തറവാടാണ് ആലപ്പാട്ടുകുടുംബം. പുരാതനകാലംമുതൽ ഈ കുടുംബം ആമ്പക്കാട്ട്, അയ്യന്തോൾ എന്നീ സ്ഥലങ്ങളിലാണ് സ്ഥിതിചെയ്തിരുന്നത്. ഈ കുടുംബത്തിന്റെ ഇടവക ഏനാമ്മാവുപള്ളിയുമായിരുന്നു. 18_ാം നൂററാണ്ടിന്റെ മധ്യത്തിൽ ജീവിച്ചിരുന്ന ആലപ്പാട്ടു കാക്കപ്പൻ എന്ന വ്യക്തിക്കു രണ്ടു വിവാഹത്തിലായി ഉണ്ടായിരുന്ന മക്കളിൽ രണ്ടാംവിവാഹത്തിലെ ഒരു മകനു കാക്കപ്പൻ എന്നുതന്നെയായിരുന്നു പേർ. ഇദ്ദേഹമാണ് പിന്നീടു കാട്ടൂരിൽ വേരൂന്നിയ ആലപ്പാട്ടുകുടുംബത്തിന്റെ പ്രപിതാമഹൻ.

1789_ലാണ് ടിപ്പുസുൽത്താൻ തന്റെ തെക്കോട്ടുള്ള പടയോട്ടത്തിനിടയ്ക്കു കൊച്ചിരാജ്യത്തിൽ പ്രവേശിച്ചത്. ശ്രീ. കെ. പി. പത്മനാഭൻപിള്ളയുടെ 'കൊച്ചിരാജ്യചരിത്രം' രണ്ടാം പുസ്തകത്തിൽ, 1789 ഡിസംബർമാസം 14_ാംനു- ടിപ്പുസുൽത്താൻ തൃശ്ശിവപേരൂരിലെത്തി എന്നു പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുതപടയോട്ടക്കാലത്തു മേൽപ്രസ്താവിച്ച കാക്കപ്പൻ തന്റെ ഇളംകുടിമകൻ കാക്കപ്പനോടുകൂടി തെക്കോട്ടു തിരുവിതാംകൂറിലേയ്ക്കു പലായനംചെയ്യുകയും കുറച്ചുകാലത്തേയ്ക്കു തിരുവനന്തപുരത്തു കഴിച്ചുകൂട്ടുകയും ചെയ്തതായി അറിയപ്പെടുന്നു, (പോൾ ഡി. ആലപ്പാട്ട്, വി. യൗസേപ്പിന്റെ ശെമഓൻ ശ്ലീഹാക്കച്ചേൻ–കുറിപ്പ് 1955). അവിടെവെച്ചു പിതാവു ചരമം പ്രാപിക്കുകയും അതിനുശേഷം മകൻ കാക്കപ്പൻ വടക്കൻപ്രദേശങ്ങളിലേയ്ക്കുതന്നെ മടങ്ങുകയും ചെയ്തു. കാട്ടൂരെത്തിയ കാക്കപ്പൻ അവിടെ പൗരപ്രധാനിയായ പാലത്തിങ്കൽ കുഞ്ഞിപ്പാലു അന്തോണിയുടെ മകളായ താണ്ടമ്മയെ വിവാഹം കഴിച്ചു. കാട്ടൂർ 'തേക്കുംമൂല' എന്ന സ്ഥലത്തു വീടു വെച്ച് ഈ ദമ്പതികൾ താമസമാക്കി. കഠിനാധ്വാനിയും ഉത്സാഹിയുമായ കാക്കപ്പൻ ദൈവാനുഗ്രഹത്താൽ താമസിയാതെതന്നെ ധനികനും പൗരപ്രധാനിയുമായി വളർന്നു. ക്രമേണ, അക്കാലത്തു പൗരമുഖ്യർക്കു നല്കിവരാറുള്ള ''മൂത്താർ'' എന്ന സ്ഥാനപ്പേരിനും കാക്കപ്പൻ അർഹനായി. അങ്ങനെ അദ്ദേഹം കാക്കപ്പൻമൂത്താർ എന്നറിയപ്പെടുവാൻ തുടങ്ങി. ശ്രീ. ആലപ്പാട്ടു കാക്കപ്പൻമൂത്താരുടെയും അപ്പന്റെയും ഓർമ്മയ്ക്കായുള്ള മരണാനന്തരകുർബ്ബാനയ്ക്കു വെച്ചിട്ടുള്ളതിന്റേയും മററും രേഖകൾ 1500 കൊല്ലം പഴക്കമുള്ള ഏനാമ്മാവുപള്ളിയുടെ ചുമർലിഖിതങ്ങളിൽ ഇന്നും കാണാവുന്നതാണ്.



14-12-1789-ൽ ടിപ്പുസുൽത്താൻ തൃശ്ശൂരിൽ സ്ഥാപിച്ച സ്തംഭം


പിന്നീടു കാക്കപ്പൻമൂത്താർ ഏനാമ്മാവുപള്ളിയിൽനിന്ന് ഇടവക തിരിഞ്ഞു കാട്ടൂർപ്രദേശം ഉൾക്കൊണ്ടിരുന്ന എടത്തിരുത്തി ഇടവകയിൽ അംഗമായി ചേർന്നു. അധികം വൈകാതെ അദ്ദേഹം തന്റെ പിതാവിന്റെ ആദ്യവിവാഹത്തിലുണ്ടായിരുന്ന രണ്ടു സഹോദരന്മാരെ ആമ്പക്കാട്ടുനിന്നു കൊണ്ടുവന്നു കരാഞ്ചിറ, മുനയം എന്ന സ്ഥലത്തു താമസിപ്പിച്ചു. ഇവരുടെ പിൻതുടർച്ചക്കാരാണ് 'മുനയത്ത് ആലപ്പാട്ടുകാർ' എന്നറിയപ്പെടുന്ന ആലപ്പാട്ടുകുടുംബത്തിന്റെ മറെറാരു ശാഖയിൽപ്പെട്ടവർ—പട്ടിക B.



ഏനാമ്മാവ് പള്ളിയിലെ ചുമർ ലിഖിതം (—→ മാർക്ക്) ആലപ്പാട്ട് കാക്കപ്പൻ

കാക്കപ്പൻമൂത്താർക്ക് ഔസേപ്പ്, അന്തോണി, പൊറിഞ്ചുണ്ണി എന്നു മൂന്ന് ആൺമക്കൾ ഉണ്ടായിരുന്നു. ഇവർക്കു പ്രായപൂർത്തിയായപ്പോൾ ഔസേപ്പിനെ കാട്ടൂരിലും (ഇപ്പോൾ ഡോ. എ. ഐ. ജോർജ്ജിന്റെ പുതിയ വീട് ഇരിക്കുന്ന സ്ഥാനത്തുണ്ടായിരുന്ന പഴയ വീട്ടിൽ) അന്തോണിയെ തേക്കുംമൂലയിലെ തറവാട്ടിലും (ഇപ്പോൾ പാനികുളം ശ്രീ. ജോസ്, സൗത്ത് ഇൻഡ്യൻ ബാങ്ക്, ഓഫീസർ താമസിക്കുന്ന സ്ഥലം) പൊറിഞ്ചുണ്ണിയെ കരാഞ്ചിറയിലും (ഇപ്പോൾ ശ്രീ. എ. എ. ലോനപ്പന്റെ വീട്) താമസിപ്പിച്ചു.

കാട്ടൂർഹൈസ്കൂളിന്റെ പടിഞ്ഞാറുഭാഗത്തുള്ള വിശാലമായ പറമ്പിൽ പണിതീർത്ത വീട് ഔസേപ്പിന്റെ (കോഡ്നമ്പ്ര് 11) കാലശേഷം അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ കുഞ്ഞിപ്പാലുവിനാണ് (112) സിദ്ധിച്ചത്. മൂത്ത മകൻ കാക്കപ്പൻ (111) തന്റെ മക്കളില്ലാത്ത ഇളയപ്പൻ പൊറിഞ്ചുണ്ണിയുടെ കൂടെ കരാഞ്ചിറയിൽ താമസമാക്കി. കുഞ്ഞിപ്പാലുവിന്റെ ഏകമകൾ കുരിയ (1121) വീട് തന്റെ രണ്ടാമത്തെ മകൻ ഇട്ടൂപ്പിനാണ് (11212) വെച്ചത്. അദ്ദേഹത്തിന്റെ മൂത്ത മകൻ തോമ (11211) അതേ പറമ്പിന്റെ പടിഞ്ഞാറുഭാഗത്തു പുര പണിതു മാറി താമസിച്ചിരുന്നു (ഇപ്പോൾ ശ്രീ. എ. കെ. ടോമി താമസിക്കുന്ന വീട്). ശ്രീ. ഇട്ടൂപ്പിൽനിന്നു ടി. തറവാട് അദ്ദേഹത്തിന്റെ ഇളയ പുത്രൻ ഡോ. ജോർജ്ജിനു സിദ്ധിക്കുകയും അദ്ദേഹം 1989-ൽ അതു പൊളിച്ചു മാററി പുതിയ ഭവനം നിർമ്മിക്കുകയും ചെയ്തു.



കാട്ടൂർ ഹൈസ്കൂൾ

കരാഞ്ചിറയിൽ താമസിച്ചിരുന്ന പൊറുഞ്ചുണ്ണിക്കു മക്കളില്ലാത്തതിനാൽ അദ്ദേഹത്തിന്റെ കാലശേ

ഷം വസ്തുവകകൾ മററു രണ്ടു സഹോദരന്മാരും ഭാഗിച്ചെടുത്തു. ഇതിൽ ഔസേപ്പിന്റെ തായ്‌വഴിക്കാക്കു പൊറുഞ്ചുണ്ണിയുടെ വീടും, ''തോപ്പുപറമ്പ്'' എന്നറിയപ്പെടുന്ന പറമ്പും ലഭിക്കുകയും അതിൽ മൂത്ത മകൻ കാക്കപ്പൻ (111) താമസമാക്കുകയും ചെയ്തു. അതിനാൽ ടി. കാക്കപ്പന്റെ അനന്തരാവകാശികൾ ആലപ്പാട്ടു 'തോപ്പിൽ'വീട്ടുകാർ എന്നറിയപ്പെടുന്നു. കാക്കപ്പന്റെ മക്കളിൽ പൊറിഞ്ചു വൈദികനായിത്തീരുകയും ബാക്കി 5 ആൺമക്കളും ഒരുമിച്ചു തറവാട്ടിൽ ജീവിക്കുകയും ചെയ്തു. ഇളയ മകൻ ലോനപ്പനു മക്കളുണ്ടായില്ല. തറവാട്ടുപുര അന്തോണിയുടെ മകൻ ലോനപ്പനു് അവകാശമായി കിട്ടുകയും പിന്നീടു് അദ്ദേഹത്തിന്റെ ഏകപുത്രനായ അന്തോണി(111612)ക്കു സിദ്ധിക്കുകയും ചെയ്തു. ഇപ്പോൾ ടി. അന്തോണിയുടെ ഏകമകൻ എ. എ. ലോനപ്പൻ മേല്പറഞ്ഞ തറവാട്ടിൽ താമസിച്ചുവരുന്നു.

കാക്കപ്പന്റെ (111) മൂത്ത മകൻ ഔസേപ്പിനു് ഒരു മകൾമാത്രമേ ഉണ്ടായിരുന്നുള്ളു—താണ്ടമ്മ. രണ്ടാമത്തെ മകൻ ഇട്ട്യേച്ചനു് ഉണ്ടായിരുന്ന ഏകമകൻ കാക്കപ്പൻ (11131) കരാഞ്ചിറപാലത്തിന്റെ താഴെയുള്ള 'കടവിലെ വളപ്പ്'' എന്നറിയപ്പെടുന്ന പറമ്പിൽ വീടു പണിതു താമസിച്ചു. ഈ വീട്ടിൽ ഇപ്പോൾ കാക്കപ്പന്റെ രണ്ടാമത്തെ മകൻ ഇട്ട്യേച്ചൻ (111312) താമസിച്ചുവരുന്നു. കാക്കപ്പന്റെ (111) മൂന്നാമത്തെ മകൻ കൊച്ചുവറീതിന്റെ രണ്ടു മക്കൾ—ഔസേപ്പും ചാക്കുവും—പുഴയുടെ കിഴക്കേ കരയിൽ കടവിലെ വളപ്പിന്റെ തെക്കേ ഭാഗത്തായി രണ്ടു വീടുകൾ വെച്ചു് അങ്ങോട്ടു താമസം മാററി. ഔസേപ്പിന്റെ ഏകമകൻ കൊച്ചുവറീതിനു സിദ്ധിച്ച ഈ വീട്ടിൽ ഇപ്പോൾ അദ്ദേഹത്തിന്റെ ഏകമകളുടെ പുത്രനായ ജോസഫ് ആലപ്പാട്ടു (1113141) താമസിച്ചുവരുന്നു. ചാക്കുവിന്റെ ഏകപുത്രൻ ചെറുപ്പത്തിലേ മരണപ്പെടുകയാൽ അദ്ദേഹത്തിന്റെ വീടു മകളായ ത്രേസ്യയ്ക്കു ലഭിച്ചു. ഇപ്പോൾ ത്രേസ്യയുടെ മകൻ ആൻറണി അവിടെ താമസിക്കുന്നു.

തെക്കുംമൂലയിൽ ഉണ്ടായിരുന്ന കാക്കപ്പൻമൂത്താരുടെ തറവാടു രണ്ടാമത്തെ മകൻ അന്തോണിയിൽനിന്നു് അദ്ദേഹത്തിന്റെ ഇളയമകൻപൈലോതിനാണു് കിട്ടിയതു്. പൈലോതിനു് (129) ആൺമക്കളില്ലാത്തതിനാൽ മകളായ കഞ്ഞേത്തിയെ വിവാഹംചെയ്ത പറപ്പൂർ പാനികുളം എബ്രഹാമിനു് ആ വീടു ലഭിക്കുകയും തദ്വാരാ കാട്ടൂരുള്ള രണ്ടു വിഭാഗം പാനികുളംവീട്ടുകാരിൽ രണ്ടാമത്തേതിന്റെ തറവാടായി മാറുകയും ചെയ്തു.

അന്തോണി(12)യുടെ മൂത്ത മകൻ ലോന (121) ഇപ്പോഴത്തെ കരാഞ്ചിറഹൈസ്കൂളിനും പള്ളിക്കും ഇടയ്ക്കുള്ള ഉയന്ന കൽപ്രദേശമായ 'കരോട്ട'പറമ്പിൽ വീടു വെച്ചു താമസമാക്കി. ഇതു സന്താനങ്ങളില്ലാത്ത പൊറുഞ്ചുണ്ണിയുടെ സ്വത്തു ഭാഗിച്ചതിൽ അന്തോണിക്കു കിട്ടിയ വകയായിരുന്നു. ടി. ലോനയുടെ മൂന്നു് ആൺമക്കളും — പൊറിഞ്ചു (1211), ഔസേപ്പ് (1213), അന്തോണി (1215) — ഒരുമിച്ചു കരോട്ടു തറവാട്ടിൽതന്നെ താമസിച്ചു. ഇതിൽ ഔസേപ്പിനു് ഒരു മകൾ (റോസ)മാത്രമുണ്ടായിരിക്കുകയും അന്തോണിക്കു മക്കളില്ലാതിരിക്കുകയും ചെയ്തതിനാൽ, തറവാടു പൊറിഞ്ചുവിന്റെ മൂത്ത മകൻ ലോനയ്ക്കു (12111) സിദ്ധിച്ചു. ലോനയുടെ രണ്ടാമത്തെ പുത്രൻ ഔസേപ്പിലൂടെ ഈ വസതി ഇന്നതിൽ താമസിക്കുന്ന ശ്രീ. എ. ജെ. അന്തോണി(1211134)യുടെ കൈവശം വന്നു.


(ബ. ശെമഓൻസ്രോക്കച്ചൻ)

പൊറിഞ്ചുവിന്റെ (1211) രണ്ടാമത്തെ മകൻ വൈദികനായിത്തീന്നു. (ബ. ശെമഓൻ സ്രോക്കച്ചൻ). അടുത്ത മകൻ വറീതു (12114) 'കടവിലെ വളപ്പി'നു് അല്പം കിഴക്കു മാറി, 'കരാഞ്ചിറ തോപ്പ്' പറമ്പിന്റെ തെക്കു ഭാഗത്തുള്ള സ്ഥലത്തു വീടു പണിതു താമസമാക്കി. കുറച്ചു കൊല്ലങ്ങൾക്കുശേഷം ആയതു വിററു കരോട്ടുപറമ്പിന്റെ തെക്കുഭാഗത്തുള്ള 'കൊണ്ടോരെപറമ്പ്'' എന്ന സ്ഥലത്തു വീടു വെച്ചു താമസിച്ചു. (ടി. വീടു പാലത്തിങ്കൽ പൊറിഞ്ചുണ്ണി വറീതു് — പി. വി. ഫ്രാൻസീസ്‌മാസ്റ്ററുടെ പിതാവു വാങ്ങി താമസിച്ചു. ഇപ്പോൾ പൊളിച്ചു മാററപ്പെട്ടു.) പൊറിഞ്ചുവിന്റെ (1211) ഇളയമകൻ അന്തോണി (12116) കരോട്ടുതറവാട്ടുപുരയുടെ തൊട്ടു തെക്കുവശത്തു വീടുവെച്ചു് അങ്ങോട്ടു മാറിത്താമസിച്ചു. പിന്നീടു് ഈ വീട്ടിൽ അദ്ദേഹത്തിന്റെ മകൻ അഗസ്റ്റിയും (121162) താമസിച്ചുവരുന്നു.

121 കോഡ്‌നമ്പറായുള്ള ലോനയുടെ ഇളയ മകൻ ദേവസി (1218) പുഴയുടെ തീരത്തു 'കടവിലെ വളപ്പി'നു കിഴക്കുഭാഗത്തുള്ള വിശാലമായ പറമ്പിൽ (കരാഞ്ചിറതോപ്പ് എന്നറിയപ്പെട്ടിരുന്നതു്) വീടുവെച്ചു താമസമാക്കി. അദ്ദേഹത്തിന്റെ പിൻതുടച്ചക്കാ

രെ ആലപ്പാട്ട കരാഞ്ചിറതോപ്പുകാർ എന്നു വിളിച്ചു വരുന്നു. ടി. വീട്ട ദേവസ്സിയുടെ മരണശേഷം മൂത്ത മകൻ പൊറിഞ്ചുവിനു (12181) കൈവരികയും അദ്ദേഹത്തിൽനിന്നു് ഇപ്പോഴത്തെ താമസക്കാരനായ മകൻ എ. പി. മാത്തുവിനു (121813) സിദ്ധിക്കുകയും ചെയ്തു. ദേവസ്സിയുടെ (1218) രണ്ടാമത്തെ മകൻ വൈദികപട്ടം സ്വീകരിച്ചു. (ബ. ലയോപോൾ അച്ചൻ). ബാക്കിയുള്ള നാലു് ആൺമക്കൾ (അന്തോണി 12183, കാക്കപ്പൻ 12184, ലോനപ്പൻ 12185, പ്രൊ: എ. ഡി. പോൾ, 12187) തറവാട്ടുപറമ്പിന്റെ നാലു മൂലകളിലായി വീടുകൾ വെച്ചു താമസിച്ചു. ഈ വീടുകളിൽ ഇന്നു് അന്തോണിയുടെ ഇളയ മകൻ ഫ്രാൻസീസ്സ്, കാക്കപ്പന്റെ മൂത്ത മകൻ ദേവസ്സി, ലോനപ്പന്റെ മൂത്ത മകൻ ഔസേപ്പു്, പോളിന്റെ മൂത്ത മകൻ ഡോ. സെബാസ്റ്റ്യൻ എന്നിവർ താമസിച്ചുവരുന്നു.

അന്തോണിയുടെ (12) രണ്ടാമത്തെ മകൻ ചാക്കു (124) തേക്കുംമൂലയിലുള്ള തറവാട്ടുപുരയുടെ തെക്കുഭാഗത്തു (കാട്ടൂർ തെക്കുംപാടത്തേയ്ക്കു പോകുന്ന വഴി) പുരപണിതു മാറി താമസിച്ചു. തുടന്നു് അദ്ദേഹത്തിന്റെ ഏകപുത്രൻ അന്തോണിയും (1244) അതിനുശേഷം അന്തോണിയുടെ മൂന്നു പുത്രന്മാരിൽ ഇളയവനായ ഐപ്പുണ്ണിയും (12444) ആ വീട്ടിൽ താമസിച്ചു. ഐപ്പുണ്ണിയുടെ മൂത്ത സഹോദരൻ ചാക്കു (12441) പറയൻകടവിലുള്ള പറമ്പിലും രണ്ടാമത്തെ സഹോദരൻ ഔസേപ്പ് (12443) തേക്കുംമൂലയിൽനിന്നു പടിഞ്ഞാറോട്ടു പോകുന്ന വഴിയിലും (റോസ് കോളേജിലേയ്ക്കുള്ള വഴി) നിർമ്മിക്കപ്പെട്ട ഭവനങ്ങളിലേയ്ക്കു മാറിത്താമസിച്ചു. തറവാട്ടിലുണ്ടായിരുന്ന ഐപ്പുണ്ണിക്കു രണ്ടു പെൺമക്കളുണ്ടായശേഷം മരണമടയുകയും അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും ഭാര്യയുടെ പിതാവിന്റെ അടുത്തേയ്ക്കു (മുണ്ടൂർ മേക്കാട്ടുകളം) പോവുകയും ചെയ്തപ്പോൾ മൂത്ത സഹോദരൻ ചാക്കു (12441) തറവാട്ടുപുരയിൽ വന്നു താമസിക്കുകയും അനുജന്റെ സ്വത്തുക്കൾകൂടി പരിപാലിക്കുകയും ചെയ്തു. പെൺകുട്ടികൾക്കു പ്രായപൂർത്തിയായപ്പോൾ അമ്മയും മക്കളും മടങ്ങിവരികയും വീടും സ്വത്തുവകകളും തിരിച്ചേല്പിച്ചു ചാക്കു, താൻ ഇല്ലിക്കാട്ട് എന്ന സ്ഥലത്തു (വാടച്ചിറയ്ക്കടുത്തു) പണി കഴിച്ച ഭവനത്തിലേയ്ക്കു മാറുകയും ചെയ്തു.



Fr. PAUL ALAPATT
Principal St. Thomas College, Trichur.
(Co-ordinator, Alapatt Kakkappan Moothar Bicentenary Celebration Committee)

# ALAPATT KAKKAPPANMOOTHAR FAMILY HISTORY

**Introduction**

One of the prominent props of the Syrian Catholic community around Trichur, 'Alapatt' family has made its mark in the spiritual, social and economic fields of erstwhile Malabar and Cochin State. Formerly, its members lived at *Ambakad* and *Ayyanthole*, which belonged in those days to the *Enammavu* parish, all with in Trichur District. Kakkappan, a member of the family, who lived in the middle of the 18th century, begot sons in his two marriages one of whom, named after him, is the progenitor of the Alapatt Family that first took its roots in Kattoor.

Tippu Sultan entered Cochin State in November 1789 in the course of his conquest of the South and according to K. P. Padmanabhan Pillai's 'History of the Cochin State', Tippu's army reached Trichur on 14th December 1789. The invasion led to great unrest among the people, resulting in the movement of great many people from the existing locations. Thus, the aforesaid father with son both called Kakkappan, fled southwards to Travancore and were reportedly living for some time in Trivandrum**. It was in Trivandrum that the father died and son. Kakkappan made his return journey northwards, taking him to Kattoor where he married *Thandamma*, daughter of Sri. Palathingal Kunjipaloo, Anthony a prominent person in the village. The couple raised their family in a new house constructed at 'Thekkumoola' in Kattoor. Hardworking and entreprenuous by nature, Kakkappan prospered soon and before long, with the grace of God, succeeded in becoming rich and well known in and around Kattoor. Consequently, he came to be known as 'MOOTHAR', a traditional title of honour given in those days, to very outstanding and prominent figures in the society.

It is noteworthy that the obsequies and memorial masses set up in the names of Kakkappan Moothar and his father are still evident in the mural writings preserved at the present Enammavu Church, which itself is believed to be nearly 1500 years old.

** Prof. A. D. Paul—Notes on Rev. Fr. Samsonstroke of St. Joseph, Karanchira: 1955

Kakkappan Moothar, subsequently, severed his ties with the Enammavu Church and joined the Edathiruthy parish (The Edathiruthy church dates back to, at least, three hundred years). In the meantime, he brought to Kattoor from Ambakkatt two of his half-brothers (sons of his father in his first marriage) and set them at a place called 'Munayam' in Karanchira. Their descendants, therefore, came to be known as the 'Munayath Alapatt', the second branch of the Alapatt family. (Part B

Kakkappan Moothar had three sons, Ouseph, Anthony and Porinchunny of whom Anthony remained in the ancestral house at 'Thekkummoola' while Ouseph shifted to 'Kattoor' (Near High School, Kattoor) and Porinchunny moved to Karanchira (Sri. A. A. Lonappan's present house), all under the supervision of their father.

Ouseph's (code No. 11) house, constructed in the extensive compound to the west of Kattoor High School was inherited by his second son, Kunjipalu (No. 112) while first son, Kakkappan had gone to live with is issuless uncle, Porinchunni at Karanchira. Kunjipaloo's only son, Kuriya gave his house to his second son, Ittoop, as his first son, Thoma shifted to a new house on the western part of the same compound. Ittoop's house later passed on to his youngest son Dr. A. I. George (No. 112129A) who, demolished the tharavad building and on its site built a new house in 1989. Thomas's house is at present occupied by his grand son, Sri. A. K. Tony (1121111)

**Alapatt Thoppil**

Porinchunni who, originally, moved to Karanchira, had no issue and therefore, on his demise, his properties were shared between his two brothers, Ouseph and Anthony, of whom Ouseph, his eldest brother got the coconut estate 'Thoppuparambu', where his son, Kakkappan was put up. His descendants came to be known as 'Alapatt Thoppil', Of the six sons of Kappan (111) Porinchu became a

priest who later grew top to become the Vicar General of Trichur Diocese, and other lived together. The youngest son, Lonappan had no children and the house was inherited by Anthony's son, Lonappan through whom it passed into the possession of his only son, Anthony (111612) and afterwards, to his only son Sri. A. A. Lonappan, who at present, lives there. Kakkappan's eldest son, Ouseph (1111) had only one daughter (Thandama), while his second son Ittiachan had only one son, Kakkappan, who constructed a house close to present Karanchira Bridge over the Karuvannur river in the compound called 'Kadavile Valappu'. His son, Sri. A. K. Ittiachan, now occupies the house. 'Kakkappan's (111) third son Kochuvareed had two sons, Ouseph and Chaku who, constructed two separate houses on the eastern bank of the river, to the south of 'Kadavila Valappu'. Ouseph had two sons— Kochuvareed and Kakkappan of whom Kakkappan dies young and Kochuvareed (111411) had only one daught Mariamma. The house is now occupied by his only grand son, Sri. Joseph Alapatt. Since Chaku's only son, Ittiachan prematurely died, his house passed in to one of his two daughters, Thresia, where her son, Anthony Thopil lives.

The Tharavadu of Kakkappan Moothar and 'Thekkumoola' went to his second son, Anthony from whom his youngest son Pyloth inherited it. As he had only daughters Sri. Abraham Panikulam of North Parur who married his daughter, Kunjethi settled there. Thus, one of the two branches of Panikulam family came to be established in Kattoor, with the house becoming the 'Tharavad' of the Panikulam branch.

**Karottu family**

Lona (121), the eldest son of Anthony settled in the raised laterite area (near the present Karanchira High School) which, therefore, came to be known as 'Karottuparambu'. The compound was the share that Anthony got, when his issueless brother Porinchunny's properties were divided among the other two brothers. Lona's sons, Porinchu (1211), Ouseph (1213) and Anthony (1215) lived together in the 'Karottu Tharavad'. Of those, Ouseph had only one daughter (Rosa) and Anthony had no children. Therefore, the house went to Porinchu's eldest son Lona (12111) afterwards, to second son, Ouseph (121112) from whom it passed into his eldest son, Anthony (121131), the present occupant - Porinchu's second son went for priesthood (Rev. Fr. Samstroke of St. Joseph) and his next son Vareed (121114) constructed a house not too far from 'Kadavila Valappu' and South of Karanchira Thope' where he lived for some years; but subsequently, shifted to 'Kandora Parambu' at Karottu. (His original house was bought by Sri. Palathingal Porinchunny Vareed (father of Sri. P. V. Francis, Master now demolished) Anthony, (121116), the youngest son of Porinchu (1211) built a house in the southern part of 'Karottu Parambu', close to the Tharavad. The house is now occupied by his son Augusty.

**Karanchira Thope**

Lona's (121) youngest son, Devassy (1211) constructed a house in the extensive compound called 'Karanchira Thope', on the river bank opposite to 'Kadayila Valappu', which, subsequently, passed on to his eldest son, Porinchu where his son, Sri. A. P. Mathew, presently resides. Devassy's second son became a priest (Rev. Fr. Leophold C. M. I.), while the remaining four sons, Anthony, Kakkappan, Lonappan and Paul (Professor A. D. Paul) built houses in the four corners of the compound, Those houses are occupied respectively by Francis (Anthony's youngest son) Devassy (Kakkappan's eldest son), Ouseph (Lonappan's eldest son) and Dr. A. P. Sebastian (Paul's eldest son.)


Anthony's (12) second son Chakku (124) constructed a house to the south of the ancestoral house at 'Thekkummoola'. His only son Anthony (1244) and after him, his youngest son Iyppunny (12444) lived in the house while the eldest brother Chakku (12443) moved to the compound west of 'Thekkummoola' (on the road to the present Rose College). Iyppunni, who was in the Tharavad died young leaving only two daughters who for some years lived with their mother in their maternal grand father's house in Mundoor and Chakku, his eldest brother, came back to live at the Tharavad and to look after the properties of his brother when the daughter of Iypunni became of marriageable age and returned to their ancestoral house in Kattoor and the properties were restored to them by Chakku. In the meantime, Chakku moved to Illikad area close to Vadachira where he built a new house.

Editor :

# ശ്രീ. ആലപ്പാട്ടു് കാക്കപ്പൻമൂത്താരുടെ കുടുംബഇടവകകൾ


## ഏനാമ്മാവുപള്ളി

ഏനാമ്മാവുപള്ളി (Our Lady of Mount Carmel Church) എ. ഡി. 500_ാം ആണ്ടു സ്ഥാപിതമായതാണു്. ഈ പള്ളിയുടെ ചുമർലിഖിതങ്ങളിൽ ആലപ്പാട്ടു കാക്കപ്പന്റെ മരണാനന്തരശുശ്രൂഷകൾക്കുള്ള ദിനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. 1789_ലെ ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്തു് ഈ പള്ളിക്കു കേടുപാടുകൾ വരുത്തിയിരുന്നു. അക്കാലത്തു കൊച്ചി രാജ്യമടക്കമുള്ള പ്രദേശങ്ങൾ അരക്ഷിതാവസ്ഥയിലായിരുന്ന കാരണം, ആലപ്പാട്ടുകുടുംബാംഗമായ ശ്രീ. കാക്കപ്പനടക്കമുള്ള വിശ്വാസികൾ തങ്ങളുടെ ജീവനെയും വിശ്വാസത്തെയും സംരക്ഷിക്കുന്നതിനുവേണ്ടി ഏനാമ്മാവിൽനിന്നു തിരുവിതാംകൂറിലേക്കു പലായനംചെയ്യുകയുണ്ടായി. ശ്രീ. കാക്കപ്പൻ മടങ്ങി കാട്ടൂർ താമസമാക്കിയിരുന്ന കാലത്തും അദ്ദേഹം ഏനാമ്മാവുപള്ളിയുമായി സമ്പർക്കം പുലർത്തിയിരുന്നു. ശ്രീ. കാക്കപ്പൻ പില്ക്കാലത്തു തന്റെ ഇടവക ഏനാമ്മാവുപള്ളിയിൽനിന്നു് എടത്തിരുത്തിയിലേക്കു മാററുകയുണ്ടായി.



ഏനാമ്മാവുപള്ളി

## എടത്തിരുത്തിപ്പള്ളി



എടത്തിരുത്തി പള്ളി
(St. Mary's Church, Our Lady of Mount Carmel)

എടത്തിരുത്തിപ്പള്ളി എ. ഡി. 1700_ൽ കുരിശുപള്ളിയായി കർമ്മലമാതാവിന്റെ നാമത്തിൽ തുടങ്ങി. 1760_ൽമാത്രമാണു് ഒരു പള്ളിയായി ആശീർവ്വദിച്ചതു്. പിന്നീടു് ഈ പള്ളി 1883_ൽ പുതുക്കിപ്പണിയുകയുണ്ടായി. 1988_1989_ൽ ഈ പള്ളിപൊളിച്ചു നൂതനരീതിയിൽ പുതുക്കിപ്പണിയുന്നുണ്ടു്. ശ്രീ. ആലപ്പാട്ടു് ഇട്ടൂപ്പ് ജോസഫ് (Retd. Executive Engineer) ഇതി

ൻെറ മേൽനോട്ടം വഹിച്ചുവരുന്നു. എടത്തിരുത്തിപ്പള്ളിയുടെ വളർച്ചയ്ക്കും ധനാഗമനമാർഗ്ഗത്തിനും മററും ശ്രീ. ആലപ്പാട്ട് ഔസേപ്പ് കഞ്ഞിപ്പാലു 112 കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്. അദ്ദേഹം തന്നെയാണ് എടത്തിരുത്തിക്കടവിലെ പഴയ കപ്പേളയ്ക്കു വേണ്ട സ്ഥലവും പഴയ കപ്പേളയും പണി തീർത്തു പള്ളിക്കു നല്കിയത്. ഈ പള്ളിയിലെ ഔസേപ്പുപുണ്യവാളൻെറ വലിയ രൂപം ശ്രീ. ആലപ്പാട്ടു കുരിയ ഇട്ടൂപ്പ് 11212 നല്കിയതാണ്. കാട്ടൂർ മാക്കററിൻെറ കിഴക്കേ പടിയുടെ മുൻവശത്തുള്ള കൊച്ചുത്രേസ്യാപുണ്യാളത്തിയുടെ നാമത്തിലുള്ള കപ്പേള തൻെറ ജ്യേഷ്ഠൻ തോമയുടെ ഓർമ്മയ്ക്കായി നിർമ്മിച്ചു പള്ളിക്കു നല്കി.



എടത്തിരുത്തി പള്ളികപ്പേള



കൊച്ചുത്രേസ്യാപുണ്യാളത്തിയുടെ കപ്പേള




എടത്തിരുത്തികടവിലെ കപ്പേള



ചാലിശ്ശേരി അന്തപ്പൻ അന്തോണി, താടിക്കാരൻ പൊറിഞ്ചു അന്തോണി, ഫാ. ആളൂര് യാക്കോബ്, ഫാ. ജോർജ് പാനികുളം, ഫാ. പോളം അമ്പൂക്കൻ, ആലപ്പാട്ട് കരിയ തോമ, പാനികുളം കാക്കപ്പൻ, (നില്ക്കുന്നവർ) വലിയവീട്ടിൽ ഇട്ടൂപ്പ് കുഞ്ഞിക്കരു, താടിക്കാരൻ പൊറിഞ്ചു ഔസേപ്പ്, ആലപ്പാട്ട് കരിയ ഇട്ടൂപ്പ്, ചാലിശ്ശേരി കുഞ്ഞുവറീത് ഔസേപ്പ്, ചിററിലപ്പിള്ളി മത്തായി പൈലൂട്ടി.

## കരാഞ്ചിറപ്പള്ളി

ആലപ്പാട്ടു കാക്കപ്പൻ പൊറിഞ്ചച്ചൻ (1115) തൻെറ പിതാവു ദാനമായി നല്കിയ തോപ്പുപറമ്പിൻെറ തെക്കേ ഭാഗത്തു് 1873_ൽ ഒരു കപ്പേള പണികഴിപ്പിച്ചു. പിന്നീടു സമീപവാസികളായ കത്തോലിക്കാസമുദായക്കാരുടെയും പ്രത്യേകിച്ച് ആലപ്പാട്ടു കുടുംബക്കാരുടെയും സഹകരണംകൊണ്ടും കഠിനാധ്വാനംകൊണ്ടും ടി. കപ്പേള പൊളിച്ചുമാററി ഇന്നുള്ള കരാഞ്ചിറപ്പള്ളി അവിടെ പണിതീർത്തു. ഈ പള്ളി 1905 മെയ് 1_ാം തിയ്യതി ദൈവശുശ്രൂഷയ്ക്കും സമുദായത്തിൻെറ സേവനത്തിനുമായി അർപ്പിക്കപ്പെടുകയും ആശീർവ്വദിക്കപ്പെടുകയും ചെയ്തു.



കരാഞ്ചിറപ്പള്ളി
(St. Francis Xavier Church, Karanchira)

## കാട്ടൂർപ്പള്ളി

കാട്ടൂർപള്ളി പരിശുദ്ധ അമലോത്ഭവമാതാവിന്റെ നാമത്തിൽ 1851_ൽ സ്ഥാപിച്ചു. തേക്കിൻമൂലപരിസരത്തു താമസിച്ചിരുന്ന ആലപ്പാട്ടുകുടുംബക്കാർ ഈ പള്ളി ഇടവകകാരായിരുന്നിട്ടുണ്ട്.



കാട്ടൂർപള്ളി
(Mary Immaculate Church)


## പഴുവിൽപ്പള്ളി

പഴവിൽ ഫൊറോനപ്പള്ളി (പണ്ടു പഴയൂർപ്പള്ളി എന്നായിരുന്നു പേർ) എ. ഡി. 883_ൽ ചെറിയ പള്ളിയായി സ്ഥാപിച്ചു. കൊച്ചിരാജാവും ഏനാമ്മാവധികാരിയുമായി ഉണ്ടായ കായൽയുദ്ധത്തിൽ പഴവിൽപ്പള്ളി ഇടവകകാർ പ്രകടിപ്പിച്ച ധീരതയുടെ നാന്ദിയായി കൊച്ചിരാജാവു മുൻകൈയെടുത്തു പണികഴിപ്പിച്ചതായിരുന്നു പഴവിൽപ്പള്ളി. ഒരു കാലത്തു കാട്ടൂരിലെയും എടത്തിരുത്തിയിലെയും വിശ്വാസികൾ പഴവിൽപ്പള്ളിയുടെ നടത്തിപ്പിൽ കാര്യമായ പങ്കു വഹിച്ചിരുന്നു.



## വാടച്ചിറ വി. സെബസ്ത്യാനോസിന്റെ ദേവാലയം

കാട്ടൂർപള്ളിയുടെ കിഴക്കുഭാഗത്തും താണിശ്ശേരി ഭാഗത്തുമുള്ള ഏകദേശം 70 വീട്ടുകാർ തങ്ങളുടെ ആധ്യാത്മികാവശ്യങ്ങൾക്കായി പണി കഴിപ്പിച്ചതാണ് വാടച്ചിറദേവാലയം. വളരെ കാലങ്ങളായി ഇല്ലിക്കാട്ടു കിഴക്കുമുറിസമുദായക്കാർ വാടച്ചിറയിലുള്ള വി. സെബസ്ത്യാനോസിന്റെ കപ്പേളയിൽനിന്നും താണിശ്ശേരി സമുദായക്കാർ അവരുടെ ഭാഗത്തുള്ള



വാടച്ചിറപ്പള്ളി
St. Sebastian's Church

കപ്പേളയിൽനിന്നും അമ്പുപ്രദിക്ഷണം ആരംഭിച്ചു കാട്ടൂർ ഇടവകകപ്പേളയിലേയ്ക്കു വരികയായിരുന്നു പതിവ്. ഇരുസമുദായക്കാർ യോജിച്ചു വാടച്ചിറയിൽ ഒരു പള്ളി പണിയുവാൻ തീരുമാനിച്ചു. പക്ഷേ സാമ്പത്തികവിഷമതകൾകൊണ്ടും വേണ്ടത്ര സ്ഥലം ഇല്ലാതിരുന്നതുകൊണ്ടും ആ ആഗ്രഹം പെട്ടെന്നു പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

എന്നാൽ അവരുടെ നിരന്തരമായ പരിശ്രമംകൊണ്ടു വാടച്ചിറപ്പാടത്ത് ഏകദേശം ഒരു ഏക്കർ സ്ഥലം വാങ്ങി. മെയിൻറോഡിൽനിന്നു പള്ളി സ്ഥലത്തേയ്ക്കു വഴിയില്ലാതിരുന്നതിനാൽ വലിയ എതിർപ്പുണ്ടായെങ്കിലും ആലപ്പാട്ടു പൗലോസ് ജോസിന്റെ നിർബ്ബന്ധംകൊണ്ടുതന്നെയാണ് ആ സ്ഥലം വാങ്ങിയത്. അതു വാങ്ങുന്നതിനുള്ള സാമ്പത്തികസഹായമായ 7500ക. ആദ്യമായി നല്കിയതു സി. അലക്സ് (ആലപ്പാട്ട് അന്തോണിമകൾ റോസ്സിലി) ജർമ്മനിയിൽനിന്ന് അയച്ചുതന്നതാണ്. തുടർന്ന് അതിനു തൊട്ടുകിടക്കുന്ന സ്ഥലംകൂടി വാങ്ങി ആകെ

ഏകദേശം മൂന്ന് ഏക്കർ സ്ഥലം കരസ്ഥമാക്കി. പിന്നീട് പാടം മണ്ണിട്ട് ഉയർത്തി.

1986 മേയ് 21-ാം തിയ്യതി അന്നത്തെ കാട്ടൂർ പള്ളിവികാരിയായ ബ. ജോയ് കടമ്പാട്ടുപറമ്പിലച്ചന്റെ അത്യുത്സാഹംകൊണ്ട് ഇരിങ്ങാലക്കുടരൂപതാധ്യക്ഷൻ മാർ ജെയിംസ് പഴയാററിൽ പള്ളിയുടെ കല്ലിടൽകർമ്മം നടത്തി. അതിനെത്തുടർന്ന് എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ കൊണ്ട് പള്ളിപ്പണി മുന്നോട്ട് നീങ്ങി. ഓരോ കുടുംബവും അവരുടെ കഴിവിനനുസരിച്ച് സംഭാവനകൾ തന്നും പിരിച്ചും ശ്രമദാനം നടത്തിയും പള്ളിപ്പണി പൂർത്തിയാക്കാൻ പരിശ്രമിച്ചു. പള്ളിപ്പണി ഇത്രയും വേഗത്തിൽ കഴിക്കാൻ സാധിച്ചത് അന്നത്തെ വികാരി ബ. ജോയ് കടമ്പാട്ടുപറമ്പിലച്ചന്റെ നയവും സാമർത്ഥ്യവും ഒന്നുകൊണ്ടുമാത്രമാണ്. അതുപോലെ തന്നെ, സ്വന്തം കുടുംബംപോലും മറന്ന് പള്ളിക്കാര്യത്തിനുവേണ്ടി രാവും പകലും ഓടിനടന്ന ബുദ്ധിമുട്ടിയ പഞ്ഞിക്കാരൻ ലോന കുഞ്ഞുകുഞ്ഞുവക്കിയുടെയും അദ്ദേഹത്തോടൊപ്പം നിന്നു പ്രവർത്തിച്ച എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണംകൊണ്ടുമാണ്.

പള്ളിക്കു സ്ഥലം വാങ്ങുന്നതിനും മണ്ണടിക്കുന്നതിനും പള്ളി പണിയുന്നതിനുമായി 5,37,000-00ക യോളം വന്നു. മെയിൻറോഡിൽനിന്നു പള്ളിയിലേയ്ക്കുള്ള വഴി കിട്ടുന്നതിനും പണിയുന്നതിനും സാധിച്ചതു പ്രിൻസിപ്പാൾ ബ. പോൾ ആലപ്പാട്ടച്ചന്റെ സ്വാധീനം ഒന്നുകൊണ്ടുമാത്രമാണ്. ബ. പോൾ ആലപ്പാട്ടച്ചന്റെ പൗരോഹിത്യരജതജൂബിലിവർഷത്തിൽ തന്റെ പ്രദേശത്ത് ഒരു പള്ളി പണതുകാണുന്നതിനുള്ള ആഗ്രഹമാണ് ഒരു പരിധിവരെ പള്ളിപ്പണിക്കുള്ള സാമ്പത്തികമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിന്നു സഹായമായത്. അദ്ദേഹം ഒളരിക്കരയിൽ വികാരിയായിരുന്നപ്പോൾ അവിടെ തുടങ്ങിയ സെ. പീററർ ക്ലവർ കോൺവൻറ്വഴി റോമിലെ അവരുടെ മദർജനറലിനു് എഴുതുകയും പിന്നീട് ജനറൽ ഒളരിക്കരയിൽ വന്നപ്പോൾ വാടച്ചിറ പള്ളി സ്ഥലം നേരിട്ടു കാണിച്ചുകൊടുക്കുകയും ചെയ്തതിന്റെ ഫലമായും മററും അവരിൽനിന്നു ലഭിച്ച സഹായവും മററു മാർഗ്ഗങ്ങളിലൂടെ അച്ചനു ലഭിച്ച സംഭാവനയും അച്ചൻ തന്നതുമടക്കം 2,67,000ക. യോളം പള്ളിക്കു ലഭിച്ചു. പള്ളിയിലെ മററു സാധനങ്ങളിൽ വലിയൊരു പങ്കം അദ്ദേഹംവഴി ലഭിച്ചതാണ്. പള്ളിപ്പണിയിലേയ്ക്കു ബ. ആലപ്പാട്ട് പാലത്തിങ്കൽ മാത്തു അന്തോണിഅച്ചൻ 50,000ക സംഭാവന നല്കുകയുണ്ടായി. ബാക്കി സംഖ്യ വീട്ടുകാർ അവരവരുടെ കഴിവിനനുസരിച്ചും പിരിവു നടത്തിയും വിദേശത്തു പോയിട്ടുള്ള ഇടവകാംഗങ്ങളുടെ സഹായംകൊണ്ടും മററു നാട്ടുകാരുടെ സഹായസഹകരണംകൊണ്ടും ഉണ്ടാക്കിയതാണ്. പള്ളിയിൽ വെച്ചിട്ടുള്ള വി. കൊച്ചുത്രേസ്യായുടെ രൂപം ആലപ്പാട്ട് പൗലോസ് ഭാര്യ റോസ്സ(പോളച്ചന്റെ അമ്മ)യുടെ ആഗ്രഹപ്രകാരം വെച്ചതാണ്. ഈ പ്രദേശത്തുനിന്നുള്ള ബ. സഹോദരികളായ ഗോഡ്ഫ്രി, ക്ലാരററ്, ബർട്ടിലിയ, എവുസ്റ്റസ്, ആജില അലക്സ് (ആലപ്പാട്ട് പൗലോസ് അന്തോണി എന്നിവരുടെ മക്കൾ) എന്നിവരുടെ പരിശ്രമംവഴി പള്ളിക്ക് ആവശ്യമായിട്ടുള്ള തിരുവസ്ത്രങ്ങളും തിരുക്കർമ്മങ്ങൾക്ക് ആവശ്യമായുള്ള അൾത്താരയും മററു സാധനങ്ങളും ലഭിച്ചു.

അങ്ങനെ 1986 മെയ് 21-നു് ആരംഭിച്ച പള്ളിപ്പണി 1988 ജനുവരി 26-നു പൂർത്തിയാക്കി കൂദാശകർമ്മവും ആദ്യബലിയർപ്പണവും നടത്തി. അഭിവന്ദ്യപിതാക്കന്മാരായ മാർ ജെയിംസ് പഴയാററിലും മാർ ജോസഫ് കുണ്ടുകുളവും മുഖ്യകാർമ്മികന്മാരായിരുന്നു. വളരെയേറെ വൈദികരും കന്യാസ്ത്രീകളും ജനങ്ങളും ചടങ്ങിൽ സംബന്ധിച്ചിരുന്നു. ബ. പോൾ ആലപ്പാട്ടച്ചന്റെ വലിയ ഒരാഗ്രഹം—തന്റെ പൗരോഹിത്യരജതജൂബിലിവർഷത്തിൽ, 1988-ൽ, ആ പ്രദേശത്ത് ഒരു പള്ളി ഉണ്ടായിക്കാണണമെന്നുള്ള ആഗ്രഹം – ദൈവാനുഗ്രഹത്താൽ നിറവേറി.

# ആലപ്പാട്ടുകുടുംബത്തിലെ നിയമസാമാജികർ

ആലപ്പാട്ട കാക്കപ്പൻമൂത്താരുടെ താഴ്‌വഴിയിൽപ്പെട്ട കുടുംബാംഗങ്ങളിൽ മൂന്നുപേർ, കാട്ടൂർ, കരാഞ്ചിറ മുതലായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച നിയമസാമാജികരായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.



ശ്രീ. ആലപ്പാട്ട കുരിയ തോമ (11211) 1924_ൽ കൊച്ചിരാജ്യത്തിലെ നിയമസാമാജികനായിരുന്നു.



ശ്രീ. ആലപ്പാട്ട തോമ കുഞ്ഞിപ്പാലു (112111) 1942_ൽ കൊച്ചിരാജ്യത്തിലെ M L C ആയിരുന്നു.



ശ്രീ. ആലപ്പാട്ട കാക്കപ്പൻ ജോർജ്ജ് (Dr. A. K. George) (111315) 1948_1952_ൽ തിരുകൊച്ചിയിലെ M L A ആയിരുന്നു.

# വ്യക്തിചരിതം

## പ്രസാധകക്കുറിപ്പ്



പ്രൊഫ. എ. ഐ. തോമസ്
എഡിറ്റർ

കാട്ടൂർ ആലപ്പാട്ട കാക്കപ്പൻ മൂത്താരുടെ താവഴിയിൽപ്പെട്ട കുടുംബാംഗങ്ങളുടെ 'വ്യക്തിചരിതം' എഴുതണമെന്നുള്ള മോഹം എനിക്കുണ്ടായിരുന്നെങ്കിലും എവിടെനിന്ന് എങ്ങനെ തുടങ്ങണമെന്ന ചിന്താകുഴപ്പത്തിലിരുന്ന അവസരത്തിലാണ് യാദൃച്ഛികമായി പ്രൊഫസർ പോൾ ആലപ്പാട്ട രചിച്ച' വിശുദ്ധ യൗസേപ്പിന്റെ ശെമാഓൻസ്ലോക്കച്ചൻ ടി. ഒ. സി. ഡി.' (കരോട്ട് ആലപ്പാട്ട്) പുസ്തകം വായിക്കുവാനിടയായതു്. അതോടെ കാക്കപ്പൻമൂത്താരുടെ വളർന്നു പന്തലിച്ച ശാഖോപശാഖകളായി പടർന്ന കുടുംബത്തിന്റെ ഉറവിടം മനസ്സിലാക്കാൻ കഴിഞ്ഞു.

ശ്രീ. കാക്കപ്പൻമൂത്താർ, കാട്ടൂരിൽ താമസമാക്കിയിട്ട് 200 വഷം തികയാറാകുന്നു എന്നതുകൊണ്ട് റിട്ടയേഡ് എക്സിക്യൂട്ടിവ് എഞ്ചിനീയറായ ശ്രീ. ആലപ്പാട്ട് ഇട്ടൂപ്പ് ജോസഫ്, ഈ താവഴിയിലെ കുടുംബാംഗങ്ങളുടെ വ്യക്തിചരിതം പുസ്തകമായി 1989 നവംബർമാസത്തിൽ പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച രണ്ടു വഷംമുമ്പ സൂചിപ്പിച്ചിരുന്നു. അതിനായി ഒരു കുറിപ്പ കുടുംബാംഗങ്ങൾക്ക 11–1–1987–ൽ വിതരണംചെയ്യുകയുണ്ടായി. ഇതിൽ അംഗങ്ങളുടെ വിവരങ്ങളും ബന്ധുക്കളുടെ വിലാസവും പ്രൊ. എ. ഐ. തോമസിനെ ഏല്പിക്കണമെന്നു പ്രത്യേകം രേഖപ്പെടുത്തിയിരുന്നു. വിവാഹം കഴിച്ചവരും കന്യാസ്ത്രീകളും പുരോഹിതരും ഉൾപ്പെടെ അഞ്ഞൂറിൽ കൂടുതൽ അംഗങ്ങളുള്ള നമ്മുടെ തറവാട്ടിലെ നൂററിഅമ്പതുപേർ വിവരങ്ങൾ നല്കിയിരുന്നുവെങ്കിലും വളരെ ശ്രമകരമായ ഈ ഉദ്യമം പല കാരണങ്ങളാലും മുന്നോട്ട നീങ്ങിയില്ല. തൃശ്ശൂർ സെൻറ് തോമസ് കോളേജിലെ പ്രിൻസിപ്പാളായ ഫാ. പോൾ ആലപ്പാട്ടിന്റെ നേതൃത്വത്തിലും പ്രൊ. പോൾ ഡി. ആലപ്പാട്ടിന്റെ മകൻ ജോയിയുടെ ആത്മാത്ഥമായ പരിശ്രമത്താലും സെൻറ് തോമസ് കോളേജിൽ കൂടിയ യോഗത്തിൽവെച്ച് ഈ സംരംഭം സഫലമാകത്തക്ക ഒരു കമ്മപരിപാടി ആസൂത്രണം ചെയ്തു.

30–4–1989–ൽ കൂടിയ പ്രസ്തുതയോഗത്തിൽ ആലപ്പാട്ടുകുടുംബത്തിൽപ്പെട്ട പതിനാലുപേർ പങ്കെടുത്തിരുന്നു. ആലപ്പാട്ടുകുടുംബാംഗങ്ങളെ പ്രതിനിധീകരിക്കുവാൻവേണ്ടി ഈ തറവാട്ടിലെ എല്ലാ ആറാംതലമുറക്കാരെയും ഉൾപ്പെടുത്തി ഒരു കമ്മററിയുണ്ടാക്കി. അതിൽ ബഹുമാനപ്പെട്ട ഫാ. പോൾ ആലപ്പാട്ട കോ ഓർഡിനേററായും പ്രൊ. എ. ഐ. തോമസ് എഡിററായും ശ്രീ. എ. എഫ്. സണ്ണി സെക്രട്ടറിയായും മററ് അംഗങ്ങൾ പ്രവത്തകരായും ഒരു കമ്മററി രൂപവത്കരിച്ചു. പ്രസ്തുതകമ്മററിയിലെ അമ്പതോളം പ്രവത്തകർ മാസത്തിലൊരിക്കൽ കരാഞ്ചിറയിലും കാട്ടൂരിലും സമ്മേളിച്ച പരിപാടികൾ രൂപപ്പെടുത്തുകയും സമയപരിധി നിശ്ചയിച്ച കാര്യങ്ങൾ മുന്നോട്ട കൊണ്ടുപോകുകയും ചെയ്തു. ഈ യോഗങ്ങളുടെ റിപ്പോട്ട് അന്യത്ര ചേത്തിട്ടുണ്ട്.

ബഹുമാനപ്പെട്ട പോൾ ആലപ്പാട്ട്അച്ചന്റെ ആശീവ്വാദവും ഉപദേശസഹായങ്ങളും ഈ കമ്മപരിപാടി ഫലപ്രദമാക്കുവാൻ അങ്ങേയററം സഹായകമായി. ഇരുപത്തു പതിററാണ്ട് എന്നതു് ഒരു കുടുംബചരിത്രത്തിലെ നീണ്ട കാലയളവാണ്. ശ്രീ. കാക്കപ്പൻമൂത്താരുടെ ഒമ്പതാമത്തെ തലമുറവരെ രേഖപ്പെടുത്തിയ ഈ വ്യക്തിചരിത്രത്തിൽ തെററുകൾ വന്നുപോയിട്ടുണ്ടെങ്കിൽ സദയം പൊറുക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഡോ. എ. കെ. ജോർജ്ജ്, ശ്രീ. ജോസഫ് ആലപ്പാട്ട്, എ. എം. വർഗ്ഗീസ്, ഫാ. പോൾ ആല



പ്രൊഫ. എ. ഐ. തോമസ്, ശ്രീ. എ. പി. ദേവസ്സിക്കുട്ടി, ഫാ. പോരം ആലപ്പാട്ട്, ഡോ. എ. കെ. ജോർജ്ജ്, ശ്രീ. ജോസഫ് ആലപ്പാട്ട്, (നില്ക്കുന്നവർ) പ്രൊഫ. എ. എം. വർഗ്ഗീസ്, ശ്രീ. എ. എഫ്. സണ്ണി.

പ്പാട്ട്, എ. എഫ്. സണ്ണി, എ പി. ദേവസ്സിക്കുട്ടി എന്നിവരടങ്ങുന്ന എഡിറ്റോറിയൽബോർഡിന്റെ സഹായവും കർമ്മകുശലതയും ഇത്തരുണത്തിൽ എടുത്തുപറയേണ്ടിയിരിക്കുന്നു. ഈ കുടുംബത്തിലെ യുവ തലമുറ വ്യക്തിചരിത്രശേഖരണത്തിനും മററുമായി അഹോരാത്രം പ്രയത്നിച്ചതിൽ അവരിൽ ഓരോരുത്തരെയും പ്രത്യേകം അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

കുടുംബാംഗങ്ങളുടെ താവഴി എളുപ്പത്തിൽ മനസ്സിലാക്കുവാനും താവഴികൾ കണ്ടുപിടിക്കാനുമായി ഈ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും താഴെ കൊടുത്തിരിക്കുന്ന തരത്തിൽ പ്രത്യേകം കോഡ് നമ്പർ നല്കിയിട്ടുണ്ട്. ഓരോ പേരിൽത്തന്നെ പല വ്യക്തികളും അറിയപ്പെടുന്നതുകൊണ്ടാണ് ഇങ്ങനെ കോഡ്സമ്പ്രദായം ഏർപ്പെടുത്തേണ്ടിവന്നതു്.

ആലപ്പാട്ടു കാക്കപ്പൻമൂത്താർ 1.0, മക്കൾ ഔസേപ്പ് 11, അന്തോണി 12, പൊറിഞ്ചുണ്ണി 13
ഔസേപ്പിന്റെ രണ്ടാമത്തെ പുത്രൻ കുഞ്ഞിപ്പാലു 112
കുഞ്ഞിപ്പാലുവിന്റെ മകൻ കുരിയ 1121
കുരിയയുടെ മൂത്തപുത്രൻ തോമ 11211
തോമയുടെ മകൻ കുഞ്ഞിപ്പാലു 112111
കുഞ്ഞിപ്പാലുവിന്റെ മകൻ ടോമി 1121111
ടോമി ഏഴാംതലമുറക്കാരനാണ്.

അങ്ങനെ നമ്മുടെ കുടുംബാംഗങ്ങളുടെ വ്യക്തിചരിത്രം (who is who) തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങളും മേൽവിലാസവും സാമ്പത്തിക സഹായവും ചെയ്തു സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ട് ഈ പുസ്തകം മുദ്രണംചെയ്തുതന്ന ഐ. എസ്. പ്രസ്സുടമയോടും ആ സ്ഥാപനത്തിലെ തൊഴിലാളികളോടും ഞങ്ങൾക്കുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തട്ടെ.

ഈ സംരംഭത്തെ എല്ലാവരും വിശാലഹൃദയത്തോടെ വീക്ഷിക്കുമെന്നു വിശ്വസിക്കുന്നു.

പ്രൊഫ. എ. ഐ. തോമസ്
എഡിററർ

# ALAPATT FAMILY UP TO FIFTH GENERATION

| | | Code No. |
|---|---|---|
| 1 | Alapatt Kakkappan | 1 |
| 2 | Alapatt Kakkappan Ouseph | 11 |
| 3 | Alapatt Ouseph Kakkappan | 111 |
| 4 | Alapatt Kakkappan Ouseph | 1111 |
| 5 | Alapatt Oussph Thandamma | 11111 |
| 6 | Alapatt Kakkappan Kunjathy | 1112 |
| 7 | Alapatt Kakkappan Ittiachan | 1113 |
| 8 | Alapatt Ittiachan Kakkappan | 11131 |
| 9 | Alapatt Kakkappan Kochuvareed | 1114 |
| 10 | A. Kochuvareed Ouseph | 11141 |
| 11 | A. Kochuvareed Kunjanam | 11142 |
| 12 | A. Kochuvareed Chakku | 11143 |
| 13 | Rev. Mar Alapatt Francis | 1115 |
| 14 | A. Kakkappan Anthony | 1116 |
| 15 | A. Anthony Lonappan | 11161 |
| 16 | A. Anthony Thandamma | 1162 |
| 17 | Rev. Fr. Alapatt Kunjippaloo | 11163 |
| 18 | A. Anthony Marium | 11164 |
| 19 | A. Anthony Kunjila | 11165 |
| 20 | A. Anthony Porinchu | 11166 |
| 21 | A. Kakkappan Lonappan | 11167 |
| 22 | A. Kakkappan Marium | 11168 |
| 23 | Alapatt Ouseph Kunjippaloo | 112 |
| 24 | A. Kunjippaloo Kuria | 1121 |
| 25 | A. Kuria Thoma | 11211 |
| 26 | A. Kuria Ittoop | 11212 |
| 27 | A. Kuria Mariamkutty | 11213 |
| 28 | A. Kunjippaloo Kunjila | 1122 |
| 29 | Alapatt Kakkappan Anthony | 12 |
| 30 | Alapatt Anthony Lona | 121 |
| 31 | A. Lonappan Porinchu | 1211 |
| 32 | A. Porinju Lona | 12111 |
| 33 | A. Porinju Ittianum | 12112 |
| 34. | Rev. Fr. Alapatt Sthokkachan | 12113 |
| 35 | A. Porinju Vareed | 12114 |
| 36 | A. Lona Ittianum | 1212 |
| 37 | A. Lona Ouseph | 1213 |
| 38 | A. Ouseph Rossamma | 12131 |
| 39 | A. Lona Acharu | 1214 |
| 40 | A. Lona Anthony | 1215 |
| 41 | A. Lona Mariamkutty | 1216 |
| 42 | A. Lona Kunjathy | 1217 |
| 43 | A. Lona Davassy | 1218 |
| 44 | A. Davassy Porinju | 12181 |
| 45 | Rev. Fr. A. Layoppald | 12182 |
| 46 | A. Davassy Anthony | 12183 |
| 47 | A. Davassy Kakkappan | 12184 |
| 48 | A. Davassy Lonappan | 12185 |
| 49 | A. Davassy Marium | 12186 |
| 50 | Prof. Paul D. Alapatt | 12187 |
| 51 | Sr. Pulkkaria | 12188 |
| 52 | A. Anthony Kunjalichi | 122 |
| 53 | A. Anthony Kunjathi | 123 |
| 54 | A. Anthony Chakku | 124 |
| 55 | A. Chakku Ittianum | 1241 |
| 56 | A. Chakku Plamana | 1242 |
| 57 | A. Chakku Mariamkutty | 1243 |
| 58 | A. Chakku Anthony | 1244 |
| 59 | A. Anthony Chakku | 12441 |
| 60 | A. Anthony Marium | 12442 |
| 61 | A. Anthony Ouseph | 12443 |
| 62 | A. Ouseph Ouseph | 124431 |
| 63 | A. Anthony Ippunny | 12444 |
| 64 | A. Anthony Lussia | 125 |
| 65 | A. Anthony Thanda | 126 |
| 66 | Rev. Fr. Vareed | 127 |
| 67 | A. Anthony Rossa | 128 |
| 68 | A. Anthony Pyloth | 129 |
| 69 | A. Pyloth Ittianum | 1291 |
| 70 | A. Pyloth Marium | 1292 |
| 71 | A. Pyloth Kunjanum | 1293 |
| 72 | A. Pyloth Kunjila | 1294 |
| 73 | A. Pyloth Thressia (Sr. Mariam) | 1295 |
| 74 | A. Pyloth Kunjai | 1296 |
| 75 | Sr. Leokkinia Alapatt | 1297 |
| 76 | Sr. Clothilda | 1298 |

# ആലപ്പാട്ടു കാക്കപ്പൻമൂത്താരുടെ താഴ്‌വഴിപ്പട്ടിക

**അഞ്ചാംതലമുറ വരെ**

**കാക്കപ്പൻമൂത്താർ**

**1000000**

- ഔസേപ്പ് 11
  - കാക്കപ്പൻ 111
    - ഔസേപ്പ് 1111
      - താണ്ട 11111
    - കുഞ്ഞേത്തി 1112
    - ഇട്ട്യേച്ചൻ 1113
      - കാക്കപ്പൻ 11131
        - ഔസേപ്പ് 111311
        - ഇട്ട്യേച്ചൻ 111312
        - പൊറിഞ്ചു 111313
        - ലോനപ്പൻ 111314
        - ഡോ. ജോർജ്ജ് 111315
    - കൊച്ചുവറീതു് 1114
      - ഔസേപ്പ് 11141
      - കുഞ്ഞനം 11142
      - ചാക്ക 11143
    - ബ. പൊറിഞ്ചച്ചൻ 1115
    - അന്തോണി 1116
      - ലോനപ്പൻ 11161
      - താണ്ടമ്മ 11162
      - ബ. കുഞ്ഞിപ്പാലു അച്ചൻ 11163
      - മറിയം 11164
      - കുഞ്ഞില 11165
      - പൊറിഞ്ചു 11166
    - ലോനപ്പൻ 1117 (മക്കൾ ഇല്ല)
    - മറിയം 1118
  - കുഞ്ഞിപ്പാലു 112
    - → കറിയ 1121 →
      - തോമ 11211
      - ഇട്ടൂപ്പ് 11212
      - മറിയംകുട്ടി 11213
    - → കുഞ്ഞില 1122
- അന്തോണി 12
- പൊറിഞ്ചുണ്ണി (മക്കൾ ഇല്ല) 13

# ആലപ്പാട്ടു കാക്കപ്പൻമൂത്താരുടെ താഴ്‌വഴിപ്പട്ടിക

**അഞ്ചാം തലമുറവരെ - കാക്കപ്പൻ അന്തോണിയുടെ മക്കൾ**

**കാക്കപ്പൻ 1000000**

ഔസേപ്പ് 11 | അന്തോണി 12 | പൊറിഞ്ചുഞ്ഞി 13

ലോന 121 | കുഞ്ഞാളിച്ചി 122 | കുഞ്ഞേത്തി 123 | ചാക്കു 124 | ലൂസിയ 125 | താണ്ട 126 | ബ. വറീതച്ചൻ 127 | റോസ 128 | പൈലോതു് 129

ഇറേന്യനം 1241 | പ്ലമേന 1242 | മറിയംകുട്ടി 1243 | അന്തോണി 1244 → ചാക്കു 12441 | മറിയം 12442 | ഔസേപ്പ് 12443 | ഐപ്പുണ്ണി 12444

പൊറിഞ്ചു 1211 | ഇറേന്യനം 1212 | ഔസേപ്പ് 1213 → റോസ 12131 | അച്ചാരു 1214 | അന്തോണി (മക്കളം ഇല്ല) 1215 | മറിയംകുട്ടി 1216 | കുഞ്ഞേത്തി 1217 | ദേവസി 1218

ലോന 12111 | ഇറേന്യനം 12112 | ബ. ശെമഓൻ സ്ലോക്കച്ചൻ 12113 | വറീതു് 12114 | മറിയം 12115 | അന്തോണി 12116

പൊറിഞ്ചു 12181 | ബ. ലയോപ്പോഠസച്ചൻ 12182 | അന്തോണി 12183 | കാക്കപ്പൻ 12184 | ലോനപ്പൻ 12185 | മറിയം 12186 | പോഠം 12187 | സി. പുഠക്കേറിയ 1288

ഇറേന്യനം 1291 | മറിയം 1292 | കുഞ്ഞനം 1293 | കുഞ്ഞില 1294 | സി. മറിയംത്രേസ്യ 1295 | കുഞ്ഞായി 1296 | സി. ലയോക്കീനിയ 1297 | സി. ക്ലൊത്തിൽഡ 1298

ശ്രീ. പൈലോതിന്നു് അഞ്ചാംതലമുറ ആൺമക്കളം ഇല്ല.
പാലത്തിങ്കൽ ചാക്കോരു മൂന്നാമത്തെ മകൻ വാറുണ്ണി

# ആലപ്പാട്ടു കാക്കപ്പൻമൂത്താരുടെ താഴ്‌വഴിയിൽ അഞ്ചാംതലമുറക്കാർവരെയുള്ളവരുടെ വ്യക്തിചരിതം

### ആലപ്പാട്ടു കാക്കപ്പൻമൂത്താർ
### 10,00,000,00

ആലപ്പാട്ടു കാക്കപ്പൻ തൻെറ പിതാവായ കാക്കപ്പൻെറ കൂടെ 200വഷംമുമ്പ് ടിപ്പുസുൽത്താൻെറ പടയോട്ടക്കാലത്തു് എറനാമ്മാക്കൽനിന്നു തിരുവിതാംകൂറിലേയ്ക്കു പലായനംചെയ്തു. പിതാവു മരിച്ചപ്പോഠം അദ്ദേഹം വടക്കോട്ടുതന്നെ മടങ്ങുകയും 1789_ൽ കാട്ടൂരിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. ശ്രീ. കാക്കപ്പൻ കാട്ടൂർഗ്രാമത്തിലെ പാലത്തിങ്കൽകുടുംബത്തിലെ അന്തോണി—കുഞ്ഞിപ്പാലുവിൻെറ മകളായ താണ്ടമ്മയെ വിവാഹംചെയ്തു. ഇവക്കു് ഔസേപ്പ് (11), അന്തോണി (12), പൊറിഞ്ചുണ്ണി (13) എന്നീ മൂന്നു് ആൺമക്കഠം ഉണ്ടായിരുന്നു.

ശ്രീ. കാക്കപ്പൻ കാട്ടൂർ തേക്കിൻമൂലയിലുള്ള പറമ്പിൽ വീടു പണിതു താമസമാക്കി. ഈ പുര ആ സ്ഥലത്തെ ആദ്യത്തെ കല്ലുപുരയായിരുന്നു. ഈ തറവാടു പിന്നീടു പാനികളം അബ്രഹാമിനു (1296) ലഭിച്ചു.

ശ്രീ. ആലപ്പാട്ടു കാക്കപ്പൻ ആറടി പൊക്കവും അതിനൊത്ത ശരീരവുമുള്ള ദൃഢഗാത്രനായിരുന്നു. സ്വപ്രയത്നത്താലും ദൈവകൃപയാലും ഏറെ താമസിയാതെ അദ്ദേഹം കാട്ടൂരിലെ പൗരപ്രധാനിയും നാല്പതു മുറി പറമ്പിൻെറയും നാന്നൂറു പറയ്ക്കു നിലത്തിൻെറയും ഉടമയുമായി. ഇക്കാലത്തു് അദ്ദേഹത്തിനു കാക്കപ്പൻമൂത്താർ എന്ന സ്ഥാനപ്പേർ ലഭിച്ചു.

1500 വഷം പഴക്കമുള്ള എറനാമ്മാക്കൽപ്പള്ളിയിലെ ചുമർലിഖിതങ്ങളിൽ ആലപ്പാട്ടുകുടുംബത്തിലെ മൂന്നു 'കാക്കപ്പന്മാ'രുടെ മരണാനന്തരകുർബാനയ്ക്കു വെച്ചിട്ടുള്ളതിൻെറ ഓമ്മക്കുറിപ്പുകഠം ഇന്നും കാണാവുന്നതാണു്.

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് 11

ശ്രീ. ഔസേപ്പു കാട്ടൂർ കവലക്കാട്ടുകുടുംബത്തിൽ നിന്നാണു് വിവാഹം കഴിച്ചിരിക്കുന്നതു്. ഇവക്കു രണ്ടു് ആൺമക്കഠം ഉണ്ടായിരുന്നു. കാക്കപ്പൻ (111), കുഞ്ഞിപ്പാലു (112). ശ്രീ. ഔസേപ്പും മക്കളും കാട്ടൂർ ഹൈസ്കൂളിൻെറ അടുത്തുള്ള വിശാലമായ സ്ഥലത്തു താമസമാക്കി.

### ആലപ്പാട്ടു് ഔസേപ്പു കാക്കപ്പൻ 111

ശ്രീ. ഔസേപ്പു കാക്കപ്പൻെറ രണ്ടാമത്തെ വിവാഹം പരിയാരം കിഴക്കൂടൻതറവാട്ടിൽനിന്നായിരുന്നു. ഇവക്കു് ആറു് ആൺമക്കളും രണ്ടു പെൺമക്കളും ഉണ്ടായിരുന്നു. ഔസേപ്പ് 1111, കുഞ്ഞേത്തി 1112, ഇട്ട്യേച്ചൻ 1113, കൊച്ചുവറീതു് 1114, ബ. പൊറിഞ്ചച്ചൻ 1115, അന്തോണി 1116, ലോനപ്പൻ 1117, മറിയം 1118, ശ്രീ. ആലപ്പാട്ടു് ഔസേപ്പും കുടുംബവും തൻെറ ഇളയപ്പനായ, മക്കഠം ഇല്ലാതിരുന്ന പൊറിഞ്ചുണ്ണിയുടെ, കരാഞ്ചിറയിലുണ്ടായിരുന്ന വീട്ടിലേയ്ക്കു താമസമാക്കി.

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് 1111

ശ്രീ. കാക്കപ്പൻ ഔസേപ്പിനു താണ്ടമ്മ എന്ന ഒരു മകഠംമാത്രമേ ഉണ്ടായിരുന്നുള്ളു.

**ശ്രീമതി താണ്ടമ്മയെ 11111** ഒല്ലൂർ കള്ളിയൻ തറവാട്ടിലേയ്ക്കാണു് വിവാഹം കഴിച്ചുകൊടുത്തതു്.

### ആലപ്പാട്ടു് ഔസേപ്പ് കാക്കപ്പൻ
### കുഞ്ഞേത്തി 1112

പറപ്പൂർ പാനികളം കുഞ്ഞുവറീതു് ഇട്ടൂപ്പിൻെറ മകൻ കുഞ്ഞുവറീതാണു് കുഞ്ഞേത്തിയെ വിവാഹം കഴിച്ചിരിക്കുന്നതു്. ഇതു് അദ്ദേഹത്തിൻെറ രണ്ടാം വിവാഹമായിരുന്നു.

### ആലപ്പാട്ടു് ഔസേപ്പ് കാക്കപ്പൻ
### ഇട്ട്യേച്ചൻ 1113

ശ്രീ. ഇട്ട്യേച്ചൻ നെല്ലിശ്ശേരി കുഞ്ഞിലയെ വിവാഹം കഴിച്ചു. ഇവക്കു് ഒരു പുത്രൻ ഉണ്ടു്. കാക്കപ്പൻ 11131.

## ആലപ്പാട്ട് ഔസേപ്പ് കാക്കപ്പൻ ഇട്ട്യേച്ചൻ കാക്കപ്പൻ 11131



ആലപ്പാട്ട് ഔസേപ്പ് കാക്കപ്പൻ ഇട്ട്യേച്ചൻ കാക്കപ്പൻ 11131

ഇദ്ദേഹത്തിൻെറ ആദ്യഭാര്യ കുഞ്ഞനമ്മയായിരുന്നു. രണ്ടാമത്തു വാഴപ്പിള്ളിതോമയുടെ മകളെ വിവാഹം കഴിച്ചു. ഇവക്കു് അഞ്ചു മക്കരം ഉണ്ടായിരുന്നു.

1 ജോസഫ് 111311
2 ഇട്ട്യേച്ചൻ 111312
3 ഫ്രാൻസീസ് 111313
4 ലോനപ്പൻ 111314
5 ഡോ. ജോർജ്ജ് 111315

## ആലപ്പാട്ടു കാക്കപ്പൻ കൊച്ചുവറീത് 1114

ശ്രീ. ആലപ്പാട്ട കൊച്ചുവറീതിന്നു മൂന്നു മക്കരം ഉണ്ടായിരുന്നു. ഔസേപ്പ് 11141, കുഞ്ഞനം 11142, ചാക്കു 11143.

## ആലപ്പാട്ടു കൊച്ചുവറീത് ഔസേപ്പ് 11141

കാട്ടൂർ പാലത്തിങ്കൽ ലോനപ്പൻമകരം മറിയത്തെയാണ് ഔസേപ്പ് വിവാഹം കഴിച്ചിരുന്നതു്. ഇവക്കു മൂന്നു മക്കരം ഉണ്ടു്.

1 മറിയം 111411
2 കൊച്ചുവറീതു് 111412
3 കാക്കപ്പൻ 111413

ശ്രീ. ഔസേപ്പ് കരാഞ്ചിറ പള്ളിനിർമ്മാണത്തിനു പ്രധാനനേതൃത്വം നല്കിയിരുന്നു.

## ആലപ്പാട്ട് കൊച്ചുവറീത് കുഞ്ഞനം 11142

ശ്രീമതി കുഞ്ഞനത്തെ ഒല്ലൂർ കല്ലുക്കാരൻതറവാട്ടിലേയ്ക്കാണു് വിവാഹംകഴിച്ചു കൊടുത്തിരിക്കുന്നതു്.

## ആലപ്പാട്ട് കൊച്ചുവറീത് ചാക്കു 11143

ഫ്രാൻകോ 111313 | ജോ 11131312 | ലിയ എലിസബത്ത് 11131321 | ഫ്രാൻസീസ് 11131351 | ജോസഫ് 11131352 | ഡോലി 11131353

## ആലപ്പാട്ടു തോപ്പിൽ കാക്കപ്പൻ പൊറിഞ്ചു (ഫ്രാൻസീസ്) 111313



ആലപ്പാട്ട തോപ്പിൽ കാക്കപ്പൻ പൊറിഞ്ചുവും കുടുംബാംഗങ്ങളും 111313

ശ്രീ. പൊറിഞ്ചു (ഫ്രാൻസീസ്,) കാട്ടൂർ കോൺഗ്രസ്കമ്മററിമണ്ഡലംപ്രസിഡൻറ്, കരാഞ്ചിറ വിൻസെൻറ് ഡി. പോൾ സംഘം പ്രസിഡൻറ്, ഹൈസ്കൂൾരക്ഷാകർത്തൃസമിതി പ്രസിഡൻറുതുടങ്ങി പല നിലകളിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കാട്ടൂർ ഡോ. ജോസഫ് പാനിക്കുളത്തിൻെറയും തൃശ്ശൂർ ചിറയത്ത് അന്തപ്പായിമകൾ അച്ചായിയുടെയും മകൾ കുഞ്ഞിലയെ 15-5-1935-ൽ ശ്രീ. ഫ്രാൻസീസ് വിവാഹം കഴിച്ചു. ഇവർക്ക് അഞ്ചു മക്കൾ ഉണ്ട്.

1 കാക്കപ്പൻ 1113131
2 ജോസ് 1113132
3 ആനി 1113133
4 കൊച്ചുത്രേസ്യ 1113134
5 അന്തോണി 1113135

5-6-1983-ൽ ശ്രീമതി കുഞ്ഞില ഫ്രാൻസീസ് അന്തരിച്ചു.

Francis K. Alapatt
Bridge View
Karanchira, Pin 680702,
Phone: 381- Kattoor.

## ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് കാക്കപ്പൻ 1113131



ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് കാക്കപ്പനും കുടുംബവും 1113131


ഫ്രാൻസീസിൻെറ മൂത്ത പുത്രനായ കാക്കപ്പൻ ദീർഘകാലം ഗൾഫിൽ സേവനമനുഷ്ഠിച്ചു. തിരിച്ചുവന്നു സെൻറ്. ആൻറണീസ് പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് എന്ന പേരിൽ ഒരു ചെറുകിടവ്യവസായ സ്ഥാപനം നടത്തിവരുന്നു.

ഇരിങ്ങാലക്കുട ആലങ്കാടൻ ജോസഫിൻെറയും തൃശ്ശൂർ പള്ളിപ്പുറത്തുക്കാരൻ മേരിയുടെയും മകൾ അന്നത്തെ 16-8-1966-ൽ കാക്കപ്പൻ വിവാഹം കഴിച്ചു. ഇവർക്കു രണ്ടു മക്കളും ഉണ്ടു്.

ഫ്രാങ്കോ 11131311
ജോ 1113132

ഫ്രാങ്കോ ബാംഗ്ളൂരിൽ എഞ്ചിനീയറിംഗിനു പഠിക്കുന്നു. ജോ സ്ക്കൂൾവിദ്യാഭ്യാസം നടത്തുന്നു.

## ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് ജോസ് 1113132



ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് ജോസും കുടുംബവും 1113132

ആലപ്പാട്ടു ഫ്രാൻസീസിൻെറ രണ്ടാമത്തെ മകനായ ജോസ് ബാംഗ്ളൂർയൂണിവേഴ്സിററിയിൽ നിന്നു ബി. എസ്‌സി. അഗ്രിക്കൾച്ചറൽ ബിരുദമെടുത്തതിനുശേഷം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ സേവനമനുഷ്ഠിക്കുകയും തുടർന്നു സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ ചേരുകയും ചെയ്തു. പിന്നീടു് അതേ ബാങ്കിലെ പാററ്നാസോണിൻെറ ചീഫ് ഓഫീസറായി നിയമിതനായി.

കൊച്ചി കടവന്ത്ര ഇലത്തിങ്കൽ മാത്യുവിൻെറയും കോയിത്തറ അന്നക്കുട്ടി(ചെറിയ കടവന്ത്ര)യുടെയും മകൾ തങ്കമ്മയെയാണ് 22-9-'68-ൽ ജോസ് വിവാഹം കഴിച്ചിരിക്കുന്നതു്. ജോസിനു് ഒരു മകളാണു് ഉള്ളതു്.

ലിയ 11131321

A. F. Jose, General Manager
Kosi Khetriya Gramin Bank
Head Office, Srinagar Hata Kosi Colony
Purnica - Bihar - 854301

## ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് ആനി 1113133

ഫ്രാൻസീസിൻെറ മൂത്ത മകളായ ആനിയെ വിവാഹം കഴിച്ചിരിക്കുന്നതു് ആലുവ വടക്കൻചേരി എബ്രഹാമിൻെറയും മേരിയുടെയും മകനായ ഡോ. പോൾ വടക്കൻചേരിയാണു്. കൊച്ചിൻ യൂണിവേഴ്സിററിയിലെ കെമിസ്ട്രിവിഭാഗം തലവനാണു് ഇദ്ദേഹം.

Dr. Paul A. Vatakancherry
Head of the Department of Applied Chemistry
and Dean of faculty of Science
CUSAT, Kalamassery, Cochin — 682022.
Phone: Office 855804
Resi: 855507.

## ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് കൊച്ചുത്രേസ്യ 1113134

ഫ്രാൻസീസിന്റെ രണ്ടാമത്തെ മകളായ കൊച്ചുത്രേസ്യയെ വിവാഹം കഴിച്ചിരിക്കുന്നതു തൃശ്ശൂർ മണവാളൻ ഫ്രാൻസീസിന്റേയും റപ്പമേനയുടെയും മകനായ ഡേവീസ്. B. E. ആണ്. ഇദ്ദേഹം പള്ളുരുത്തിയിലുള്ള ആനന്ദ് വാട്ടർ മീററർ മാനുഫാക്ചറിങ്ങ്കമ്പനിയുടെ എക്സിക്യൂട്ടീവ്ഡയറക്ടറാണ്.

Davis Manavalan
House No. 110 A
Giri Nagar, Ernakulam
Phone: 353759.

## ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് അന്തോണി 1113135



ആലപ്പാട്ടു തോപ്പിൽ ഫ്രാൻസീസ് അന്തോണിയും കുടുംബവും. 1113135

ഫ്രാൻസീസിന്റെ ഇളയ മകനായ അന്തോണി മദ്രാസ് സർവ്വകലാശാലയിൽനിന്ന് എഞ്ചിനീയറിംഗ്ബിരുദം നേടി രണ്ടു വർഷം തമിഴ്നാട് വാട്ടർ സപ്ലേ ആൻറ് ഡ്രെയിനേജ്ബോർഡിൽ സേവനമനുഷ്ഠിക്കുകയും തുടർന്നു ദീർഘകാലം മധ്യപൂർവ്വദേശങ്ങളായ യു. എ. ഇ., ഒമാൻമുതലായ രാജ്യങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. പിന്നീട് വിശാഖപട്ടണം സ്റ്റീൽപ്ലാൻറിന്റെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് കോംപ്ലക്സിന്റെ പ്രൊജക്ട് എഞ്ചിനീയറായി (ഏഷ്യൻ ടെക്) സേവനമനുഷ്ഠിക്കുന്നു.

Antony F. Alapatt,
Project Engineer,
Asian Techs Ltd,
P. B. No. 11,
Visakhapattanam Steel plant,
Visakhapattanam-530031,
Phone: office 98270,
Resi: 7686.

തൃശ്ശൂർ വാഴപ്പിള്ളി ജോസഫിന്റെയും പുത്തൻവേലിക്കര റോസി വാഴപ്പിള്ളിയുടെയും പുത്രി റോസിയെയാണ് 12–9–'78–ൽ അന്തോണി വിവാഹം കഴിച്ചിരിക്കുന്നതു്. ഇവർക്ക് മൂന്നു മക്കളാണ് ഉള്ളതു്.

| | |
|---|---|
| ഫ്രാൻസീസ് | 11131351 |
| ജോസഫ് | 11131352 |
| മാരിയ ഡേവിസ് | 11131353 |

ഫ്രാൻസീസും ജോസഫും സ്കൂൾവിദ്യാഭ്യാസം നടത്തുന്നു.

## ആലപ്പാട്ട് ഇട്ട്യേച്ചൻ കാക്കപ്പൻ ലോനപ്പൻ
## 111314

ജോസഫ്
1113141

ത്രേസ്യാമ്മ 11131411 | ജോജി 11131412 | ആനി 11131413

## ആലപ്പാട്ടു കാക്കപ്പൻ ലോനപ്പൻ 111314



ആലപ്പാട്ട കാക്കപ്പെൻ ലോനപ്പനും ഭാര്യയും

തൃശ്ശൂർ സെൻറ് തോമസ്കോളേജിലും തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്കോളേജിലും പഠിച്ചു കഴിഞ്ഞു മദ്രാസിൽ നിയമബിരുദത്തിനു പഠിക്കവേ അകാലചരമമടഞ്ഞു. അദ്ദേഹം ആലപ്പാട്ട് ഔസേപ്പ് കൊച്ചുവറീതിൻെറയും (111411), ഞാറയ്ക്കൽ പുത്തനങ്ങാടി പാപ്പുവിൻെറയും മകൾ ത്രേസ്യയുടെ ഏകമകൾ മറിയാമ്മയെ (1114111) വിവാഹം കഴിച്ചിരുന്നു. 23-ാം വയസ്സിൽ മരിച്ച ലോനപ്പൻ കലാസാംസ്കാരികസ്പോർട്സ്മേഖലകളിൽ ചുരുങ്ങിയ കാലയളവിൽ അസാമാന്യവൈദഗ്ദ്ധ്യം പ്രകടിപ്പിക്കുകയുണ്ടായി. ടിയാൻെറ ഏകമകനാണ് ആലപ്പാട്ട ലോനപ്പൻ ജോസഫ് (1113141).

## ആലപ്പാട്ടു ലോനപ്പൻ ജോസഫ് 1113141



ആലപ്പാട്ട ലോനപ്പൻ
ജോസഫ് 1113141

ശ്രീ. ജോസഫ് ആലപ്പാട്ട് B. A. തൃശ്ശൂർ കാത്തലിക് സിറിയൻബാങ്കിലെ ഡയറക്ടർബോർഡ് അംഗമായി. 16 കൊല്ലം പ്രവർത്തിച്ചു. അദ്ദേഹം കേരളബാങ്കേഴ്സ് അസോസിയേഷൻെറ ഡയറക്ടർകൂടി ആയിരുന്നപ്പോൾ ഒട്ടേറെ തൊഴിൽരഹിതർക്ക് ജോലിസാധ്യതകൾ വർദ്ധിപ്പിക്കുവാൻ ഇടയാക്കിയിട്ടുണ്ട്.

തെങ്ങുകൃഷിരംഗത്തു പ്രശസ്തസേവനമനുഷ്ഠിച്ചതിൻെറ ഫലമായി ഭാരതസർക്കാർ 1977-ൽ ഇൻഡ്യൻനാളികേരവികസനകൗൺസിലിൻെറ അധ്യക്ഷനായി നിയമിച്ചു. ഒപ്പം ഇൻഡ്യൻകാർഷികഗവേഷണകൗൺസിലിൻെറ നിർവ്വഹണസമിതിയംഗ



ആലപ്പാട്ട ലോനപ്പൻ ജോസഫും കുടുംബവും 1113141

വുമായി നിയമിതനായി. ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ, മാലദ്വീപ്, ഫിലിപ്പൈൻസ്, തായ്ലണ്ട്, പപ്പാന്യൂഗിനിയ, ഗൾഫ്രാഷ്ട്രങ്ങളായ ഖത്തർ, കുവൈററ്തുടങ്ങിയ രാജ്യങ്ങളിൽ കേന്ദ്രസർക്കാരിൻെറ ഔദ്യോഗികപ്രതിനിധിയായി പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. ജോസഫ് കേരളത്തിൻെറ കേരമേഖലയെസ്സംബന്ധിച്ച പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതു ദേശീയാന്തർദ്ദേശീയതലങ്ങളിൽ സവിശേഷശ്രദ്ധ പിടിച്ചുപററി.

കാട്ടൂർസഹകരണബാങ്ക്പ്രസിഡൻറ്, ജില്ലാറബ്ബർമാർക്കററിംഗ് സൊസൈററിവൈസ്പ്രസിഡൻറ്, കേരളകാർഷികസർവ്വകലാശാല അക്കാദമിക് ഗവേഷണവിജ്ഞാനവ്യാപാരസമിതികളിലെ അംഗം എന്നീ നിലകളിലെല്ലാം ശ്രീ. ജോസഫ് പ്രവർത്തിച്ചിട്ടുണ്ട്. 1980-ൽ ഭാരതസർക്കാർ, കേരവികസനബോർഡിൻെറ കർഷകപ്രതിനിധിയായി വീണ്ടും നിയമിച്ചു. ആകാശവാണി ഉപദേശകസമിതി അംഗമായി പ്രവർത്തിക്കാനുള്ള അവസരവും അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. കേരളത്തിൻെറ പേരിനും പെരുമയ്ക്കും നിദാനമായ കേരകൃഷിയുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും എന്നെന്നും പടപൊരുതുന്ന പുരോഗമനകേരകർഷകൻകൂടിയാണ് അദ്ദേഹം.

തൈയ്ക്കാട്ടുശ്ശേരി പാറായിൽ അബ്രഹാംതരകൻെറയും കാഞ്ഞിരപ്പിള്ളി കരിമ്പിനാൽ തോമസ്സിൻെറ മകൾ പെണ്ണമ്മയുടെയും മകളായ മറിയമ്മയെ ആ

## ആലപ്പാട്ട് ഇട്ട്യേച്ചൻ കാക്കപ്പൻ ഡോ. ജോർജ്
## 111315

| മേരി 1113151 | ആൻറണി 1113152 |
|---|---|

ണ്° 1961 ജനവരി 2–ാംതിയ്യതി വിവാഹം കഴിച്ചത്. ഇവക്ക് മൂന്നു മക്കളാണ് ഉണ്ട്.

| | | |
|---|---|---|
| 1 | ത്രേസ്യാമ്മ | 11131411 |
| 2 | ജോജി | 11131412 |
| 3 | ആനി | 1113143 |

ജോസഫ് ആലപ്പാട്ട്
''ഗ്രീൻഗാർഡൻസ്''
കരാഞ്ചിറ.

### ആലപ്പാട്ടു ജോസഫ് ത്രേസ്യാമ്മ 11131411

ത്രേസ്യാമ്മയെ കേരളഹൈക്കോടതി റിട്ട. ജസ്റ്റീസ് ജോജ്ജ് വടക്കേലിൻെറയും പാനിക്കളം ഡോ. ജോസഫിൻെറ പുത്രി റോസിയുടെയും പുത്രനും തോഷിബാബാററിയുടെ പ്രൊഡക്ഷൻമാനേജരുമായ ശ്രീ. ജോസഫ് 1982 മേയിൽ വിവാഹം കഴിച്ചു. ഇവക്ക് ഒരു പുത്രനും പുത്രിയും ഉണ്ട്.

### ആലപ്പാട്ടു ലോനപ്പൻ ജോസഫ് ജോർജ് (ജോജി) 11131412

ശ്രീ. ജോജ്ജ് ബിരുദാനന്തരബിരുദമെടുത്തതിനുശേഷം കോയമ്പത്തൂരിൽ കോളേജധ്യാപകജോലിയും ഒപ്പം എം. എഫിൽ പഠനവും നടത്തുന്നു.

### ആലപ്പാട്ടു ലോനപ്പൻ ജോസഫ് ആനി 11131413

തൃശ്ശൂർ വിമലാകോളേജിൽനിന്നു ബിരുദമെടുത്ത ആനിയെ കോട്ടയത്തെ എടയാട്ടിൽ വർഗ്ഗീസിൻെറയും തൃശ്ശൂർ ആട്ടോക്കാരൻ കത്രുകുട്ടിയുടെയും പുത്രൻ അഡ്വക്കേററ് സെബാസ്റ്റ്യൻ (സെബി) 31–12–1987–ൽ വിവാഹം കഴിച്ചു.

### ആലപ്പാട്ടു കാക്കപ്പൻ ജോർജ് 111315



ആലപ്പാട്ട് കാക്കപ്പൻ ജോജ്ജ്
111315

ഡോ എ. കെ. ജോജ്ജ് ബി. എ. (തൃശ്ശൂർ), ബി. എൽ. (മദ്രാസ്), എം. എ. പി. എച്ച്. ഡി. (യു. എസ്. എ.) എന്നീ ബിരുദങ്ങൾക്കുടമയാണ്. 1948–1952കാലഘട്ടത്തിൽ തിരു-കൊച്ചിനിയമസഭാസാമാജികനായിരുന്നു. പിന്നീട് കേന്ദ്രഗവർമെൻറു വിദേശമന്ത്രാലയത്തിൻെറ ഡെപ്യൂട്ടി ഡയറക്ടറായി റിട്ടയർചെയ്തു. ഈ കാലഘട്ടത്തിൽ തെക്കേ അമേരിക്കയിലെ ഗയാനയിലെ ഇന്ത്യൻസ്ഥാനപതികാര്യാലയത്തിൽ ഒരു നയതന്ത്രപ്രതിനിധിയായും ഗയാനസർവ്വകലാശാലയിൽ വിസിററിങ്ങ്പ്രൊഫസറായും ജോലി നോക്കിയിട്ടുണ്ട്. യുണൈറ്റഡ് നേഷൻസ് ഹ്യൂമൻ റൈറേറഴ്സ്ഫെല്ലോ ആയി മലേഷ്യയിലും



ആലപ്പാട്ട കാക്കപ്പൻ ജോജ്ജും കുടുംബവും 111315

സിംഗപ്പൂരും ഗവേഷണം നടത്തിയിട്ടുണ്ട്. റിട്ടയർ ചെയ്തതിനുശേഷം ഇന്ത്യൻകൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിൻെറ സീനിയർഫെല്ലോ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഗയാനയിലെ ഇന്ത്യൻവംശജരെക്കുറിച്ചുള്ള വിവിധപ്രബന്ധങ്ങൾ അന്തർദ്ദേശീയ സമ്മേളനങ്ങളിൽ സമർപ്പിക്കുകയും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യക്കാരുടെ കടിയേറിപ്പാർപ്പിൻെറ 150_ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുവാൻ 1988_ൽ ഇന്ത്യൻ ഉപരാഷ്ട്രപതിയുടെ ഗയാനസന്ദർശനവേളയിൽ, ഒരു പ്രതിനിധിയായി അനുഗമിച്ചിട്ടുണ്ട്.

കോതമംഗലം പി. കെ. കുര്യാക്കോസ് എക്സ്. എം. എൽ. എ. യുടെയും കോതമംഗലം പെരുമ്പിള്ളിച്ചിറ വർക്കിയുടെ മകൾ കുഞ്ഞേലിയുടെയും മകൾ ആനിയെ 17_1_1949_ൽ വിവാഹം കഴിച്ചു. ഇവർക്കു രണ്ടു മക്കളാണുള്ളത്.

1 ശ്രീമതി മേരി ആൻറണി 1113151
2 ശ്രീ. ആൻറണി ജോർജ്ജ് 1113152
(കമ്പ്യൂട്ടർ എഞ്ചിനീയർ, ബാംഗ്ളൂർ)

Dr. A. K. George,
Alapatt House,
Karanchira, P. O. 680702
Phone: 443.

## ആലപ്പാട്ടു ജോർജ് മകൾ മേരി 1113151

ഡോ. എ. കെ. ജോർജ്ജ്മകൾ മേരിയെ മണലൂർ തോപ്പിൽ കോടൻകണ്ടത്തു ശ്രീ. ടി. എ വർഗ്ഗീസിൻെറ മകൻ അന്തോണിവർഗ്ഗീസ് (ബി. കോം) 19_9_1982_ൽ വിവാഹം ചെയ്തു. തിരുവനന്തപുരം ഇന്ത്യൻ ഓവർസീസ്ബാങ്കിൽ ഓഫീസറാണ് അദ്ദേഹം.

Shri. Antony Varghese, B. com
T. C. 11/667, Vayal Lane,
Pattom P. O., Trivandrum—695004.



ഡോ. എ. കെ. ജോർജ്ജ്, എ. കെ. ജോസഫ്, എ. കെ. ലോനപ്പൻ, എ. കെ. ഫ്രാൻസിസ്— പുറകിൽ എ. കെ. ഇട്ട്യേച്ചൻ

# ആലപ്പാട്ട് കൊച്ചുവറീത്
# 11141

ഔസേപ്പ് 11141 — കുഞ്ഞനം 11142 — ചാക്കു 11143

ഔസേപ്പ് 11141:
- കൊച്ചുവറീത് 111411
  - മറിയം 1114111
- മറിയം 111412
- കാക്കപ്പൻ (മരിച്ചു) 111413

ചാക്കു 11143:
- കുഞ്ഞേത്തി 111431
- ഇട്ട്യേച്ചൻ (മരിച്ചു) 111432
- ത്രേസ്യ 111433

## ആലപ്പാട്ടു കൊച്ചുവറീത് ഔസേപ്പ് 11141



ആലപ്പാട്ട കൊച്ചുവറീതു് ഔസേപ്പ് 11141

കാട്ടൂർ പാലത്തിങ്കൽ ലോനച്ചൻമകാം മറിയത്തെ ഔസേപ്പു വിവാഹം കഴിച്ചു. ഇവക്കു മൂന്നു മക്കളുണ്ടു്.

1 കൊച്ചുവറീതു് 111411
2 മറിയം 111412
3 കാക്കപ്പൻ 111413

കരാഞ്ചിറ ദശ്നസഭാരൂപീകരണത്തിനും നവീകരണത്തിനും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ആകാരസൗഷ്ഠവത്തിലും പെരുമാററത്തിലും ബഹുമാനവും സ്നേഹവും പിടിച്ചുപററിയ ഇദ്ദേഹം നാട്ടിലെ പൊതുപ്രവത്തനങ്ങളുടെ നടുത്തുണായിരുന്നു.

## ആലപ്പാട്ടു തോപ്പിൽ ഔസേപ്പ് കൊച്ചുവറീത് 111411

ശ്രീ. കൊച്ചുവറീതു കോയമ്പത്തൂരും തൃശ്ശിനാപ്പിള്ളിയിലുമാണു് വിദ്യാഭ്യാസം നടത്തിയിരുന്നതു്. അദ്ദേഹം ഞാറയ്ക്കൽ പുത്തനങ്ങാടി ചേത്തലയിൽ മൂലയിൽ തരകൻെറ കുടുംബാംഗമായ ജോസഫിൻെറയും മറിയത്തിൻെറയും പുത്രി ത്രേസ്യയെ ആണു് വിവാഹംചെയ്തിരിക്കുന്നതു്. ഇവക്കു് ഒരു



ആലപ്പാട്ട തോപ്പിൽ ഔസേപ്പു കൊച്ചുവറീതും ഭാര്യ ത്രേസ്യയും 111411

മകാംമാത്രമേ ഉള്ളൂ. പ്രമുഖഭൂവുടമയായിരുന്ന കൊച്ചുവറീതു കേരളസർക്കാർ ഭൂപരിധിനിയമം വിളംബരംചെയ്തപ്പോാം സ്വമനസ്സാലെ മര്യാദപ്പാട്ടം നിശ്ചയിച്ചു കുടിയാന്മാക്കു് ഇളവു നല്കിയതും കരാഞ്ചിറഹൈസ്ക്കൂാം, ബിഷപ്പ് ആലപ്പാട്ടു ഹോസ്പിററൽ ഇവയുടെ നിമ്മാണത്തിനു നല്കിയ കനത്ത സംഭാവനകളും എടുത്തുപറയത്തക്കതാണു്.

## ആലപ്പാട്ടു കൊച്ചുവറീത് ഔസേപ്പ് മറിയം 111412

ഒല്ലൂർ കല്ലൂക്കാരൻ അന്തോണി ഔസേപ്പാണു് മറിയത്തെ വിവാഹം കഴിച്ചിരിക്കുന്നതു്.

## ആലപ്പാട്ടു കൊച്ചുവറീത് ഔസേപ്പു കാക്കപ്പൻ 111413

ശ്രീ. കാക്കപ്പൻ ഹൈസ്ക്കൂാംവിദ്യാത്ഥിയായിരിക്കെ വെള്ളത്തിൽ വീണു് അപമൃത്യുവിനിരയായി.

### ആലപ്പാട്ടു കൊച്ചുവറീതു മറിയാമ്മ 1114111

ആലപ്പാട്ട കാക്കപ്പൻ ലോനപ്പനാണ് (111314) മറിയാമ്മയെ 10–2–1936–ൽ വിവാഹം കഴിച്ചിരിക്കുന്നതു്. ശ്രീ. ലോനപ്പൻ ബി. എ., ബി. എൽ–നു പഠിക്കുന്ന കാലത്തു മരിച്ചു. ഇവർക്കു ജോസഫ് എന്ന ഒരു പുത്രനുണ്ടു്. അദ്ദേഹം ഔസേപ്പു കൊച്ചുവറീതിന്റെ (111411) വീട്ടിൽ താമസിക്കുന്നു. ആലപ്പാട്ടു തോപ്പിൽ ഔസേപ്പു കൊച്ചുവറീതിന്റെ ഏകമകളാണു് മറിയാമ്മ. വാഴപ്പിള്ളി തോമ കുഞ്ഞന്നം ആണു് ശ്രീ. ലോനപ്പന്റെ അമ്മ.

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു കാക്കപ്പൻ കൊച്ചുവറീതു ചാക്കുമകൾ കുഞ്ഞേത്തി 111431

മണലൂർ താണിക്കൽ തോപ്പിൽ പൗലോസ് ആണു് കുഞ്ഞേത്തിയെ വിവാഹം കഴിച്ചിരിക്കുന്നതു്.


### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു കാക്കപ്പൻ കൊച്ചുവറീതു് ഇട്ട്യേച്ചൻ 111432

ശ്രീ. ഇട്ട്യേച്ചൻ ചെറുപ്പത്തിലേ മരിച്ചു.

### ആലപ്പാട്ടു ചാക്കു ത്രേസ്യ 111433

മണലൂർ താണിക്കൽ തോപ്പിൽ അന്തോണിയുടെയും പറപ്പൂർ കുണ്ടുകുളം മറിയമ്മയുടെയും മകനായ ടി. എ. ജോസഫ് ത്രേസ്യയെ വിവാഹം കഴിച്ചു. ഇദ്ദേഹം ദക്ഷിണറെയിൽവേയുടെ ജനറൽ മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. അവരുടെ കുടുംബം ഇപ്പോൾ കരാഞ്ചിറയിലാണു് താമസിക്കുന്നതു്. ശ്രീമതി ത്രേസ്യ 8–11–1987–ൽ മരണമടഞ്ഞു. ഇപ്പോൾ ഇളയ പുത്രൻ ആന്റണി തോപ്പിൽ ആ വീട്ടിൽ താമസിക്കുന്നു.

## ആലപ്പാട്ട് കാക്കപ്പൻ അന്തോണി ലോനപ്പൻ




### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് കാക്കപ്പൻ അന്തോണി ലോനപ്പൻ 11161

ശ്രീ. ലോനപ്പനു രണ്ടു മക്കൾ ഉണ്ടായിരുന്നു.

1 ചെർച്ചി (സി. തിയദോര) 111611
2 അന്തോണി 111612

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് കാക്കപ്പൻ അന്തോണി ലോനപ്പൻമകൾ തിയദോര 111611

സി. തിയദോര സെൻറ്. ആൻസ് കോൺവെൻറ് സ്കൂളിൽ ടീച്ചർ ആയും ആലോചനാസഭാംഗമായും വളരെ വർഷങ്ങൾ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. അവർ 1962–ൽ മരണമടഞ്ഞു.

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് കാക്കപ്പൻ അന്തോണി ലോനപ്പൻ അന്തോണി 111612

ശ്രീ. അന്തോണി കരാഞ്ചിറ സെൻറ്. സേവിയേഴ്സ് സ്കൂളിന്റെ മാനേജർ ആയി 25 വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. അദ്ദേഹം മംഗലാപുരത്തു നിന്നു ബി. എ. പാസ്സായിട്ടുണ്ടു്. തൃശ്ശൂർ ആട്ടോക്കാരൻ ദേവസിലാസറിന്റെ മകൾ കൊച്ചുമറിയ

ത്തെ ആണ്  ശ്രീ. അന്തോണി വിവാഹം കഴിച്ചിരിക്കുന്നതു്. 9-3-1966-ൽ ശ്രീ. അന്തോണി മരണമടഞ്ഞു. അവക്ക്  അഞ്ചു മക്കളും ഉണ്ടു്.

| | | |
|---|---|---|
| 1 | മറിയാമ്മ | 1116121 |
| 2 | ലോനപ്പൻ | 1116122 |
| 3 | കത്രീന (സി. റൂബീന) | 1116123 |
| 4 | കൊച്ചുത്രേസ്യ | 1116124 |
| 5 | കുഞ്ഞനം | 1116125 |

## ആലപ്പാട്ടു ലോനപ്പൻ അന്തോണി മറിയാമ്മ 1116121

ആലങ്ങാട്ടുകാരൻ മണവാളൻ സെബാസ്റ്റ്യൻ കുരിയൻ ആണ്  മറിയാമ്മയെ വിവാഹം കഴിച്ചിരിക്കുന്നതു്.

## ആലപ്പാട്ടു ലോനപ്പൻ അന്തോണി ലോനപ്പൻ 1116122

തൃശ്ശൂർ തെക്കേ അങ്ങാടി കളങ്ങര പുളിക്കൽ ഔസേപ്പ്  അന്തോണിയുടെയും മററം ചന്ദ്ര കാക്കശ്ശേരി തോമയുടെ മകൾ കുഞ്ചമ്മയുടെയും മകൾ റോസിയെയാണ്  ലോനപ്പൻ 28-4-1952-ൽ വിവാഹം കഴിച്ചതു്. ഇവക്ക് മൂന്നു മക്കളും ഉണ്ടു്.

| | | |
|---|---|---|
| 1 | ഡോ. ജോസഫ്  ജോൺ ആലപ്പാട്ട്  (എം. ബി. ബി. എസ് , ഡി. എൻ. ഒ.) | 11161221 |
| 2 | ടോണി ജോൺ ബി. എ. | 11161222 |
| 3 | മിസ്സീസ്  മേരിപോൾ പള്ളിക്കാപറമ്പിൽ | 11161223 |

ശ്രീ. ലോനപ്പൻ പതിനഞ്ചു വഷം തൃശ്ശൂർ, സൗത്ത്  ഇന്ത്യൻബാങ്കിൻെറ ഡയറക്ടറായും സോഷ്യൽ വെൽഫെയർ സെൻറർ കുറി യൂണിററ്, തൃശ്ശൂർ, സോഷ്യൽ ഫാറം കുറീസ്  ഇരിങ്ങാലക്കുട, ജനക്ഷേമം കുറീസ്  തൃശ്ശൂർ, ഭാരതക്ഷേമം കുറീസ്  തൃശ്ശൂർ, ക്ഷേമോദയം കുറീസ്  തൃശ്ശൂർ എന്നീ സ്ഥാപനങ്ങളുടെ സ്ഥാപകഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ക്ഷേമോദയം കുറീസിൻെറയും ജനക്ഷേമം കുറീസിൻെറയും ഡയറക്ടറായി ഇദ്ദേഹം ഇപ്പോഴും പ്രവത്തിച്ചുവരുന്നു. തൃശ്ശൂർ ഹിന്ദുസ്ഥാൻ ഫൗണ്ടറി പ്രോഡക്ററിൻെറ മാനേജിങ്ങ്  പാർട്ടണറും കോയമ്പത്തൂർ ഹിന്ദുസ്ഥാൻ ഫൗണ്ടറി പ്രൊഡക്ററിൻെറ പ്രൊപ്രൈററുമാണ്  ശ്രീ. ലോനപ്പൻ.



ആലപ്പാട്ടു ലോനപ്പൻ അന്തോണി ലോനപ്പനും കുടുംബാംഗങ്ങളും 1116122

## ആലപ്പാട്ട് അന്തോണി ലോനപ്പൻ ഔസേപ്പ് 11161221

ഡോ. ജോസഫ് ജോൺ ആലപ്പാട്ട്, എം. ബി. ബി. എസ്., ഡി. എൽ. ഒ. (സെൻറ്. ജോൺസ് മെഡിക്കൽ കോളേജ് ബാംഗ്ലൂർ). കോതമംഗലം പോത്താനിക്കാട്ട് അന്തോണിയുടെയും തച്ചിൽ പോൾ കൊച്ചുത്രേസ്യയുടെയും മകളായ ആനിയെ 17-8-1981-ൽ വിവാഹം കഴിച്ചു. ഇവക്ക് രണ്ടു പുത്രികൾ ഉണ്ട്.

1 റോസ് 111612211
2 ടെസ്സ 111612212



ആലപ്പാട്ട് അന്തോണി ലോനപ്പൻ ഔസേപ്പും കുടുംബവും 11161221

ഡോ. ജോസഫ് ജോൺ ആലപ്പാട്ട ബാംഗ്ലൂർ സെൻറ്. ജോൺസ് മെഡിക്കൽകോളേജിൽ ഇ. എൻ. ടി. ഡിപ്പാർട്ടുമെൻറിൽ ലക്ച്ചറർ ആയി ജോലി നോക്കുന്നു. തൃശ്ശൂർ സൗത്ത്ഇൻഡ്യൻബാങ്കിൻെറ ഡയറക്ടർകൂടിയാണ് ഡോ. ജോസഫ് ജോൺ ആലപ്പാട്ട്.

Dr. Joseph John Alapatt,
House No. 17, VIth Block,
KSHB, Colony, Koramangala,
Bangalore-560034
Phone: 561852 (Bangalore)

## ആലപ്പാട്ടു അന്തോണി ലോനപ്പൻ അന്തോണി (ടോണി) 11161222

ആലപ്പുഴ വടക്കേകളം മാത്യുജോസഫിൻെറയും പാലയിൽ കള്ളിവയലിൽ ബേബിയുടെയും മകളായ എലിസബത്തിനെ (ശാലിനി) 18-5-1986-ൽ




ആലപ്പാട്ട് അന്തോണി ലോനപ്പൻ അന്തോണി (ടോണി) യും കുടുംബവും 11161222

ശ്രീ. ടോണി വിവാഹം കഴിച്ചു. തൃശ്ശൂർ ഹിന്ദുസ്ഥാൻ സെയിൽസ് ആൻറ് എക്സ്പോർട്ട് എന്ന സ്ഥാപനത്തിൻെറ മാനേജിംഗ്പാർട്ടണർ ആയി ശ്രീ. ടോണി സേവനമനുഷ്ഠിച്ചുവരുന്നു.

## ആലപ്പാട്ടു അന്തോണി ലോനപ്പൻ കൊച്ചുമറിയം 11161223

മുത്തോലപുരം പള്ളിക്കാപറമ്പിൽ ദേവസ്യ ജോർജ്ജിൻെറയും കാവാലം പുത്തൻപുരയ്ക്കൽ കുഞ്ഞമ്മയുടെയും മകൻ പോൾ ജോർജ്ജ് 21-10-1984-ൽ കൊച്ചുമറിയത്തെ വിവാഹം കഴിച്ചു. ശ്രീ. പോൾ ജോർജ്ജ് (ഐ. ആർ. എസ്.) കോഴിക്കോട്ട് ഇൻകം ടാക്സിൽ അസിസ്റ്റൻറുഡയറക്ടറാണ്. ഇവക്ക് രണ്ടു പുത്രികൾ ഉണ്ട്.

## ആലപ്പാട്ടു ലോനപ്പൻ അന്തോണി കത്രീന 1116123



സി. റൂബീന

1925-ൽ ജനിച്ച കത്രീന 27-5-1951-ൽ കർമ്മലീത്തകോൺഗ്രിഗേഷൻസഭയിൽ ചേർന്നു, സി. റൂബീന എന്ന പേർ സ്വീകരിച്ചു. M. A. B. Ed ബിരുദധാരിണിയായ സി. റൂബീന വിവിധവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനംചെയ്ത് ഇരിങ്ങാലക്കുട ലിസ്യൂടീച്ചേഴ്സ്

ട്രെയിനിങ്ങ്സ്കൂളിൻെറ പ്രിൻസിപ്പലായി റിട്ടയർ ചെയ്തു. ആയതിനുശേഷം പോട്ടയിൽ (ചാലക്കുടി) ''മഡോണഹോം ഫോർ ദി മെൻറലി റിട്ടാർഡഡ്'' എന്ന സ്ഥാപനത്തിൽ സ്ഥാപനാധ്യക്ഷയായി സിസ്റ്റർ ആതുരസേവനം ചെയ്തുപോരുന്നു.

## ആലപ്പാട്ട് ലോനപ്പൻ അന്തോണി കൊച്ചുത്രേസ്യ 1116124

കണ്ടശ്ശാംകടവ് തോട്ടുങ്കൽ മാത്യുജോസഫ് ആണ് കൊച്ചുത്രേസ്യയെ വിവാഹം കഴിച്ചിരിക്കുന്നത്. കൊച്ചുത്രേസ്യ 27_11_82_ൽ മരിച്ചു.

MAJ. Joseph T. M. (RETD)
Thottungal House
Kandassamkadavu.

---

## ആലപ്പാട്ടു ലോനപ്പൻ അന്തോണി കുഞ്ഞനം 1116125



സി. ഷന്താറം

22_9_1931_ൽ ജനിച്ച കുഞ്ഞനം ജ്യേഷ്ഠത്തിയെ അനുഗമിച്ചു കർമ്മലീത്ത കോൺഗ്രിഗേഷൻ സഭയിൽ 28_5_1954_ൽ ചേർന്നു, സി. ഷന്താറം എന്ന പേരിൽ അറിയപ്പെടുന്നു. B. A. , B. Sc B. Ed ബിരുദധാരിണിയായ സി. ഷന്താറം കർമ്മലീത്തസഭയുടെ വിവിധ ഹൈസ്കൂളുകളിൽ സേവനംചെയ്ത് 26 വർഷങ്ങൾക്കുശേഷം സെൻറ്. ആൻസ് ഗേൾസ് ഹൈസ്കൂൾ, എടത്തുരുത്തി എന്ന സ്ഥാപനത്തിൽനിന്നു ഹെഡ്മിസ്ട്രസായി റിട്ടയർചെയ്തു. സിസ്റ്റർ ഇപ്പോൾ ചാലക്കുടി അന്നനാട് മുഴിയിലുള്ള 'AVARD' എന്ന സ്ഥാപനം ആസ്ഥാനമാക്കി ഗ്രാമസേവനത്തിൽ കർമ്മനിരതയാണ്.



ആലപ്പാട്ട് അന്തോണി ലോനപ്പൻ അന്തോണി 111612



എ. ജെ. അബ്രാഹമും കുടുംബവും 1113117



എ. ജെ. ലോനപ്പനും കുടുംബവും 1113116

# ആലപ്പാട്ടു കാക്കപ്പൻ അന്തോണി പൊറിഞ്ചു

111 1116 11166

| കുഞ്ഞിലക്കുട്ടി | കാക്കപ്പൻ | ചെർച്ചി | മറിയം | ത്രേസ്യ | റോസ | അച്ചാമ | അപ്രേം |
|---|---|---|---|---|---|---|---|
| Kunjlakutty | Kakkappan | Cherchi | Mariyam | Thressia | Rosa | Achamma | Aphram |
| 111661 | 111662 | 111663 | 111664 | 111665 | 111666 | 111667 | 111668 |

Kakkappan 111662:

| ദേവസി | ഡോ. ഫ്രാൻസീസ് | അന്തോണി |
|---|---|---|
| 116611 | 1116612 | 1116613 |

Aphram 111668:

| റീന | മോഹൻ | മീന | നീന |
|---|---|---|---|
| 1116681 | 1116682 | 11166831 | 116684 |



ആലപ്പാട്ട കാക്കപ്പൻ ഔസേപ്പ കാക്കപ്പൻ അന്തോണി പൊറിഞ്ചു 11166

ശ്രീ. അന്തോണി പൊറിഞ്ചു, കാട്ടൂർപഞ്ചായത്തുപ്രസിഡൻറും വിജിലൻസുകമ്മററിമെമ്പറും ആയിരുന്നു. അദ്ദേഹത്തിനു് എട്ടു മക്കളും ഉണ്ടു്.

| | | |
|---|---|---|
| 1 | കുഞ്ഞിലക്കുട്ടി | 111661 |
| 2 | കാക്കപ്പൻ ബി. എ. ബി. എൽ. | 111662 |
| 3 | ചെർച്ചി | 111663 |
| 4 | മറിയം | 111664 |
| 5 | ത്രേസ്യ | 111665 |
| 6 | റോസക്കുട്ടി | 111666 |
| 7 | അച്ചാമ്മ | 111667 |
| 8 | അപ്രേം | 111668 |

വാരാപ്പുഴ പുത്തൻപള്ളി തളിയത്തു കുഞ്ഞിപ്പാലുവിൻെറയും കത്രീനയുടെയും മകൻ മത്തായി ആണു് കുഞ്ഞിലക്കുട്ടിയെ 1932 ജനുവരിയിൽ വിവാഹം കഴിച്ചിരിക്കുന്നതു്.

ശ്രീ. കാക്കപ്പൻ ബി. എ. ബി. എൽ. കഴിഞ്ഞു സൗത്ത്ഇന്ത്യൻബാങ്കിൽ വളരെക്കാലം ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. കൊച്ചിയിൽ പോലീസ്കമ്മീഷണർ ആയിരുന്ന ആട്ടോക്കാരൻ ശ്രീ. എ. എൽ. ദേവസ്സിയുടെയും ചാക്കോള ലോനപ്പൻ മകൾ ഇട്ട്യാനത്തിൻെറയും മകൾ കത്രീനയെയാണു് ശ്രീ. കാക്കപ്പൻ വിവാഹംചെയ്തിരിക്കുന്നതു്. ഇവർക്കു മൂന്നു മക്കളും ഉണ്ടു്.

| | | |
|---|---|---|
| 1 | എ. കെ. ദേവസ്സി B.Sc Eng. | 1116621 |
| 2 | ഡോ. ഫ്രാൻസീസ് കെ. ആലപ്പാട്ടു് M. B. B. S. | 1116622 |
| 3 | ആൻറണി കെ. ആലപ്പാട്ടു് B. E. | 1116623 |

ശ്രീ. ദേവസ്സി ബി. ഇ. എസ്സാർ ഷിപ്പിങ്ങിൽ ചീഫ് എഞ്ചിനീയറാണു്. പറവൂർ പാനിക്കളം റോസിൻെറയും മണവാളൻ അന്തോണിയുടെയുംമകൾ മേരിയെ ദേവസ്സി 1973_ൽ വിവാഹം കഴിച്ചു. ഇവർക്കു രണ്ടു മക്കളും ഉണ്ടു്.

| | |
|---|---|
| കത്രീന | 11166211 |
| റോസ് | 11166212 |

Sri. A. K. Devassy
2nd Floor
khedervavaskham Road
Brindavan, Madras - 600006
Phone: 475074 (Madras)

### ആലപ്പാട്ടു പൊറിഞ്ചു കാക്കപ്പൻ ഫ്രാൻസീസ് 1116622

ഡോ. കാക്കപ്പൻ ഫ്രാൻസീസ്, എം. ബി. ബി. എസ്. എരിയാട്ട സേവനമനുഷ്ഠിക്കുന്നു. വടക്കാഞ്ചേരി ചുങ്കത്തു സി. എ. ജോർജിന്റെയും നീലങ്കാവിൽ റോസിയുടെയും മകൾ ഷയിനിയെ ആണ് ഡോ. ഫ്രാൻസീസ് വിവാഹം കഴിച്ചിരിക്കുന്നത്. 22_12_1987_നായിരുന്നു വിവാഹം.

Kakkappan Francis
River view,
Karanchira
Phone: 241, Kattoor.

### ആലപ്പാട്ട് അന്തോണി പൊറിഞ്ചു ചെറിച്ചിക്കുട്ടി 111663

കണ്ടശ്ശാംകടവു തോട്ടുങ്ങൽ മാത്യുവിന്റെയും മറിയത്തിന്റെയും മകൻ അന്തോണിയാണ് 2_10_1939_ൽ ചെർച്ചിക്കുട്ടിയെ വിവാഹം കഴിച്ചിരിക്കുന്നത്. ശ്രീ. ടി. എം. അന്തോണി മണലൂർ പഞ്ചായത്തുപ്രസിഡൻറായും കേന്ദ്രകേരബോർഡംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

### ആലപ്പാട്ട് അന്തോണി പൊറിഞ്ചു മറിയം 111664

ചങ്ങനാശ്ശേരി ചെറുക്കര ജോസഫ് സക്കറിയ ആണ് മറിയത്തെ വിവാഹം കഴിച്ചിരിക്കുന്നത്. അദ്ദേഹം കേരളപോലീസിൽ ഡെപ്യൂട്ടിസൂപ്രണ്ട് ആയി റിട്ടയർചെയ്തു.

### ആലപ്പാട്ട് അന്തോണി പൊറിഞ്ചു ത്രേസ്യ 111665

വാരാപ്പുഴ പുത്തൻപള്ളി തളിയത്തു ലോനക്കുട്ടിയുടെയും റോസമ്മയുടെയും മകൻ ടി. എൽ. വക്കിയാണ് ത്രേസ്യയെ വിവാഹം കഴിച്ചിരിക്കുന്നത്.

### ആലപ്പാട്ടു അന്തോണി പൊറിഞ്ചു റോസക്കുട്ടി 111666

കറുകുറ്റി നടുവിലെ വീട്ടിൽ പൈനാടത്തു വക്കി പൈലോതിന്റെയും റോസമ്മയുടെയും മകനായ പോൾ ആണ് റോസക്കുട്ടിയെ 10_2_47_ൽ വിവാഹം കഴിച്ചിരിക്കുന്നത്. ശ്രീ. പോൾ ഗവ. പ്ലീഡറും പബ്ലിക്പ്രോസിക്യൂട്ടറും ആയിരുന്നു.

### ആലപ്പാട്ടു അന്തോണി പൊറിഞ്ചു അച്ചാമ്മ 111667

കണ്ടശ്ശാംകടവു തോട്ടുങ്ങൽ മാത്യുവിന്റെയും മറിയത്തിന്റെയും മകൻ ഫ്രാൻസീസ് ആണ് 12_2_1947_ൽ അച്ചാമ്മയെ വിവാഹം കഴിച്ചിരിക്കുന്നത്.



ആലപ്പാട്ട് അന്തോണി പൊറിഞ്ചു അപ്രേമും കുടുംബവും 111668

### ആലപ്പാട്ടു അന്തോണി പൊറിഞ്ചു അപ്രേം 111668

ശ്രീ. അപ്രേം ബി. എസ്. സി, ബി. ഇ. ടാററാകമ്പനിയിൽ എക്സിക്യൂട്ടീവ് ആയി റിട്ടയർ ചെയ്തു. തൃശ്ശൂർ സൗത്ത്ഇന്ത്യൻബാങ്കിന്റെ ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

തൃശ്ശൂർ ചാണ്ടി ഡോ. സി. ജെ. അന്തോണിയുടെ മകൾ ലിസിയെ ആണ് അപ്രേം 4_5_1959_ൽ വിവാഹം കഴിച്ചിരിക്കുന്നത്. ഈ ദമ്പതിമാർക്ക് നാലു മക്കൾ ഉണ്ട്.

| | | | |
|---|---|---|---|
| 1 | റീന | M. B. B. S. | 1116681 |
| 2 | മോഹൻ | B. E. | 1116682 |
| 3 | മീന | B. Com | 1116683 |
| 4 | നീന | B. Com | 1116684 |

Sri. A. F. Aprem
Thoppil House
River view, P.O. Karanchira
Trichur — 680702, Phone241, Kattoor.

### ആലപ്പാട്ടു പൊറിഞ്ചു അപ്രേം റീന 1116681

മൂക്കന്നൂർ മഞ്ഞിക്കാട്ട മാടാശ്ശേരി ജോസഫിന്റെയും ഔസേപ്പ് കഞ്ഞുവറീതുമകൾ അന്നയുടെയും മകൻ ജോസഫ് (പി. എച്ച്. ഡി.) ആണ് റീനയെ 3_4_1989_ൽ വിവാഹം കഴിച്ചിരിക്കുന്നത്.

**ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് കുഞ്ഞിപ്പാലു കുരിയ തോമ**

**1 11 112 1121 11211**

കുഞ്ഞിപ്പാലു 112111 — കുഞ്ഞുവറീത്ത് 112112 — റോസക്കുട്ടി 112113 — കുരിയൻ 112114 — കൊച്ചുമണ്ട മേരി 112115

മറിയമ്മ 11121141 — വിൻസെൻറ് 1121142 — ജെബ്കോ 1121143 — സെനി 1121144 — ടെസ്സി 1121145

പവൽ 1121121 — ഷെർളി 1121122 — അന്തോണി 1121123 — ലിസി 1121124 — തോമസ് 1121125 — റോസമ്മ 1121126 — ബോള 1121127 — കൊച്ചുത്രേസ്യ 1121128 — ജോസ് 1121129 — കുരിയൻ 112112 — പിസ 112112

ജോസഫ് 11211251

വിജിൽ 11211211 — ടിന്റു 11211212

ടോമി 1121111 — സുശീല 1121112 — സ്റ്റെല്ല 1121113 — റോസിലി 1121114 — ലാസർകുട്ടി 1121115 — ബീന 1121116

നില 11211111 — അമൽ 11211112 — ഭാവന 11211113

അല 11211151 — അനില 11211152

## ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ്
## കുഞ്ഞിപ്പാലു കുരിയ 1121

ആലപ്പാട്ട കുഞ്ഞിപ്പാലു കുരിയയ്ക്കു മൂന്നു മക്കളും ഉണ്ടായിരുന്നു.

| | | |
|---|---|---|
| 1. | തോമ | 11211 |
| 2. | ഇട്ടപ്പ് | 11212 |
| 3. | മറിയംകുട്ടി | 11213 |

## ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ്
## കുഞ്ഞിപ്പാലു കുരിയ തോമ 11211



ആലപ്പാട്ട കാക്കപ്പൻ ഔസേപ്പ കുഞ്ഞിപ്പാലു കുരിയ തോമ 11211

ശ്രീ. തോമ ആലപ്പാട്ട കുഞ്ഞിപ്പാലു കുരിയയുടെ മൂത്ത പുത്രനാണ്. അദ്ദേഹം എടത്തുരുത്തി താടിക്കാരൻ കുഞ്ഞുവറീതുവൈദ്യരുടെ മകൾ മറിയാമ്മയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. ആലപ്പാട്ട തോമ ഒരു പൊതു പ്രവർത്തകനും ജനസമ്മതനുമായിരുന്നു. അദ്ദേഹം 1924-ൽ കൊച്ചിൻനിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട എം. എൽ. സി. ആയിരുന്നു. ശ്രീ. തോമയുടെയും അദ്ദേഹത്തിൻെറ അനുജൻ ഇട്ടപ്പിൻെറയും കഠിനാധ്വാന ഫലമായി, കാട്ടൂരിൽ ഒരു മാർക്കററു സ്ഥാപിക്കുവാൻ സാധിച്ചു. ഒരു ചാക്ക് അരിക്ക് അഞ്ചു രൂപ ഉണ്ടായിരുന്ന കാലത്ത് അമ്പതിനായിരം രൂപ മുതൽമുടക്കി കെട്ടിപ്പടുത്തതാണ് കൊച്ചിയിലെ തന്നെ പേരെടുത്ത കാട്ടൂർചന്ത. ഇന്നു കേരളത്തിൽ സ്വന്തമായി നടത്തുന്ന ഏകമാർക്കററും ഇതുതന്നെയാണ്. കാട്ടൂർ ആശുപത്രിക്കു വേണ്ട സ്ഥലം ദാനമായി നല്കിയതും ഇവർതന്നെയാണ്. ശ്രീ. ആലപ്പാട്ട തോമയ്ക്ക് അഞ്ചു മക്കൾ ഉണ്ടായിരുന്നു. അദ്ദേഹം 7_12_1936_ൽ നാല്പത്തിഒന്നാമത്തെ വയസ്സിൽ മരണമടഞ്ഞു.

| | | |
|---|---|---|
| 1 | എ. ടി. കുഞ്ഞിപ്പാലു | 112111 |
| 2 | എ. ടി. കുഞ്ഞുവറീത് | 112112 |
| 3 | എ. ടി. റോസക്കുട്ടി | 112113 |
| 4 | എ. ടി. കുരിയൻ | 112114 |
| 5 | എ. ടി. മേരി | 112115 |

## ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു
## കുഞ്ഞിപ്പാലു കുരിയ തോമ
## കുഞ്ഞിപ്പാലു 112111

ശ്രീ. തോമ കുഞ്ഞിപ്പാലു കാട്ടൂർഗ്രാമത്തിൻെറ അരുമസന്താനമായിരുന്നു. പൊതുകാര്യപ്രസക്തനും, ജനസമ്മതിയാർജ്ജിച്ചയാളുമായിരുന്നു. 1942_ൽ കൊച്ചിയിലെ ഏററവും പ്രായം കുറഞ്ഞ സമാജികനായിരുന്നു. അപ്പോൾ അദ്ദേഹത്തിന് 25 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. കാട്ടൂർസ്ക്കൂളിലെ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. മുട്ടത്തു പൊറിഞ്ചു ലാസറിൻെറയും മേക്കാട്ടുകുളം വാറുമകൾ കുഞ്ഞനത്തിൻെറയും മകൾ കത്രീനയെ 19_5_1938_ൽ വിവാഹംചെയ്തു. ഇവർക്ക് ആറു മക്കളുണ്ട്.





ആലപ്പാട്ട കാക്കപ്പൻ ഔസേപ്പ കുഞ്ഞിപ്പാലു കുരിയ തോമ കുഞ്ഞിപ്പാലുവും ഭാര്യയും. 112111

| | | |
|---|---|---|
| 1 | ടോമി | 1121111 |
| 2 | സുശീല | 1121112 |
| 3 | സ്റ്റെല്ല | 1121113 |
| 4 | റോസിലി | 1121114 |
| 5 | ലാസർ | 1121115 |
| 6 | ബീന | 1121116 |

## ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു
## ടോമി 1121111

ശ്രീ. ടോമി കരാഞ്ചിറസ്ക്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷൻമാസ്ററായി സേവനമനുഷ്ഠിക്കുന്നു. കല്ലൂർ അടപ്പൂർ പുത്തൻപുരയ്ക്കൽ ഉലഹന്നാൻ വർഗ്ഗീസിൻെറയും കല്ലൂർ ചാരുവേലിയിൽ അന്നമ്മയുടെയും മകളായ മേഗിയെയാണ് 18_6_1969_ൽ ശ്രീ. ടോമി വിവാഹം കഴിച്ചിരിക്കുന്നത്. ഇവർക്കു മൂന്നു മക്കൾ ഉണ്ട്.



ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു ടോമിയും കുടുംബവും 1121111

1 നില 11211111
2 അമൽ 11211112
3 ഭാവന 11211113

Sri. A. K. Tomy
Alapatt House, Kattoor
Phone: 395 (Kattoor).

## ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു
## സുശീല 1121112

പള്ളിപ്പാട്ട് അകായിൽ കോടൻകണ്ടത്തു വറീതിന്റെയും പുത്തൻചിറ കൂനൻ ബ്രിജീത്തയുടെയും മകനായ ഫ്രാൻസീസാണ് സുശീലയെ വിവാഹം കഴിച്ചിരിക്കുന്നതു്. അദ്ദേഹം കോയമ്പത്തൂർ ടെക്സ്റ്റയിൽ കമ്മീഷണർ ഓഫീസിൽ ഡെപ്യൂട്ടിഡയറക്ടറാണ്. ഇവർ കോയമ്പത്തൂരിൽത്തന്നെ താമസമാക്കിയിരിക്കുകയാണ്. ഈ ദമ്പതികൾക്കു ഷോബി, ബിജി, ജീന എന്നീ മൂന്നു മക്കളുണ്ടു്.

K. V. Francis
Kodankandath House
Govindaswami Layout
Plot No: 19, Tatabad
Coimbatore

## ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു
## സ്റ്റെല്ല 1121113

ഞാറയ്ക്കൽ പുത്തനങ്ങാടി ഷെവലിയാർ ആർട്ടിസ്റ്റ് പി.ജെ. ചെറിയാന്റെയും കത്തിയതോട്ട് എലിഞ്ഞാക്കൽ ഉണിച്ചാരുടെയും മകനായ വർഗ്ഗീസ് 30_9_1966_ൽ സ്റ്റെല്ലയെ വിവാഹംചെയ്തു. ഇവർ മദ്രാസ്സിൽ ബിസിനസ്സ്സംബന്ധമായി സ്ഥിരതാമസമാക്കിയിരിക്കുന്നു. ഇവർക്കു കല, ചെറി, കവിത എന്നീ മൂന്നു മക്കളുണ്ടു്.

Sri. Varghese cherian,
78, Pondi Bassar
T. Nagar, Madras - 600 017.

## ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു
## റോസിലി 1121114

തൃശ്ശൂർ പറോക്കാരൻ ആന്റണിയുടെയും കൊററമുത്തി പുത്തേൽ കുഞ്ഞാളിച്ചിയുടെയും മകനായ ജോസ് ആണ് റോസിലിയെ വിവാഹം കഴിച്ചിരിക്കുന്നതു്. ഇദ്ദേഹം ബോംബയിൽ സ്റ്റേററു ബാങ്ക് ഓഫ് ഇന്ത്യയിൽ റീജനൽമാനേജരായി ജോലി നോക്കുന്നു. ഇവർക്ക് അജി, അനിത എന്നീ രണ്ടു മക്കളുണ്ടു്.

Mr. Jose P. Antony
"Meghdoot" Flat No: 11
2nd Floor, Kol Dongri Road off
Sagar Road, Andhari East
Bombay — 400 069.

## ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു
## ലാസർക്കുട്ടി 1121115



ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു ലാസർകുട്ടിയും കുടുംബവും 1121115

ശ്രീ. ലാസർകുട്ടി എറണാകുളം തോമസ്സ് അന്തോണിയുടെയും മേരിയുടെയും മകൾ അനുവിനെയാണ് വിവാഹം കഴിച്ചിരിക്കുന്നതു്. ഇവർ രണ്ടു പേരും കെനിയയിൽ അധ്യാപകരായി സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് അല, അനില എന്നീ രണ്ടു പെൺമക്കളുണ്ടു്.

Lazar K. Alapatt
P. B. No. 99493
Mombassa - Kenya.

## ആലപ്പാട്ടു തോമ കുഞ്ഞിപ്പാലു
## ബീന 1121116

തൃശ്ശൂർ കോനിക്കര അഡ്വക്കേററ് കെ. ജെ. ജോസഫിൻെറയും തൃശ്ശൂർ മൂക്കൻ സാരയുടെയും മകനായ ജോസാണ് ബീനയെ വിവാഹം കഴിച്ചിരിക്കുന്നതു്. ഇവർ ബിസിനസ്സ്സംബന്ധമായി എറണാകുളത്തു താമസമാക്കിയിരിക്കുന്നു. ഇവക്കു സൈര, സുമി. ആൻറണി എന്നീ മൂന്നു മക്കളുണ്ടു്.

## ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് കുഞ്ഞിപ്പാലു കുരിയ തോമ കുഞ്ഞുവറീത് 112112



ആലപ്പാട്ട തോമ കുഞ്ഞുവറീതു് 112113

ആലപ്പാട്ട തോമ കുഞ്ഞുവറീതു കാട്ടൂർഹൈസ്കൂളിൽ പഠനം പൂർത്തിയാക്കി തൃശ്ശിനാപ്പള്ളി, എറണാകുളം, മദ്രാസ് മുതലായ സ്ഥലങ്ങളിൽ ഉപരിപഠനം നടത്തി,ബി. എസ്. സി. ബി. എൽ. ബിരുദമെടുത്തു പ്രാക്ടീസ് ആരംഭിച്ചു. ഇരിങ്ങാലക്കുടയിലെ ഒരു പ്രശസ്തവക്കീലായ തൃശ്ശൂർ ചാലിശ്ശേരി അന്തോണി പൈലോതിൻെറയും തൃശ്ശൂർ പല്ലൻ പൈലൻമകറം കുഞ്ഞിലക്കുട്ടിയുടെയും മകറം റോസിയെയാണ് വിവാഹം കഴിച്ചിരിക്കുന്നതു്. 1939 മെയ് 1-ന് ആയിരുന്നു വിവാഹം. ശ്രീമാൻ കുഞ്ഞുവറീതു കാട്ടൂർഹൈസ്കൂളിൻെറ മാനേജരായി പല വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. അദ്ദേഹം 1976 ജനവരി 9-നു മരിച്ചു. ഇവക്കു പതിനൊന്നു മക്കറം ഉണ്ടു്.

| | | |
|---|---|---|
| 1 | പവൽ | 1121121 |
| 2 | ഷർളി | 1121122 |
| 3 | അന്തോണി | 1121123 |
| 4 | ലിസി | 1121124 |
| 5 | തോമസ് | 1121125 |
| 6 | റോസമ്മ | 1121126 |
| 7 | ബോളെം (ഫിലോമിന) | 1121127 |
| 8 | കൊച്ചുത്രേസ്യ | 1121128 |
| 9 | ജോസ് | 1121129 |
| 10 | കരിയൻ | 1121129 A |
| 11 | വിസി (വിൻസെൻറ്) | 1121129 B |



ആലപ്പാട്ട തോമ കുഞ്ഞുവറീതു ഭാര്യ റോസിയും മകൻ വിസ്സിയും 112112

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു
## പവൽ 1121121

ആലപ്പാട്ട തോമ കുഞ്ഞുവറീതിൻെറ മകൻ പവൽ തൃശ്ശൂർ സെൻറ്. തോമാസ്, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ പഠനം കഴിഞ്ഞു തിരുവനന്തപുരത്തു് എഞ്ചിനീയറിംഗ്കോളേജിൽനിന്നു ബി. ഇ. പാസ്സായി മിലിററിയിൽ കമാണ്ടറായി (വർക്കു് എഞ്ചിനീയർ) മഹാരാഷ്ട്ര നാസിക്കിൽ സേവനമനുഷ്ഠിക്കുന്നു.



ആലപ്പാട്ട തോമ കുഞ്ഞുവറീതു പവൽ ഭാര്യ ത്രേസ്യാമ്മയും 1121121

പാററയ്ക്കൽ പി. എസ്. ഡേവിഡിൻെറയും പൊച്ചയിൽ അമ്പൂക്കൻ അപ്രേം, കൊച്ചുത്രേസ്യയുടെയും മകഠം അച്ചാമ്മയെയാണ് വിവാഹംചെയ്തിരിക്കുന്നതു്. 23-4-1969-ൽ ആയിരുന്നു ഇവരുടെ വിവാഹം. ഈ ദമ്പതിമാക്കു രണ്ടു മക്കഠം ഉണ്ടു്.

1 വിജിൽ 11211211
2 ടിനു 11211212

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു ഷെർളി 1121122

ശ്രീമതി ഷെർലിയുടെ ഭത്താവു കടമക്കുടി മണവാളൻ ജോയിയാണ്. കടമക്കുടി പൗലോസ് ചെറിയയുടെയും പറവൂർ കണ്ടകുളം ഔസേപ്പു ത്രേസ്യയുടെയും മകൻ ജോയി പറവൂരിൽ വക്കീലായിരുന്നു. അദ്ദേഹം 1976-ൽ ഏപ്രിലിൽ മരണമടഞ്ഞു.

ശ്രീമതി കടമക്കുടി മണവാളൻ
ചെറിയ ജോയി
കടമക്കുടി, വഴി പറവൂർ.

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു അന്തോണി 1121123

ശ്രീ. അന്തോണി കാട്ടൂർഹൈസ്കൂളിലാണ് പഠിച്ചതു്. സാക്ഷരതാധ്യാപകനായും എസ്. യു. ഡി. പി. സെക്രട്ടറിയായും സ്ലൗട്ടുവിഭാഗത്തിൽ മാസ്ററററായും കാട്ടൂർസ്കൂഠംഅംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ഇപ്പോഠം ശ്രീ. അന്തോണി പ്ലൈവുഡ്ബിസ്സിനസ് നടത്തുന്നു.



ആലപ്പാട്ടു തോമ കുഞ്ഞുവറീതു് അന്തോണിയും ഭാര്യയും 1121123

അന്നമനട ആലത്തൂർ ഊക്കൻ മാത്തു ഔസേപ്പിൻെറയും നടവരമ്പു പൊട്ടത്തുപറമ്പിൽ ശോശന്നത്തിൻെറയുംമകഠം എൽസിയെയാണ് 15-8-1985-ൽ വിവാഹംചെയ്തിരിക്കുന്നതു്.

പിൻ. 680 702, കാട്ടൂർ
ഫോൺ. 27079, തൃശ്ശൂർ

## ആലപ്പാട്ടു തോമ കുഞ്ഞുവറീത് ലിസി 1121124

ആലപ്പാട്ടു കുഞ്ഞുവറീതു ലിസിയെ നെയ്തക്കുടി മാള മാമ്പിള്ളി സാനിയുടെയും പട്ടേരി മറിയം (കൊമ്പത്തുകാവു്) മകൻ തോമാസാണ് 22-10-1971-ൽ വിവാഹം ചെയ്തിരിക്കുന്നതു്. ശ്രീ. തോമസ് ഗുജറാത്തിലെ സൂററററിൽ ഗവ: ഫിഷറീസ്ഡിപ്പാർട്ടുമെൻറിൽ സേവനംചെയ്യുന്നു.

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു തോമസ് 1121125

ആലപ്പാട്ടുകുഞ്ഞുവറീതു തോമസ് കാട്ടൂർസ്കൂളിലും തുടന്നു തൃശ്ശൂർ സെൻറ്: തോമസ്കോളേജിലും പഠിച്ചു. ശ്രീ. തോമസ് കാവാലപ്പറമ്പിൽ ലൂയിസ് അന്തോണിക്കുട്ടി (തേവര, എറണാകുളം) യുടെയും വെളിയനാടു പഞ്ചാരമംഗശ്ശേരി ചാക്കോച്ചൻെറയും ചേച്ചമ്മയുടെയും മകളായ മറിയമ്മയെ ആണ് വിവാഹം ചെയ്തിരിക്കുന്നതു്. 22-6-1980-ലായിരുന്നു വിവാഹം. ഇവക്കു ജോസഫ്, ആൻറണി, റോസ്മോളു എന്നീ മക്കളുണ്ടു്. ശ്രീ. തോമസിനു തൃശ്ശൂരിൽ പ്ലൈവുഡ് ബിസിനസ്സാണ്.



ആലപ്പാട്ടു തോമ കുഞ്ഞുവറീതു തോമസ് 1121125

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു റോസമ്മ 1121126

ശ്രീമതി ആലപ്പാട്ടു കുഞ്ഞുവറീതു റോസമ്മയുടെ ഭത്താവു് എടത്തിരുത്തി താടിക്കാരൻ ജോസഫ് പോളിയാണ്. 5-5-1976-ൽ വിവാഹം കഴിഞ്ഞു.

ചങ്ങാലൂർ പൂത്തോക്കാരൻ കുഞ്ഞിപൈലോ മേരിയാണ് പോളിയുടെ അമ്മ. ശ്രീ. പോളി എഫ്. എ. സി. ടി. (കൊച്ചിൻ)യിൽ ജോലിചെയ്യുന്നു. റോസമ്മ സൗത്തു് ഇന്ത്യൻബാങ്കിൽ ജോലി ചെയ്തു വരുന്നു.

ശ്രീ. ടി. ജെ. പോളി,
താടിക്കാരൻ ഹൗസ്,
വലൻത്താരത്തു് റോഡ്,
ത്രിപൂണിത്തറ.

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു ഫിലോമിന 1121127

അങ്കമാലിയിൽ മുഞ്ഞേലി ജോസഫിൻെറയും ഒല്ലൂർ വടക്കേത്തല പാവുണ്ണി മകൾ ക്രിസ്റ്റീനയുടെയും മകനായ ഐ. ജെ. ജോയ് ആണ് ഫിലോമിനയെ വിവാഹം ചെയ്തിരിക്കുന്നതു്. 29_5_1977_നായിരുന്നു വിവാഹം. ശ്രീ. ജോയി പെരുമ്പാവൂർ സൗത്തു് ഇന്ത്യൻബാങ്കിൽ ഓഫീസ്സറാണ്. ശ്രീമതി ഫിലോമിനയും (ബോളയും) സൗത്തു് ഇന്ത്യൻബാങ്കിൽജോലിചെയ്യുന്നു.

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു കൊച്ചുത്രേസ്യ 1121128

കാട്ടുകുററി ചിറമ്മേൽ അന്തോണിയുടെയും ഏല്യക്കുട്ടിയുടെയും മകൻ ജോൺസൺ 23_5_1981_ൽ കൊച്ചുത്രേസ്യയെ വിവാഹംചെയ്തു. ശ്രീ. ജോൺസൺ കാട്ടുകുററിയിൽ ഒരു ഫിനാൻസ് കമ്പനി നടത്തുന്നു. കൊച്ചുത്രേസ്യ കാത്തലിക്ക് സിറിയൻബാങ്കിൽ ജോലിചെയ്തുവരുന്നു.

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു ജോസ് 1121129



ആലപ്പാട്ട തോമ കുഞ്ഞുവറീതു ജോസും ഭാര്യയും 1121129

ശ്രീ. ജോസിൻെറ വിദ്യാഭ്യാസം കാട്ടൂർഹൈസ്കൂളം, സെൻറ് അലോഷ്യസ്കോളേജ്, എൽത്തുരുത്തു് എന്നിവിടങ്ങളിലായിരുന്നു. ഇപ്പോൾ കാത്തലിക്സിറിയൻ ബാങ്കിൻെറ തിരുവനന്തപുരത്തെ തക്കാലബ്രാഞ്ചിൽ ഓഫീസർ ആണ്. തൃശ്ശൂർ പല്ലൻ അന്തോണി ജോസിൻെറ മകൾ മോളിയെ ആണ് ജോസ് കല്യാണം കഴിച്ചിരിക്കുന്നതു്.

ആലപ്പാട്ട കുഞ്ഞുവറീതു ജോസ്,
കാത്തലിക്സിറിയൻബാങ്ക്,
തക്കാലബ്രാഞ്ച്
തിരുവനന്തപുരം-695615

## ആലപ്പാട്ടു തോമ കുഞ്ഞുവറീതു കുര്യൻ 1121129A

എൽത്തുരുത്തു സെൻറ് അലോഷ്യസ്കോളേജിൽനിന്നു ബി. എ. ബിരുദം സമ്പാദിച്ചതിനുശേഷം പ്ലൈവുഡ്വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നു.

എ. കെ. കുരിയൻ,
S/o കുഞ്ഞുവറീതു്,
ആലപ്പാട്ട ഹൗസ്,
കാട്ടൂർ-680702.

## ആലപ്പാട്ടു തോമ കുഞ്ഞവറീതു വിൻസെൻറ് 1121129B

ആലപ്പാട്ട കുഞ്ഞുവറീതു വിൻസെൻറ് തൃശ്ശൂർ സെൻറ്തോമസ് കോളേജിൽനിന്നു ബി. എസ്. സി. ബിരുദമെടുത്തു.

## ആലപ്പാട്ടുകുരിയ തോമ മകൾ റോസക്കുട്ടി 112113

കാട്ടൂർ പാനിക്കുളം എബ്രഹാമിൻെറയും ആലപ്പാട്ട, കുഞ്ഞായിയുടെയും മകനായ P. A. ജോസഫ് B.A.,B.T ആണ് റോസക്കുട്ടിയെ വിവാഹം കഴിച്ചിരിക്കുന്നതു്. ശ്രീ. ജോസഫ് കാട്ടൂർ ഹൈസ്കൂളിലെ ഹെഡ്മാസ്ററായി റിട്ടയർചെയ്തു. ഇവർക്കു വിൻസെൻറ്, വിക്ടോറിയ, മേരിവിജയം എന്നീ മൂന്നു മക്കളുണ്ട്.

ശ്രീ. പി. എ. ജോസഫ് ബി. എ, ബി. ട്ടി,
പാനികളം ഹൗസ്,
നിയർ കാട്ടൂർചർച്ച്
കാട്ടൂർ പി. ഒ.

## ആലപ്പാട്ടു കാക്കപ്പൻ ഒസേപ്പ് കുഞ്ഞിപ്പാലു കുരിയ തോമൻ കുരിയൻ (112114)



എ. ടി. കുരിയൻ 112114

ശ്രീ. ആലപ്പാട്ട തോമ കുരിയൻ കാട്ടൂർഹൈസ്കൂളിൽനിന്നു് എസ്. എസ്. എൽ. സി. പാസ്സായി. പിന്നീടു് ബി. എ. ബി. ടി. കഴിഞ്ഞു കാട്ടൂർ ഹൈസ്കൂളിൽ അധ്യാപകനായിരിക്കേ 19_10_1980_ൽ മരിച്ചു. മുല്ലശ്ശേരിയിൽ കാക്കശ്ശേരി ചാക്കപ്പന്റെയും അരണാട്ടുകര തേറാട്ടിൽ ചാക്കപ്പൻ മകൾ കുഞ്ഞിലയുടെയും മകളായ മേരിയെ 11_8_1951_ൽ വിവാഹംചെയ്തു. ഇവർക്കു രണ്ടു പെൺമക്കളും മൂന്നു് ആൺമക്കളുമാണു് ഉള്ളതു്. മൂന്നാമത്തെ മകൻ ഡെന്നി പ്രീമിയർ പോളി കോട്സ് ലിമിറ്റഡിൽ മാർക്കറ്റിങ്ങ് അസിസ്റ്റന്റായി മദ്രാസിൽ ജോലി നോക്കുന്നു.



ആലപ്പാട്ട തോമൻ കുരിയൻ ഭാര്യയും കുടുംബവും 112114

| | | |
|---|---|---|
| 1 | മറിയാമ്മ | 1121141 |
| 2 | വിൻസന്റ് | 1121142 |
| 3 | ജെബ്ക്കോ | 1121143 |
| 4 | ഡെന്നി | 1121144 |
| 5 | ടെസി | 1121145 |

Mrs. Mary Kurian,
Alapatt House,
Kattoor, Via Injalakuda,
Pin-680 702
ഫോൺ 433 കാട്ടൂർ

## ആലപ്പാട്ടു തോമ കുരിയൻ മകൾ മറിയാമ്മ 1121141

കുരിയന്റെ മകൾ മറിയാമ്മ വിവാഹിതയാണു്. മൂഴിക്കുളം താടിക്കാരൻ ടി. ഡി. പൗലോസിന്റെയും താണ്ടമ്മ പൗലോസിന്റെയും മകനായ ജോസാണു് വിവാഹം ചെയ്തിരിക്കുന്നതു്. ശ്രീ. ജോസ് എം. കോം. തളിപ്പറമ്പുകോളേജിൽ പ്രൊഫസറാണു്. ഇവരുടെ വിവാഹം 30_5_'73_നു നടന്നു.

## ആലപ്പാട്ടു തോമ കുരിയൻ വിൻസെന്റ് 1121142

ശ്രീ. വിൻസെന്റു ബി. എ. ബി. എഡ് ബാംഗ്ലൂരിൽനിന്നു പാസ്സായി. കാട്ടൂർഹൈസ്കൂളിൽ അധ്യാപകനാണു്. വിൻസെന്റ് കൊരട്ടിയിൽ വളവി കുര്യാക്കോസിന്റെയും തൃപ്പൂണിത്തുറ പാലത്തിങ്കൽ ജോസഫിന്റെ മകൾ ത്രേസ്യാമ്മയുടെയും മകളായ ടെസിയെ ആണു് 27_12_1981_ൽ വിവാഹം കഴിച്ചതു്. ഇവർക്കു ജോസഫ് കുരിയൻ എന്ന ഒരു മകനും മെറീന എന്നൊരു മകളും ഉണ്ടു്.



ആലപ്പാട്ട തോമ കുരിയൻ വിൻസെന്റും കുടുംബവും 1121142

| | | |
|---|---|---|
| 1 | ജോസഫ് കുരിയൻ | 11211421 |
| 2 | മെറീന | 11211422 |

വിൻസന്റ് കെ. ആലപ്പാട്ട്,
കാട്ടൂർ പി. ഒ.
പിൻ. 680 702

**ആലപ്പാട്ടു തോമ കുരിയൻ**

**ജെബ്ക്കോ 1121143**

പറപ്പൂരു പുത്തൂർ ഡോമിനിക്കിൻെറയും തൃശ്ശൂർ ചേററുപുഴക്കാരൻ ലില്ലിയുടെയും മകളായ ലീനയെ ആണ് 23_4_1989_ൽ ശ്രീ. ജെബ്ക്കോ വിവാഹം കഴിച്ചിരിക്കുന്നതു്.


Jabco K. Alapatt,
Estrala Do Mar,
Beach Resort,
COBRAWADD. CALANGUTA
GOA




ആലപ്പാട്ടു തോമ കുരിയൻ ജെബ്ക്കോയും ഭാര്യയും 1121343

## ആലപ്പാട്ട് കുരിയ ഇട്ടൂപ്പ്
## 1121 11212

- മറിയം 112121
- Dr. കുരിയൻ 112122
  - റോസമ്മ 1121221
  - ഇട്ടൂപ്പ് 1121222
    - ലീന 11212221
    - ആനി 11212222
  - ആനി 1121223
  - മാത്തു 1121224
- ലോനച്ചൻ 112123
  - പ്രസന്ന 1121231
  - മീര 1121232
  - നിമ്മി 1121233
  - ബാബു 1121234
  - ഓച്ചി 1121235
- ജോസഫ് 112124
- തോമസ് 112125
  - ആനി 1121251
  - ഇട്ടൂപ്പ് ബാബു 1121252
  - സെബി 1121253
- ത്രേസ്യാമ്മ 112126
- കുഞ്ഞിപ്പാലു 112127
  - ഇട്ടൂപ്പ് 1121271
  - ചാക്കോ 1121272
  - കുരിയൻ 1121273
  - ആനി 1121274
  - ഉണ്ണി 1121275
- റോസി 112128
- Dr. ജേക്കബ് 112129
  - ജോക്കുട്ടൻ 1121291
  - ആനി 1121292
  - മർഗരീത്ത 1121293
- Dr. ജോർജ് 112129 A
  - ആനി 112129 A 1
  - ഇട്ടൂപ്പ് 112129 A 2

### ആലപ്പാട്ടു തോമ കുരിയൻ മകൾ ടെസ്സി 1121145

ശ്രീ. ആലപ്പാട്ട് കുരിയൻെറ മകൾ ടെസ്സിയെ കാഞ്ഞാണിയിൽ ബ്രഹ്മകുളം ശ്രീ. ബി. കെ. റപ്പായിയുടെയും റോസി റപ്പായിയുടെയും മകൻ ജേക്കബ് 25_11_86_നു വിവാഹം കഴിച്ചു. ബി. എ. ബിരുദധാരിയായ ജേക്കബ് കാഞ്ഞാണിയിൽ വ്യാപാരം നടത്തുന്നു. ഇവർക്ക് അരുൺ തോമസ് എന്ന ഒരു മകനുണ്ട്.

### ആലപ്പാട്ടു തോമ മേരി (കൊച്ചുമണ്ടു) 112115

തൊഴക്കാവ്വ മുട്ടിക്കൽ ജോസഫ്‌വൈദ്യരുടെ മകനായ അന്തോണിയാണ് മേരിയെ വിവാഹം കഴിച്ചിരിക്കുന്നതു്. ഇവർക്കു ജാസ്മിൻ, തോമസ്സ്, ജോസ്, ക്ലേരററ എന്നീ നാലു മക്കളുണ്ട്.

---

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു കുഞ്ഞിപ്പാലു കുരിയ ഇട്ടൂപ്പുമകൾ മറിയം 112121

ആലപ്പാട്ട് കുരിയ ഇട്ടൂപ്പുമകൾ മറിയത്തെ ഒല്ലൂർ കാട്ടൂക്കാരൻ ദേവസി അന്തപ്പൻെറയും പുളിക്കൻ അന്തോണി കത്രീനയുടെയും മകനായ കെ. എഫ്. ഫ്രാൻസീസ് 3_6_1934_നു വിവാഹം കഴിച്ചു. അദ്ദേഹം ഡൽഹിയിൽ പ്ലാനിങ്ങ് ഓഫീസ്സറായിട്ടു ജോലിയിൽനിന്നു വിരമിച്ചു.

Mrs. K. A. Francis,
Kattooka an House,
Ollur,
Phone: 532 (ഒല്ലൂർ)



ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു കുഞ്ഞിപ്പാലു കുരിയ ഇട്ടൂപ്പുമകൻ ഡോ. കുരിയനും കുടുംബവും. 112122

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു കുഞ്ഞിപ്പാലു കുരിയ ഇട്ടൂപ്പുമകൻ ഡോ കുരിയൻ 112122

ആലപ്പാട്ടു കുരിയ ഇട്ടൂപ്പിൻെറ രണ്ടാമത്തെ സന്താനവും ആദ്യപുത്രനുമായ ഡോ: കുരിയൻ, തൃശ്ശിനാപ്പിള്ളി സെൻറ്: ജോസഫ്‌കോളേജിലെ പഠനത്തിനുശേഷം മദ്രാസ്‌മെഡിക്കൽകോളേജിൽനിന്നു് എം. ബി. ബി. എസ്. 1948_ൽ പാസ്സായി, നാഗപട്ടണം ഗവർമെണ്ടു് ആശുപത്രിയിൽ 'ഡോക്ടർ ആയി ജോലിയിൽ പ്രവേശിച്ചു. തൃശ്ശൂർജില്ലാ ആശുപത്രിയിൽനിന്നു സൂപ്രണ്ടായി ജോലിയിൽനിന്നു വിരമിച്ചു. ഇതിനിടയ്ക്കു കൽപ്പേനിദ്വീപിൽ ഒരു വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ കാലത്തു് ആ ദ്വീപിലെ ആദ്യത്തെ കോ_ഓപ്പറേററീവ് സൊസൈററി രൂപവത്കരിക്കുകയും അതിൻെറ പ്രസിഡൻറായി സേവനമനുഷ്ഠിക്കുകയും ചെയ്തു. ഡോ: കുരിയൻ മുൻകൈയെടുത്തു പ്രവർത്തിച്ചതിൻെറ ഫലമായി പാലക്കാട്ടു വടവന്നൂർ ഗവ: ആശുപത്രിയിൽ ഓപ്പറേഷൻതിയ്യേററും സ്ത്രീകൾക്കുള്ള വാർഡും പണികഴിപ്പിച്ചു. ഇരിങ്ങാലക്കുട ആശുപത്രിയിൽ തട്ടിൽ കൊച്ചുവറീതുവക വാർഡും ചാലക്കുടി ഗവ: ആശുപത്രിയിൽ ബ്ലഡ്‌ബാങ്കും, ആലുവ ഗവ: ആശുപത്രിയിൽ ബ്ലഡ് ബാങ്കും, തൃശ്ശൂർ ആശുപത്രിയുടെ ശതാബ്ദിക്കെട്ടിടവും പണികഴിപ്പിക്കുവാൻ മുൻപന്തിയിൽ പ്രവർത്തിച്ചു.

തൃശ്ശൂർ ചേററുപുഴക്കാരൻ ലോനപ്പൻമാത്തുവിൻെറയും കൊട്ടേക്കാട്ടു കോനിക്കര ലോനപ്പൻ റോസയുടെയും ഏകമകളായ ആലീസിനെ ഡോ: കുരിയൻ 14_5_1946_ൽ വിവാഹം കഴിച്ചു. ഇവർക്കു നാലു മക്കളും ഉണ്ട്.

| | | |
|---|---|---|
| 1 | റോസമ്മ | 1121221 |
| 2 | ഡോ: ഇട്ടൂപ്പ് | 1121222 |
| 3 | ആനി | 1121223 |
| 4 | ഡോ: മാത്തു | 1121224 |

Dr. A. I. Kuriyan, M. B. B. S.
Alapatt House,
Pallikulam Road,
Trichur - 680 001    Phone : 20466

## ആലപ്പാട്ട് ഇട്ടൂപ്പു കുരിയൻ
### റോസമ്മ 1121221

ആലപ്പാട്ട് ഇട്ടൂപ്പു കുരിയൻമകൾ റോസമ്മയെ വടക്കൻപറവൂർ കാഞ്ഞിരക്കാട്ട തച്ചിൽ വർഗ്ഗീസ് ലോനപ്പൻെറയും തൃശ്ശൂർ ചാക്കോള ലോനപ്പൻമകൾ ഉണിച്ചാരുടെയും മൂത്തപുത്രൻ വർഗ്ഗീസാണ് വിവാഹം കഴിച്ചിരിക്കുന്നതു്. 1-1-1964 ൽ ആയിരുന്നു വിവാഹം. ശ്രീ. വർഗ്ഗീസ് കളമശ്ശേരി F. A. C. T.-യിൽ ഒരു ഉയന്ന എഞ്ചിനീയറാണ്. അവർ ഇപ്പോൾ കളമശ്ശേരി ശാന്തിനഗറിൽ താമസിക്കുന്നു.

Mr. T. L. Varghese B. E.
Santhi Nagar, No. 64,
South Kalamassery.

## ആലപ്പാട്ട് ഇട്ടൂപ്പു കുരിയൻ
### ഇട്ടൂപ്പ് 1121222

ആലപ്പാട്ട ഡോ: കുരിയൻെറ മകൻ ഡോ: എ. കെ. ഇട്ടൂപ്പ് എം. ബി. ബി. എസ്., ഡി. സി. എച്ച്., 1977-ൽ കേരള ആരോഗ്യവകുപ്പിൽ ചേന്നു. ഇപ്പോൾ ഒല്ലൂക്കര(മണ്ണുത്തി)യിൽ താമസിക്കുന്നു. കോതമംഗലം എലഞ്ഞിക്കൽ തരിയൻ ഔസേപ്പിൻെറയും പുത്തൻപള്ളി വാരാപ്പുഴ തളിയത്തു ഡോ: ജേക്കബിൻെറ മകൾ മേരിയുടെയും മകളായ മീലയെ ആണ് 26-1-1978-ൽ വിവാഹം കഴിച്ചിരിക്കുന്നതു്. ഇവക്കു രണ്ടു പെൺകുട്ടികളുണ്ട്.

ലിനി 11212211
അനി 11212212

## ആലപ്പാട്ട് ഇട്ടൂപ്പു കുരിയൻ
### ആനി 1121223

ആലപ്പാട്ട് ഇട്ടൂപ്പു കുരിയൻമകൾ ആനി നരികുളം ഔസേപ്പിൻെറയും വച്ചാപറമ്പിൽ ഏല്യക്കുട്ടിയുടെയും മകൻ ഡോ: പൗലോസാണ് വിവാഹം കഴിച്ചിരിക്കുന്നതു്. 9-1-1972-ൽ ആയിരുന്നു വിവാഹം. ഉടുപ്പിയിലെ മെഡിക്കൽകോളേജിൽനിന്നു് എം. ബി. ബി. എസ്. പാസ്സായി ഇപ്പോൾ ഇംഗ്ലണ്ടിൽ സേവനമനുഷ്ഠിച്ചുവരുന്നു.

| | |
|---|---|
| Dr. N. A. Paulose, | 42, Dirry More R. D. |
| Hospital Hull, | Willely Hull, |
| United Kingdom. | United Kingdom |

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പ്
### കുരിയൻ ഡോ. മാത്തു 1121224

ആലപ്പാട്ട കുരിയ ഇട്ടൂപ്പ കുരിയൻ മാത്തു കോഴിക്കോട്ട മെഡിക്കൽകോളേജിൽനിന്നു് എം. ബി. ബി. എസ്. കഴിഞ്ഞു D. T. M. & H. കല്ക്കട്ട എടുത്തു കേരളമെഡിക്കൽഡിപ്പാർട്ടുമെൻറിൽ തലോർ ഗവ. ആശുപത്രിയിൽ ജോലി നോക്കുന്നു. തൃശ്ശൂർ ചേററുപുഴക്കാരൻ സി. ജെ. മാത്യു(B. E)വിൻെറയും പുത്തൻപള്ളി തളിയത്തു മേരിയുടെയും മകൾ മേരിയാണ് ഭാര്യ. ഇവരുടെ വിവാഹം നടന്നതു് 2-1-1983-ൽ ആണ് ഇവക്കു് ഒരു പുത്രനുണ്ട്.
മാസ്റ്റർ എ. എം. കുരിയൻ

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പ്
### ലോനച്ചൻ 112123



ആലപ്പാട്ട കുരിയ ഇട്ടൂപ്പ് ലോനച്ചനും കുടുംബവും 112123

ആലപ്പാട്ട കുരിയ ഇട്ടൂപ്പമകൻ ലോനച്ചൻ കാട്ടൂർ സ്കൂളിൽനിന്നു് എസ്. എസ് എൽ. സി. പാസ്സായി തൃശ്ശിനാപ്പിള്ളിയിൽനിന്നു പഠനം പൂത്തിയാക്കി സ്വർണ്ണാഭരണവ്യവസായവും ഓയിൽമില്ലും നടത്തിയിരുന്നു. ശ്രീ. ലോനച്ചൻ കാരാഞ്ചിറ അന്തോണി ദേവസ്സിയുടെയും വലിയവീട്ടിൽ പൗലോസ്മറിയത്തിൻെറയും മകളായ ബേബിയെ 25-7-1949-ൽ വിവാഹം കഴിച്ചു. ഇവക്കു് ഒരാൺകുട്ടിയും നാലു പെൺകുട്ടികളുമാണ് ഉള്ളതു്.

| | |
|---|---|
| പ്രസന്ന | 1121231 |
| മീറ | 1121232 |
| നിമ്മി | 1121233 |
| ബാബു | 1121234 |
| റോസ്മോൾ | 1121135 |

A. I. Lonachan,
Alapatt House,
Kattoor-680 702,
Phone: 252, Kattoor-

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പ്
## ലോനച്ചൻ പ്രസന്ന 1121231

ആലപ്പാട്ട ലോനച്ചൻപ്രസന്നയെ പള്ളിപ്പറത്തു കാരൻ ജോസഫിൻെറയും തോട്ടാൻ മാത്തിരിയുടെയും മകനായ ഡോ. പി. ജെ. പോരം ബി. എസ്സ്. സി., എം. ബി. ബി. എസ്, എം. ആർ. സി. പി. (യു. കെ.) ആണ് വിവാഹം കഴിച്ചിരിക്കുന്നതു്. ഇപ്പോരം ഇദ്ദേഹം ലണ്ടനിൽ ഡോക്ടറാണ്.

Dr. P. J. Paul, M R C P (UK)
IIO ECCLFS Field Road,
St. Helenswate 10-5ND,
England U. K.

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പ്
## ലോനച്ചൻ മീറ 1121232

ആലപ്പാട്ട ലോനച്ചൻമകരം മീറയെ തൃശ്ശൂർ കാഞ്ഞിരപ്പറമ്പിൽ ചാക്കണ്ണി മകൻ ഡോ. കെ. സി. പോരം 4_2_ 1970_ന വിവാഹം കഴിച്ചു. ഡോക്ടർ പോരം ഇപ്പോരം തൃശ്ശൂരിൽ ജോലി നോക്കുന്നു.

Dr. K. C. Paul, B Sc, MBBS, F C G P,
Kanjiaraparambil House,
Nehru nagar,
Trichur-6

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പ്
## ലോനച്ചൻ മകൾ നിമ്മി 1121233

ആലപ്പാട്ട് ഇട്ടൂപ്പ ലോനച്ചൻമകരം നിമ്മിയെ പറപ്പൂർ തച്ചിൽ പോരം മകൻ ജോസഫിൻെറയും (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം) കോതമംഗലം പോത്താനിക്കാട്ട് സിസിലിയുടെയും മകനായ പോരം തച്ചിൽ (ബി. ഇ.) 4_2—1973_ൽ വിവാഹംചെയ്തു. ഇപ്പോരം ശ്രീ. പോരം തച്ചിൽ തിരുവനന്തപുരത്തു കേരളപൊതുമരാമത്തുവകുപ്പിൽ എഞ്ചിനീയറായി ജോലിനോക്കുന്നു.

Shri. Paul Thachil,
D/3 Jawahar Nagar,
Trivandrum.

Sri. Paul Thachil
Ex. Engineer,
Kerala state Board for Prevention
and Control of water Pollution,
Trivandrum

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പുമകൻ
## ലോനച്ചൻ ബാബു 1121234



ആലപ്പാട്ട ലോനച്ചൻമകൻ ബാബുവും കുടുംബവും 1121234

ശ്രീ. ആലപ്പാട്ട ലോനച്ചൻ ബാബു എം. എസ്. സി. ബിരുദധാരിയാണ്. ഇപ്പോരം പാലക്കാട്ട് സൗത്ത് ഇൻഡ്യൻബാങ്കിൽ ഓഫീസറാണ്

ഞാറയ്ക്കൽ പുത്തനങ്ങാടി ജോസ് ഹോർമീസിൻെറയും മെർസി പടിയാററിലിൻെറയും മകരം ഷീലയെ 4_9_1983_ൽ ശ്രീ. ബാബു വിവാഹം കഴിച്ചു. ഇവർക്ക രണ്ടു പുത്രന്മാർ ഉണ്ട്.

| | | |
|---|---|---|
| 1 | ജോൺ (ചിക്കു) | 11212341 |
| 2 | ജോസ് (കുക്കു) | 11212342 |

Shri. A. L. Babu, M.Sc,
S/o. Sri A. I. Lonachan,
Alapatt House, Kattoor,

Shri. A. L. Babu,
The South Indian Bank Ltd,
Palghat

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പുലോനച്ചൻ
## മകൾ റോസ്മോൾ 1121235

ശ്രീ. ആലപ്പാട്ട ലോനച്ചൻ റോസ്മോരം മാളയിൽ കള്ളേതൃത്തു ജോസഫിൻെറയും ഞാറയ്ക്കൽ മേനാച്ചേരി മേരിയുടെയും മകനായ സണ്ണിയെ വിവാഹം കഴിച്ചിരിക്കുന്നു. ശ്രീ. സണ്ണി ഇപ്പോരം സെൻറ് അലോഷ്യസ് കോളേജിൽ (എൽത്തുരുത്ത്) അധ്യാപകനാണ്.

Mr. Sunny Kalliath, Lecturer,
St. Allocious College,
Elthuruth, Trichur.

## ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു കുഞ്ഞിപ്പാലു കുരിയ ഇട്ടൂപ്പു ജോസഫ് 112124



ആലപ്പാട്ട് ഇട്ടൂപ്പ ജോസഫും ഭാര്യയും 112124


ആലപ്പാട്ട ജോസഫ് (കൊച്ചൗസേപ്പ്) എറണാകുളം മഹാരാജാസ്കോളേജിൽനിന്ന ബി. എസ്. സി. പാസ്സായി. കാട്ടൂർഹൈസ്കൂളിൽ ഒരു വഷത്തെ സേവനത്തിനുശേഷം മൈസൂരിൽനിന്ന ബി. ഈ. (സിവിൽ എഞ്ചിനീയറിങ്ങ്) 1956_ൽ പാസ്സായി. 1957_ൽ കേരളഗവർമെൻറിൻെറ പൊതുജനാരോഗ്യ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെൻറിൽ ജോലിയിൽ പ്രവേശിച്ചു. അതിനുശേഷം 1959_ൽ കല്ക്കത്തയൂണിവേഴ്സിററിയിൽനിന്ന് എം. ഈ. (പബ്ളിക് ഹെൽത്ത് എഞ്ചി: ഡിഗ്രി) പാസ്സായി.

ശ്രീ. ജോസഫിൻെറ സേവനകാലത്ത് അദ്ദേഹം കോഴിക്കോട്ട്, തൃശ്ശൂർ, ചാലക്കുടി, ആലുവ, എറണാകുളം, ഇരിങ്ങാലക്കുടമുതലായ സ്ഥലങ്ങളിൽ കുടിവെള്ളപ്രൊജക്റ്റുകളുടെ എഞ്ചിനീയർ ആയിരുന്നു. 1982_ൽ റിട്ടയർചെയ്തു.

വാരാപ്പുഴ മണ്ണുംതുരുത്തു ലോനച്ചൻ ചാക്കപ്പൻെറയും മണ്ണുംതുരുത്തു തിളിയത്തു പൗലോസ് കത്രീനയുടെയും പുത്രിയായ ചിന്നമ്മയെ 15_5_1957_ൽ വിവാഹം ചെയ്തു. ഇവക്കു മക്കളും ഇല്ല.

Sri. A. I. Joseph B. Sc, B.E, M.E, (PH)
Alapatt House,
Kattoor, Phone: 391

## ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ് കുഞ്ഞിപ്പാലു കുരിയ ഇട്ടൂപ്പുതോമസ് 112125



ആലപ്പാട്ട് ഇട്ടൂപ്പതോമസും ഭാര്യയും കുടുംബവും 112125

ആലപ്പാട്ട് കുരിയ ഇട്ടൂപ്പുമകൻ തോമസ് തേവര കോളേജിൽനിന്നു പഠനം കഴിഞ്ഞു് ഇൻഡ്യാഗവർമെൻറുവക Central College of Agricultur, Pusa, New Delhi യിൽനിന്നു B. Sc. (Hons) Agri പാസ്സായി, 19 11_1955 തിരു–കൊച്ചിഗവ: കൃഷിഡിപ്പാർട്ടുമെൻറിൽ ജോലിയിൽ പ്രവേശിച്ചു. പിന്നീടു ഡൽഹിയിൽനിന്നു M. Sc. (Agri) പാസ്സായി. 1979-ൽ ഫിലിപ്പൈൻസിലെ മനിലയിലുള്ള International Rice Research Institute-ൽനിന്നു Multiple Cropping-ൽ ഡിപ്ലോമ എടുത്തു. കഴിത്തുറ, നെന്മാറ, കാഞ്ഞങ്ങാട്ട്, പട്ടാമ്പി. മാവേലിക്കര, പാമ്പാടും പാറമുതലായസ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 31-7-1989-ൽ കേരളകാർഷികസർവ്വകലാശാലയിൽ പ്രൊഫസറായി റിട്ടയർചെയ്തു. ഇപ്പോഴും കാഞ്ഞൂർ ഐശ്വര്യഗ്രാമം Save a Family Plan (India)യിൽ അഗ്രിക്കൾച്ചറൽ കൺസൾട്ടൻറായി സേവനമനുഷ്ഠിക്കുന്നു.

അക്കരപ്പററി ചാക്കുണ്ണി സെബാസ്റ്റ്യൻെറയും മാളേക്കൽ ചിതലൻ ഔസേപ്പുണ്ണിമകൾ മേരിയുടെയും (M. T. Mary) മകളായ വത്സയെ 4_5_1959-ൽ വിവാഹം കഴിച്ചു. ഇവർക്കു മൂന്നു മക്കളുണ്ട്,.

1 ആനി 1121251 (Annie Ouseph B.Sc)
2 ഇട്ടൂപ്പ് 1121252 (Babu Thomas B. E)
3 സെബി 1121253

## ആലപ്പാട്ടു കുരിയ ഇട്ടൂപ്പ് തോമസ്
## ആനി 1121251

ഞാറയ്ക്കൽ മാമ്പിള്ളി ചാക്കോമാത്യുവിൻെറയും എറണാകുളം കട്ടിയക്കാരൻ തോമസ്മകൾ അന്നമ്മയുടെയും മകൻ ഔസേപ്പ് 27_12_1977_ൽ ആനിയെ വിവാഹം കഴിച്ചു. ശ്രീ. ഔസേപ്പ് ഭാരതീയസ്റ്റേററ് ബാങ്കിൽ ഓഫീസറാണ്. ആനി ബി. എ. തൃശ്ശൂർ സൗത്ത് ഇന്ത്യൻബാങ്കിൽ ഓഫീസർ ആണ്.

Shri. Ouseph Mathew
C/o. M. C. Mathew,
Maria Villa, Narakkal P. O.
Phone : 268 (Narakacl)

## ആലപ്പാട്ട് ഇട്ടൂപ്പ് ത്രേസ്യാമ്മ 112126

ചിററാട്ടുകര ഞാറയിൽ വടക്കൂട്ടു ചുമ്മാർദേവസ്സിയുടെയും പറപ്പൂർ കുണ്ടുകളം പൊറിഞ്ചുമകൾ മറിയാമ്മയുടെയും മകൻ ഡോ. ചുമ്മാർ ആണ് ത്രേസ്യാമ്മയെ വിവാഹം കഴിച്ചിരിക്കുന്നതു്, ഡോ. വി. ഡി. ചുമ്മാർ കേരളമെഡിക്കൽസർവ്വീസിൽ ഡിസ്ട്രിക്ററ്മെഡിക്കൽ ഓഫീസറായി റിട്ടയർചെയ്തു.

Dr. V. C. Chummar,
Narayil Vadakkuttu
Chittattukara,
Via. Trichur.

## ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പ്
## കുഞ്ഞിപ്പാലും കുരിയ ഇട്ടൂപ്പ്
## കുഞ്ഞിപ്പാലു 112127



ആലപ്പാട്ട് ഇട്ടൂപ്പ കുഞ്ഞിപ്പാലും കുടുംബവും 112127

ആലപ്പാട്ട് ഇട്ടൂപ്പു കുഞ്ഞിപ്പാലു കാട്ടൂർ ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. കാട്ടൂരിൽ തന്നെയുള്ള റൈസ്മിൽ ഓയിൽമിൽതുടങ്ങിയവ നടത്തുകയും പിന്നീടു ജിയോ എൻറർപ്രൈസസ് എന്ന സ്ഥാപനത്തിൻെറ മാനേജർ ആയി ജോലി നോക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. കുഞ്ഞിപ്പാലു കാട്ടൂർ പഞ്ചായത്തുമെമ്പറായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പരിയാരത്തു കിഴക്കൂടൻ കുരിയപ്പൻ ചാക്കപ്പൻെറയും പറപ്പൂർ കുണ്ടുകുളങ്ങര വാറുണ്ണിമകൾ റോസാക്കുട്ടിയുടെയും മകളായ രമണിയെ 4. 5_1959_ൽ കുഞ്ഞിപ്പാലു വിവാഹം കഴിച്ചു. ഇവർക്കു നാലു് ആൺകുട്ടികളും ഒരു പെൺകുട്ടിയും ഉണ്ട്.

| | | |
|---|---|---|
| 1 | A. P. ഇട്ടൂപ്പ് B. Sc. | 1121271 |
| 2 | ചാക്കോ M. Sc. | 1121272 |
| 3 | കുരിയൻ B. A. | 1121273 |
| 4 | ആനി B. A. | 1121274 |
| 5 | ജോൺ (ഉണ്ണി) | 1121275 |

A. I. Paul,
Alappatt House,
Kattoor.
Phone : 378

### ആലപ്പാട്ട് ഇട്ടൂപ്പു പോൾ മകൻ ഇട്ടൂപ്പ് 1121271

പെരിങ്ങോട്ടുകര നടയ്ക്കലാൻ ഡി. പപ്പുണ്ണിയുടെയും പൈനാടത്തു് ആനീസിൻെറയും മകൾ റീദയെയാണ് ഇട്ടൂപ്പ് വിവാഹം കഴിച്ചിരിക്കുന്നതു്. ശ്രീ. ഇട്ടൂപ്പ് തൃശ്ശൂർ സൗത്ത് ഇന്ത്യൻബാങ്കിൽ സേവനമനുഷ്ഠിക്കുന്നു.

### ആലപ്പാട്ട് ഇട്ടൂപ്പു പോൾ മകൾ ആനി 1121274

പാവട്ടി ഒലക്കേങ്കൽ വർഗ്ഗീസിൻെറയും തൃശ്ശൂർ പല്ലൻ കൊച്ചു മകൾ ചെറിയ തങ്കമ്മയുടെയും മകൻ ജീവൻ ആനിയെ 1_11_1987_ൽ വിവാഹംചെയ്തു. ശ്രീ. ജീവൻ കാത്തലിക്സിറിയൻബാങ്ക് കോയമ്പത്തൂർശാഖയിൽ ഓഫീസ്സർ ആണ്.

Shri Olakkangal Varghese Jeevan
NehruNagar,
Kuriachira, Trichur.

### ആലപ്പാട്ട് ഇട്ടൂപ്പുമകൾ റോസി 112128

ആലപ്പാട്ട് ഇട്ടൂപ്പ്മകൾ റോസിയെ എറണാകുളം പറമ്പി വർഗ്ഗീസ് ലോനപ്പൻെറയും പാവലങ്ങരി പാലാട്ടി ഉറുമീസിൻെറ മകൾ അച്ചാമയുടെയും മകനായ പി. എൽ. ജോർജ്ജ് (ബി. ഇ.) 1952 മെയ് 19_ന്ന വിവാഹം കഴിച്ചു. പീച്ചിഡാംനിർമ്മാണത്തിൽ കാര്യമായ പങ്കു വഹിച്ചിട്ടുള്ള ഇദ്ദേഹം, കേരളസംസ്ഥാന പി. ഡബ്ല്യിയു. ഡി. ഇറിഗേഷൻ (ജലസേചനാവിഭാഗത്തിൽ) ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്തു.

Mrs. Rosy George,
Parambil House,
Nehru Nagar, 212,
Kuriachira, Trichur-6 Phone : 24926

### ആലപ്പാട്ടു കാക്കപ്പൻ ഔസേപ്പു കുഞ്ഞിപ്പാലു കുരിയ ഇട്ടൂപ്പു കാക്കപ്പൻ (Dr. A. I. Jacob) 112129

ഡോ: ജേക്കബ് കട്ടക്ക് മെഡിക്കൽകോളേജിൽനിന്നു് 1964-ൽ M. B. B. S.-ഉം പാററ്ന മെഡിക്കൽ കോളേജിൽനിന്നു് 1968_ൽ M. D.-യും എടുത്തു. കേരളഗവർമ്മെൻറിൽ ചാലക്കുടി, ഇരിങ്ങാലക്കുടമുതലായ സ്ഥലത്തു സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോഴും ഇരിങ്ങാലക്കുടയിൽത്തന്നെ പ്രാക്ടീസ്ചെയ്യുന്നു.



ആലപ്പാട്ടു കരിയ ഇട്ടൂപ്പു കാക്കപ്പ (Dr. A. I. Jacob) നം കുടുംബവും 112129

പടിഞ്ഞാറത്തല ഔസേപ്പ് അന്തോണിയുടെയും കണ്ണംപുള്ളി ചാക്കപ്പൻമകരം മർഗരീററയുടെയും മകളായ ലീലാമ്മയെ 6_2_1967–ൽ വിവാഹം കഴിച്ചു. ഇവക്കു മൂന്നു മക്കളും ഉണ്ടു്. ജോക്കുട്ടൻ മെഡി: വിദ്യാത്ഥിയാണു്.

| | | |
|---|---|---|
| 1 | ജോക്കുട്ടൻ | 1121291 |
| 2 | ആനി | 1121292 |
| 3 | മർഗറീത്ത | 1121293 |

Dr. A. I. Jacob, M. B. B. S., M. D.
